# ക്രൈസ്തവ കാഹളം

'ഒരു കർത്താവും
ഒരു വിശ്വാസവും
ഒരു മാമോദീസായും'

DHARMARAM
BANGALORE



"കർത്താവെ, നിന്റെ ആശ്രയത്തിൽ മരിച്ച്
നിന്റെ വരവിനായി നോക്കിപ്പാർക്കുന്ന
ഞങ്ങളുടെ മരിച്ചുപോയവരെ
നീ ആശ്വസിപ്പിക്കണമെ".

Vol. XXIV
November 1965
No. 11.

വരിസംഖ്യ മുൻകൂർ 3 ക.
വിദേശങ്ങളിൽ 4 ക.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ

പേജ്

1. പത്രാധിപക്കുറിപ്പുകൾ. 333
2. സീയോൻ കാഹളത്തിന്റെ ദൂതുപദേശം
— (വന്ദ്യ വിവ്യ ശ്രീ. പീലിപ്പോസ് റമ്പാൻ) 335
3. പ്രേഷിതരാകുക (റൈററു് റവ. മോൺ. സി. ററി. കുരുവിള) 337
4. അല്മായർ കൗൺസിൽ വീക്ഷണത്തിൽ (ഗീ. പെരുമല) 351
5. വിശുദ്ധ ഡോൺ ബോസ്കോ (സി. കെ. ശാമുവേൽ) 345
6. ധ്യാനചിന്തകൾ (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പ) 349
7. ദൈവമാതാവും ഓർത്തഡോക്സ് സഭയും (തുടർച്ച)
(റവ. ഫാ. സി. എ. എബ്രഹാം) 352
8. മനുഷ്യപുത്രൻ (മാത്യു പടിഞ്ഞാറേതിൽ, പൂനാ.) 359
9. കത്തോലിക്കാസഭയിലേക്ക് (കെ. സി. മാത്യു) 361
10. അതിരൂപതവാർത്തകൾ —മിഷ്യൻസൺഡെ പിരിവ്.

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

പുസ്തകം 24. | നവംബർ 1965. | ലക്കം 11.

## പത്രാധിപക്കുറിപ്പുകൾ

### നവീനവീക്ഷണം

കാലത്തിൻെറ സ്പന്ദനങ്ങൾ ശരിക്കു ഗ്രഹിക്കുകയും രണ്ടാം വത്തിക്കാൻ കൗൺസിൽ തുറന്നിട്ട ജാലകത്തിലൂടെ നോക്കുകയും ചെയ്യുന്ന പക്ഷം സഭയെക്കുറിച്ചും ഇടവകയെക്കുറിച്ചും സഭാകാര്യങ്ങളിലും ഇടവകക്കാര്യങ്ങളിലും ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട പങ്കിനെക്കുറിച്ചും, സാധാരണ വിശ്വാസികൾക്കും സഭാശുശ്രൂഷയിലും ഇടവകയുടെ ശുശ്രൂഷയിലും വൈദികർക്കും നവീനമായ ഒരു വീക്ഷണം ആവശ്യമാണെന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരും.

കാലത്തിൻെറ മാററവും ആ മാററം ആളുകളുടെ ജീവിതത്തിലും ചിന്തകളിലും ഉളവാക്കിയിട്ടുള്ള സ്വാധീനശക്തിയും ഗ്രഹിക്കാതെ കഴിഞ്ഞുകൂടുന്ന വൈദികരും അത്മായരും ധാരാളമുള്ള ഒരു നാടാണ് നമ്മുടെ കേരളം. അവർക്കു എല്ലാം പഴയപടിതന്നെ. വൈദികകർമ്മങ്ങളനുഷ്ഠിക്കുന്നതിൽ കൂടുതൽ തങ്ങൾക്കൊന്നും ചെയ്യാനില്ലെന്നു വൈദികരും പള്ളിയിൽ പോകുകയും വി. കർബാന കാണുകയും കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്നതിൽ കൂടുതൽ തങ്ങൾക്കൊന്നും ചെയ്യാനില്ലെന്നു അത്മായരും കരുതുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ കത്തോലിക്കാസമുദായം ആരോഗ്യം പുറമേ തോന്നിക്കുന്ന ഒരു ക്ഷയരോഗിയെപ്പോലെയാണെന്നു പ്രസ്താവിക്കുവാൻ ഞാൻ മടിക്കുന്നില്ല. വി. പൗലോസ് ഗലാത്യർക്കെഴുതിയ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ ഗലാത്യരുടെയിടയിലുണ്ടായിരുന്ന ദുഷിച്ച ജീവിതരീതികളെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതു് കേരളത്തിലെ കത്തോലിക്കാ സമുദായത്തോടും ഇന്നു ശ്ലീഹാ പറയുമെന്നു ഞാൻ കരുതുന്നു. പ്രത്യേകിച്ചു്, ശത്രുത, തർക്കം, പക, കോപം, ശാഠ്യം, ഭിന്നതകൾ, കക്ഷിമത്സരം, അസൂയ"–ഇവയെക്കുറിച്ചു്. (ഗലാ. 5, 20-21) സഭയെന്നും സമുദായമെന്നുമുള്ള പദങ്ങൾക്കു ഒററ അർത്ഥമല്ലാ ലേഖിതാവു വിവക്ഷിക്കുന്നതു്. പക്ഷേ, സമുദായത്തിലെ ഈ ഏടാകൂടങ്ങളൊക്കെയും സഭയ്ക്കു ഹാനികരമാണെന്നുള്ള വസ്തുത വിസ്മരിക്കാതിരിക്കുക.

മനുഷ്യൻ കേവലം ആധ്യാത്മിക ജീവിമാത്രമല്ലാ, കേവലം ഭൗതികജീവിമാത്രവുമല്ലാ. ആധ്യാത്മികതയിൽക്കൂടി ദൈവത്തെ പ്രാപിക്കേണ്ട ജീവിയാണല്ലോ മനുഷ്യൻ. കേവലം ഭൗതികകാര്യങ്ങളുടെ നീർച്ചുഴിയിൽ വീണുപോകുന്ന

മനുഷ്യനെ ആധ്യാത്മികതയുടെ സഹായം വഴി രക്ഷിക്കേണ്ട ചുമതല സഭയ്ക്കുണ്ടെന്നുള്ളതു് അനുക്താസിദ്ധമത്രെ. മനുഷ്യന്റെ സാമൂഹികവും സാമുദായികവും സാമ്പത്തികവുമായ ജീവിതമണ്ഡലങ്ങളിലേക്കു സഭാശുശ്രൂഷകർ സേവനത്തിന്റെ ദീപവുമായി കടന്നുചെല്ലണം. ആ സേവനത്തിന്റെ വെളിച്ചം ചില മൂങ്ങകൾക്കു അസുഖമുണ്ടാക്കുമെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. സഭ ദൈവത്തിന്റെ ജനമാണ്. ദൈവത്തിന്റെ ജനത്തിനു യോജിക്കാത്ത പലതും മാനുഷികദൗർബല്യങ്ങൾ മൂലം സഭാംഗങ്ങളിൽ കടന്നുകൂടുമെന്നുള്ളതു തീർച്ച. ആ ദൗർബല്യങ്ങൾ മാററി ദൈവത്തിന്റെ ജനത്തിനുണ്ടായിരിക്കേണ്ട ആദർശധീരത ഉയർത്തിപ്പിടിച്ചു മുന്നോട്ടു പോകുന്നതിനു വേണ്ട രംഗസജ്ജീകരണം ചെയ്യേണ്ട ചുമതല വൈദികർക്കും സാധാരണ വിശ്വാസികൾക്കും ഒരുപോലെയുണ്ടു്. നമ്മുടെ ആളുകൾ പലപ്പോഴും താത്വിക രീതിയിൽ ചിന്തിക്കയില്ല. ഒരു വൈദികനിൽ ഒരു തെററു കണ്ടാൽ എല്ലാ വൈദികരും അവരുടെ ദൃഷ്ടിയിൽ കുററമുള്ളവരാകും. എന്നാൽ ഒരു സാധാരണക്കാരനിൽ ഒരു തെററു കണ്ടാൽ അയാൾ മാത്രമാണു കുററക്കാരൻ.

വർത്തിക്കാൻ ന്യൂനഹൃദോസ് അഭിപ്രായസ്വാതന്ത്ര്യത്തിനുള്ള പുതിയ ഒരാവേശം എല്ലാവർക്കും നൽകിയിട്ടുണ്ടു്. അഭിപ്രായ സ്വാതന്ത്ര്യം നല്ലതുതന്നെ, അത്യാവശ്യവുമാണ്. പക്ഷേ, അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പേരിൽ സംഹാരകമായ വിമർശനങ്ങൾ പാടില്ല. തെററുകൾ ചൂണ്ടിക്കാണിക്കാം, ചൂണ്ടിക്കാണിക്കേണ്ട രീതിയിൽ. സഭയിലെ അധികാരം ദൈവദത്തമാണ്, മനുഷ്യരിൽ നിന്നുള്ള അധികാരമല്ലാ അതു്. അധികാരികളെ അതിരു കവിഞ്ഞു വിമർശിക്കുക ക്രിസ്തീയരീതിയുമല്ല. പക്ഷേ, ഇന്നു് വിമർശനസ്വാതന്ത്ര്യത്തിന്റെയും അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും പേരിൽ പത്രമാസികകളിൽ ക്രിസ്തീയരീതിക്കു അനുയോജ്യമല്ലാത്ത വിമർശനകോലാഹലങ്ങൾ നടമാടുകയാണ്.

കാലത്തിനനുസരിച്ചു് എല്ലാക്കാര്യങ്ങളിലും പരിവർത്തനമാവശ്യമില്ല. എന്നാൽ പരിവർത്തനമാവശ്യമുള്ള മണ്ഡലങ്ങളിൽ പരിവർത്തനമുണ്ടായേ മതിയാവൂ. അപ്പോൾ പൊതുനന്മയെന്ന ലക്ഷ്യത്തെക്കരുതി നാമും ആ നല്ല പരിവർത്തനങ്ങൾ സ്വാഗതം ചെയ്യേണ്ടതുണ്ടു്. പഴയതെല്ലാം കൊള്ളരുതാത്തതല്ല, പുതിയതെല്ലാം നല്ലതുമല്ല; കൊള്ളരുതാത്തതു തള്ളിയും നല്ലതു സ്വീകരിച്ചും മുന്നോട്ടു പോകുവാനാണു നാം ശ്രമിക്കേണ്ടതു്. സഭയുടെ വിശ്വാസവും സന്മാർഗ്ഗപ്രമാണങ്ങളും മാററത്തിനു വിധേയമല്ലെന്നു നമുക്കറിയാം. പക്ഷേ, ചില ആചാരങ്ങൾ, ചില ചിന്താഗതികൾ—ഇവയൊക്കെ മാററാവുന്നവയാണ്. അതിലാരും പരിഭ്രമിക്കേണ്ട കാര്യവുമില്ല

## സന്ദർഭത്തിനൊത്തുയരുക

സാധാരണയായി ആധ്യാത്മിക കാര്യങ്ങളാണല്ലോ ഈ പംക്തിയിൽ ചർച്ചചെയ്യപ്പെടുക. ഈ പ്രാവശ്യം അതിനൊരു മാററം വരുത്തുകയാണ്.

നമ്മുടെ മാതൃഭൂമി ഇപ്പോഴും യുദ്ധത്തിന്റെ കരിനിഴലിലാണു് കഴിയുന്നതു്. വേറൊരു വിധത്തിൽ പറഞ്ഞാൽ യുദ്ധത്തിന്റെ കെടുതികളിൽ കിടന്നു കഷ്ടപ്പെടാനുള്ള സാധ്യതയിലാണു് നാമിന്നു ജീവിക്കുന്നതു്. അങ്ങു് ഇന്ത്യയുടെ വടക്കും വടക്കുപടിഞ്ഞാറും ജീവിക്കുന്നവരെപ്പോലെ നാം യുദ്ധത്തിന്റെ ദുർഭഗസംഭവങ്ങൾക്കു സാക്ഷിനിന്നിട്ടില്ലെങ്കിലും ഇന്ത്യയെ ഒന്നായി കാണാൻ നാം പരിശീലിക്കുമ്പോൾ ആ സംഭവങ്ങൾക്കു നാമും ദൃക്സാക്ഷികളാണെന്നു തന്നെ നാം കരുതേണ്ടിയിരിക്കുന്നു. ഏതെല്ലാം വിധങ്ങളിൽ, ഏതെല്ലാം രംഗങ്ങളിൽ, മാതൃഭൂമിയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കാൻ കഴിയുമോ ആ രംഗങ്ങളിലെല്ലാം അങ്ങനെ ചെയ്യുവാൻ നമുക്കു കടമയുണ്ടു്. നമ്മാൽ കഴിയുന്നവിധം പ്രതിരോധയത്നങ്ങളിൽ നാം പങ്കെടുക്കേണ്ടതുണ്ടു്.

കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ തീർച്ചയായും നമുക്കു കഴിയും. കുറെ നല്ല പച്ചക്കറിസാധനങ്ങളെങ്കിലും നട്ടുണ്ടാക്കിയാൽ അത്രയും നന്നു്. ഭക്ഷ്യദൗർലഭ്യത്തിനൊരു പരിഹാരവും ആരോഗ്യത്തിനഭിവൃദ്ധിയും ആ സംരംഭം മൂലമുണ്ടാകും. ഇക്കാര്യത്തിൽ ഇടവ

# സീയോൻ കാഹളത്തിൻെറ ദുരുപദേശം

## (വന്ദ്യദിവ്യശ്രീ പീലിപ്പോസ് റമ്പാൻ)

പെന്തിക്കോസ്തുകാരുടെ സീയോൻ കാഹളം എന്ന മാസികയിൽ "ക്രൈസ്തവസഭകളിലെ മറിമായങ്ങൾ" എന്ന ശീർഷകത്തിൽ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ ഒരു പത്രാധിപ



ലേഖനം പ്രസിദ്ധം ചെയ്തുവരുന്നു. വേദപുസ്തകത്തിന് വിരുദ്ധമായ തെററിദ്ധാരണകളും പഴയ സഭകളെക്കുറിച്ചുള്ള നിന്ദാപവാദങ്ങളും പരത്തുന്ന ഒരു ലേഖനമാണതു്. അതിലെ വാചകങ്ങൾ ഉദ്ധരിച്ചു മറുപടി എഴുതുന്നതായാൽ ക്രൈസ്തവകാഹളത്തിൻെറ അനവധി പുറങ്ങൾ അതിനുപയോഗിക്കേണ്ടിവരും. അതിനാൽ ഓരോ വിഷയങ്ങൾ ഉദ്ധരിച്ചു കാൎയ്യം പറയുന്നതിനേ ഉദ്ദേശിക്കുന്നുള്ളു.

മാമോദീസാ വീണ്ടും ജനനമാണെന്നു് പഴയ സഭകൾ പറയുന്നതു് വേദാനുസരണമല്ലെന്നും മാനസാന്തരം മൂലമാണു് വീണ്ടും ജനനം നടക്കുന്നതെന്നും വീണ്ടും ജനനമെന്നതു ദ്വിജന്മാരായ ബ്രാഹ്മണരെ കണ്ടു പഠിച്ചതാണെന്നും പത്രാധിപർ പറയുന്നു. ഇതു ശരിയല്ല തീത്തോസിനുള്ള ലേഖനത്തിൽ വി. പൌലൂസ് ഇങ്ങനെ എഴുതിയിരിക്കുന്നു: "നാം നിത്യജീവൻെറ അവകാശികളായിത്തീരുന്നതു് പുനർജ്ജനനമാകുന്ന സ്നാനം കൊണ്ടും പരിശുദ്ധാത്മാവിൻെറ പുതുക്കത്താലും ആകുന്നു" (തീത്തോ. 3, 6-7.) ഈ വാക്യത്തിൽ പുനർജ്ജനനമാകുന്ന സ്നാനം എന്നു പൌലൂസ് പറയുന്നതും പഴയ സഭകൾ വീണ്ടും ജനനമാകുന്ന മാമോദീസാ എന്നു പറയുന്നതും ഒന്നുതന്നെയല്ലേയോ? ആ സ്ഥിതിയ്ക്കു് വേദപുസ്തകത്തിനെതിരായ ഒരു മറിമായമായി അതിനെ താറടിച്ചു തള്ളുന്നതു് ശരിയാണോ? അതു പത്രാധിപരുടെ ഒരു മറിമായമല്ലേയോ? വായനക്കാർ വിധിക്കട്ടെ

മാനസാന്തരവും ഏററുപറച്ചിലും ആണു വീണ്ടും ജനനമെന്നു് പത്രാധിപർ പറയുന്നതു

---

കയിലെ വൈദികർ, പൊതുജന പ്രവർത്തകർ മുതലായവർ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നു പറയുമ്പോൾതന്നെ പലരും നെററി ചുളിച്ചേക്കും. നല്ല അടുക്കളത്തോട്ടങ്ങൾ നമ്മുടെ ഓരോ വീടിനു ചുററും ഉണ്ടാകണം. പള്ളിവക ശവക്കോട്ടയും പള്ളിമുററവും കഴിഞ്ഞു സ്ഥലമുണ്ടെങ്കിൽ ആ സ്ഥലത്തു് നല്ല മാതൃകാ കൃഷിത്തോട്ടങ്ങൾ എന്തുകൊണ്ടു വൈദികർക്കു ആരംഭിച്ചുകൂടാ? ആ കൃഷിത്തോട്ടത്തിൽനിന്നു നല്ലയിനം തൈകളും വിത്തുകളും അളുകൾക്കു വിതരണം ചെയ്യാനൊക്കും. മാമൂൽരീതിക്കു അതുമിതും നട്ടുന്നതല്ലാ, കൃഷിത്തോട്ടംകൊണ്ടു ഞാനുദ്ദേശിക്കുക. നല്ലയിനം വാഴകൾ, പച്ചക്കറിത്തൈകൾ, കപ്പം ഒക്കെയാണു ഞാനുദ്ദേശിക്കുന്നതു്. ഒരു നാട്ടിൽ ഇല്ലാത്ത ഇനം, എന്നാൽ ആ നാട്ടിൽ ഉണ്ടാകുമെന്നു് ഉറപ്പുള്ള ഇനം പച്ചക്കറിത്തൈകൾ വച്ചുപിടിപ്പിച്ചു പരീക്ഷിച്ചു നോക്കരുതോ?

ഇങ്ങനെ കൃഷികാൎയ്യത്തിലും അല്പമൊന്നു ശ്രദ്ധവച്ചാൽ നാട്ടിനു് അതുപകാരമാകും. അതുമൂലം ഇടവകയിൽ അഭിവൃദ്ധിയുമുണ്ടാകും. എന്താ, ഒന്നു പരീക്ഷിച്ചു നോക്കരുതോ?

ശരിയല്ല ആദ്യജനനമായാലും വീണ്ടും ജനനമായാലും അവ, ഒരുവൻ് സ്വയം സാധിക്കാവുന്ന ഒന്നല്ല. ജനിക്കണമെങ്കിൽ ജനിപ്പിക്കാനൊരുവൻ വേണം. സ്വയമായി ഒന്നും ഉണ്ടാകുന്നതല്ല. മാനസാന്തരവും ഏററുപറച്ചിലും ഒരുവൻ് തനിച്ചു നേടാവുന്ന സംഗതികളാണ്. ജനനം ഒരുവനും തനിച്ചു നേടാവുന്നതല്ല. ജനിച്ചവരാരും സ്വന്ത ഇഷ്ടത്താൽ ജനിച്ചവരല്ല വേറൊന്നിനാൽ ജനിപ്പിക്കപ്പെട്ടവരാണ്, മാമോദീസാ തന്നെത്താൻ മുങ്ങിയാൽ മതിയെന്ന് പെന്തിക്കോസ്തുകാരും പറയുമെന്നു തോന്നുന്നില്ല. വേറൊരാൾ സ്നാനപ്പെടുത്തുകയാണല്ലോ അവരുടെ കൂട്ടത്തിലും ചെയ്യുന്നത്. അതിനാൽ മാനസാന്തരം മൂലം തന്നെത്താൻ പുനർജനനം സ്വീകരിക്കാൻ സാധിക്കുന്നതല്ല എന്നു ഗ്രഹിക്കാം.

പാപത്തിൻെറ ശിക്ഷയ്ക്കർഹരായവരെ ക്രിസ്തുമൂലമുള്ള രക്ഷയ്ക്ക് അർഹരാക്കി ദത്തെടുക്കുമ്പോൾ അതു ഒരു വീണ്ടും ജനനമാകും. അതിലേക്ക് ക്രിസ്തു ഏർപ്പെടുത്തിയതാണു വീണ്ടും ജനനം അല്ലെങ്കിൽ മാമോദീസാ എന്ന കർമ്മം. അതിനാൽ മാമോദീസാ വീണ്ടും ജനനമാണ്. "ഒരുവൻ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും വീണ്ടും ജനിക്കുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല" (യോഹ. 3. 5.) എന്ന് ക്രിസ്തു തന്നെ തീർത്തു പറഞ്ഞിരിക്കുന്നു. അതിൽനിന്നും മാമോദീസാ ഏൽക്കാത്തവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ലെന്നു വരുന്നു. ശിശുക്കളെ എൻെറ അടുക്കൽ വരുവാൻ വിടുവിൻ. സ്വർഗ്ഗരാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു എന്ന് കർത്താവു പറഞ്ഞിരിക്കുന്നു. (മത്താ. 19, 14.) (മർക്കോ. 10, 14.) (ലൂക്കാ. 18, 16.) ഇതിൽനിന്നും ശിശുക്കൾക്കും സ്വർഗ്ഗരാജ്യമനുഭവിക്കാമെന്നു വരുന്നു. ഒരു ശിശു അതിൻെറ അപ്പൻെറയും അമ്മയുടെയും സാന്നിദ്ധ്യത്തിലുള്ള സന്തോഷം അനുഭവിക്കുന്നു എന്ന് അതിൻെറ ചിരികൊണ്ടു് നമുക്കു മനസ്സിലാക്കാം. അതുപോലെ ശിശുക്കളുടെ ആത്മാക്കൾക്ക് ദൈവസാന്നിദ്ധ്യവും അനുഭവിക്കാം. "നമ്മെ ഇരുട്ടിൻെറ അധികാരത്തിൽനിന്നു വിടുവിച്ചു തൻെറ സ്നേഹത്തിൻപുത്രൻെറ രാജ്യത്തിലേക്ക് ആനയിക്കുകയാണ് യേശു ചെയ്യുന്നത്" (കൊലോ. 1, 13.) നമ്മെ ദത്തെടുത്താണ് യേശുക്രിസ്തു നമ്മെ രക്ഷിക്കുന്നതു് (എഫേ. 1, 5.) ഇരുട്ടിൻെറ അധികാരത്തിൽ നിന്നു വിടുവിച്ചു ദൈവത്തിൻെറ പുത്രസ്ഥാനത്തേക്ക് ദത്തെടുക്കുന്നതു് കുഞ്ഞുങ്ങളെയുമാകാം.

രക്താംബരം വിൽക്കുന്നവളായ ലുദിയായുടെ വിശ്വാസത്തെ സ്വീകരിച്ചുകൊണ്ടു് അവളെയും അവളുടെ കുടുംബത്തെയും (അതായതു് കുഞ്ഞുങ്ങളെയും) സ്നാനപ്പെടുത്തിയതായി അപ്പോസ്തലന്മാരുടെ നടപടിപ്പുസ്തകത്തിൽ കാണുന്നു. (നട. 16, 14-15) അവളുടെ കുടുംബമെന്നു പറയുന്നതിൽ പ്രായമായവരുണ്ടായിരുന്നെങ്കിൽ അവരും വിശ്വാസം ഏററുപറയേണ്ടതായിരുന്നു. അങ്ങിനെ ഏററുപറയിച്ചതായി വേദപുസ്തകം സാക്ഷിക്കുന്നില്ല. വിശ്വാസം ഏററുപറയിക്കാതെ പ്രായമായവരെ സ്നാനപ്പെടുത്തുന്നതു തെററാണ്. അതിനാൽ ലുദിയായുടെ വിശ്വാസത്തെ മാത്രം ആധാരമാക്കി സ്നാനം കഴിപ്പിച്ച അവളുടെ കുടുംബം അവളുടെ പ്രായമാകാത്ത കുഞ്ഞുങ്ങളാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. വേദപുസ്തകത്തിലുള്ള ഈ സംഗതി പത്രാധിപർ നിഷേധിക്കുന്നതു ശരിയല്ല. അതു വലിയ ഒരു അപരാധമാണ്. അതിനാൽ ശിശുസ്നാനം വേദാനുസരണമല്ലെന്നുള്ള പത്രാധിപരുടെ വാദം തെററാണ്.

അവിശ്വസിക്കുവാൻ തക്ക പ്രായമായവരെ വിശ്വാസം ഏററുപറയിച്ചുമാത്രമേ സ്നാനപ്പെടുത്തുകയുള്ളൂ. കാരണം അവിശ്വാസം ദൈവകൃപയുടെ പ്രവർത്തനത്തെ തടയും. ക്രിസ്തുവിനു തൻെറ സ്വന്ത നാട്ടുകാരുടെ അവിശ്വാസം നിമിത്തം അവിടെ വലുതായൊന്നും ചെയ്യുവാൻ കഴിഞ്ഞില്ലെന്ന് മർക്കോസ് എഴുതിയിരിക്കുന്നു. (മർക്കോ. 6, 1-6) എന്നാൽ ദൈവകൃപയെ തടയുന്ന അവിശ്വാസം കുഞ്ഞുങ്ങളിലില്ല. അതിനാൽ മദ്ധ്യസ്ഥന്മാരുടെ അപേക്ഷയും ഏററുപറച്ചിലും സ്വീകരിച്ച് കുഞ്ഞുങ്ങളെ സ്നാനപ്പെടുത്താം. രക്ഷകർത്താക്കൾ കുഞ്ഞുങ്ങളുടെ ചുമതല

(ശേഷം 365-ാം പേജിൽ)

# പ്രേഷിതരാകുക.

(റൈററ് റവ. മോൺ. സി. ററി. കുരുവിള)

നാം ആചരിക്കുന്ന പ്രധാനപ്പെട്ട രണ്ടു തിരുനാളുകളാണ് മിഷൻ ഞായറും രാജത്വത്തിരുനാളും. ഈ വർഷം ഈ തിരുനാളുകൾ യഥാക്രമം ഒക്ടോബർ 24—ം 31—ം തീയതികളിൽ നാം ആചരിക്കുന്നു. നമ്മുടെ കർത്താവിന്റെ ഇഹലോകജീവിതത്തിന്റെ അവസാനനാളിൽ തന്റെ അന്ത്യശാസനമായി തിരുസഭയെ അവളുടെ പ്രഥമവും പ്രധാനവുമായ ചുമതല അനുസ്മരിപ്പിച്ചുകൊണ്ട് അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്തു: "ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് മാമ്മോദീസാ നൽകി, ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28, 19-20.) ഈ സ്വർഗ്ഗീയസന്ദേശം ഇന്നും നമ്മുടെ കാതുകളിൽ പ്രതിധ്വനിക്കുകയാണ്. ഈ സന്ദേശം നിമിത്തം പ്രേഷിതപ്രവർത്തനം തിരുസഭയുടെ ഒരു പ്രധാന ലക്ഷണമായിത്തീർന്നിരിക്കുന്നു. പ്രേഷിതപ്രവർത്തനമില്ലാത്ത സഭയെ വിഭാവനം ചെയ്യുന്നതിനുതന്നെ നമുക്കു സാധ്യമല്ല.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പ്രേഷിതപ്രവർത്തനത്തെ തിരുസഭയുടെ അനേക പ്രവർത്തനപദ്ധതികളിൽ ഒന്നായിട്ടു മാത്രമല്ല കാണുന്നത്. തിരുസഭാസ്ഥാപനോദ്ദേശ്യംതന്നെ കരഗതമാകുന്നതിനു അത്യന്താപേക്ഷിതമായ ഒരു കാര്യമാണു പ്രേഷിതപ്രവർത്തനം എന്നത്രേ സൂനഹദോസിന്റെ അഭിപ്രായം. തിരുസഭയിൽ പ്രേഷിതപ്രവർത്തനം അന്തർലീനവും സഭയിലെ ഓരോ അംഗവും ഓരോ പ്രേഷിതനുമാണ്. തിരുസഭ അതിന്റെ അംഗങ്ങളിൽനിന്നും വിഭിന്നമല്ല. നേരെമറിച്ച് അംഗങ്ങളാണ് സഭ. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഒരിക്കൽ വിശ്വാസികളെ അഭിസംബോധനചെയ്തുകൊണ്ട് "നിങ്ങളാണു സഭ" എന്നു കല്പിക്കുകയുണ്ടായി. ക്രിസ്ത്യാനി എന്ന പേരിനർഹതയുള്ള ആരെയും പ്രേഷിതപ്രവർത്തനത്തിൽനിന്നും ഒഴിവാക്കുവാൻ സാധ്യമല്ല

ഒരു ശരീരത്തിലെ അവയവങ്ങൾ ആ ശരീരത്തിന്റെ പൊതുവായ നന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി എങ്ങനെ ശ്രമിക്കുന്നുവോ അതുപോലെ ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന തിരുസഭയിലെ അംഗങ്ങൾ ഓരോരുത്തരും തിരുസഭയുടെ പൊതുവായ നന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി ശ്രമിക്കേണ്ടതായിട്ടുണ്ട്. ഇതു ബോദ്ധ്യമാകുന്നവർക്കു പ്രേഷിതപ്രവർത്തനം ഒരു കാരുണ്യപ്രവൃത്തിയോ ഇഷ്ടാനുസരണം ചെയ്യേണ്ട ഒരു കാര്യമോ മാത്രമല്ല, പ്രത്യുത, സ്വന്തം ചുമതലയിൽപെട്ടതും തന്റെ വിശ്വാസമനുസരിച്ചു ജീവിക്കുന്നതിനു അത്യന്താപേക്ഷിതവുമാണ് എന്നു മനസ്സിലാക്കാൻ സാധിക്കും.

ദൈവം പിതാവായിട്ടുള്ള ഒരു മഹാകുടുംബമാണു തിരുസഭ; ഈ മഹാകുടുംബത്തിലെ അംഗങ്ങൾ ദൈവമക്കളും. പിതാവിന്റെ അഭീഷ്ടമനുസരിച്ച് പ്രവർത്തിക്കുകയാണ് യഥാർത്ഥമായി പിതാവിനെ സ്നേഹിക്കുന്ന മക്കൾ ചെയ്യേണ്ടതു്. പിതാവിന്റെ ഇഷ്ടമാകട്ടെ എല്ലാവരും സത്യം അറിഞ്ഞ് മാമ്മോദീസാവഴി വീണ്ടും ജനിച്ച് തന്റെ മക്കളായി ഈ മഹാകുടുംബത്തിലെ അംഗത്വം സ്വീകരിക്കണമെന്നുള്ളതാകുന്നു. ദൈവത്തിന്റെയും തന്റെ സഭയുടെയും ബുദ്ധിരഹിതവും നിർജ്ജീവവുമായ ഉപകരണങ്ങൾ അല്ല നാം. ദൈവേഷ്ടം നിവൃത്തിയാകുന്നതിനുവേണ്ടി ദൈവത്തോടും സഭയോടും യോജിച്ച് കുടുംബാംഗങ്ങൾക്കുള്ള ചുമതലബോധത്തോടുകൂടി പ്രവർത്തിക്കേണ്ട ദൈവമക്കളാണ് നാം. പുനരൈക്യപ്രസ്ഥാനത്തിലൂടെ സഭാമക്കളായിത്തീർന്ന നമുക്ക് പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം രണ്ടുവിധ ചുമതലകളാണു ദൈവം ഏല്പിച്ചുതന്നിരിക്കുന്നതു്: സഭൈക്യവും, സഭാവളർച്ചയും.

## സഭൈക്യം

സഭൈക്യത്തിനു വേണ്ടിയുള്ള ആഹ്വാനം സഭയിൽ പിളർപ്പുണ്ടായ കാലം മുതൽ തുടങ്ങിയതാണ്. സഭയിൽനിന്നും പിരിഞ്ഞു പോയവർ സഭയോടു യോജിക്കുന്നതിനു വിവിധ ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. അവരുടെ തിരിച്ചുവരവിനായി സഭ എന്നും നോക്കിപ്പാർത്തിരുന്നിട്ടുമുണ്ട്. സഭൈക്യത്തിനുള്ള ആവേശംമൂലം പിരിഞ്ഞുപോയ ചില സഭാവിഭാഗങ്ങൾ തമ്മിൽ ചില സ്ഥലങ്ങളിൽ ഐക്യപ്പെടുന്നതിനും ഇടയായിട്ടുണ്ട്. പ്രോട്ടസ്റ്റൻറു സഭകളിലെ നേതാക്കന്മാർ സർവ്വലോകസഭൈക്യപ്രസ്ഥാനത്തിലൂടെ സഭൈക്യത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വീട്ടു വിട്ടുപോയ മകൻെറ തിരിച്ചുവരവിനായി നോക്കിപ്പാർക്കുന്ന അപ്പനെപ്പോലെയല്ല പ്രത്യുത, കാണാതെപോയ ആടിനെ അന്വേഷിച്ചിറങ്ങിയ നല്ല ഇടയനെപ്പോലെ, ഒരു ഇടയനും ഒരു തൊഴുത്തും എന്ന ക്രിസ്തുവിൻെറ ആഗ്രഹസാധ്യത്തിനായി തിരുസഭ മഹാനായ ജോൺ മാർപ്പാപ്പായുടെ കാലം മുതൽ വത്തിക്കാൻ സൂനഹദോസു വഴി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

സഭൈക്യത്തിനായി പ്രവർത്തിക്കുന്നതിനു വേണ്ടി ദൈവത്താൽ നിയോഗിക്കപ്പെട്ടതും ദൈവം വളരെയധികം അനുഗ്രഹിച്ചിട്ടുള്ളതുമായ ഒരു നവീനമാർഗ്ഗമാണ് നമ്മുടെ പുനരൈക്യപ്രസ്ഥാനം. ഇൻഡ്യയിലെ വിവിധ സഭകളുടെ പുനരൈക്യം മാത്രമല്ല നമ്മുടെ ലക്ഷ്യം. ലോകമെങ്ങുമുള്ള സകല ക്രൈസ്തവരേയും ഒരു തൊഴുത്തിലും ഒരിടയൻെറ കീഴിലുമാക്കിത്തീർക്കുകയെന്നുള്ളതാണു നമ്മുടെ ലക്ഷ്യം. നമ്മുടെ കൺമുമ്പിലുള്ളവരുടെയിടയിൽ ഇപ്പോൾ നമ്മുടെ പ്രവർത്തനങ്ങൾ പരിമിതപ്പെട്ടതാണെങ്കിലും നമ്മുടെ പ്രാർത്ഥനയും ത്യാഗവും ഈ പരിമിതികളെ കടന്നു വളരെ ദൂരം എത്തണം. കേരളത്തിലെ സഭൈക്യം സാധിക്കുന്നതോടുകൂടി ഇൻഡ്യയിലെയും ലോകത്തിലെയും സഭൈക്യത്തിനു അടിസ്ഥാനമിട്ടു് നാം വളരെ പുരോഗമിച്ചുവെന്നു് അഭിമാനിക്കാം. പല വിധ പരിമിതികളും പ്രതികൂലസാഹചര്യങ്ങളും ഉണ്ടെങ്കിലും ദൈവാനുഗ്രഹത്താൽ സഭൈക്യത്തിൽ നാം വളരെയധികം മുന്നോട്ടു പോകുന്നുവെന്നുള്ളതു് വളരെ ആശ്വാസകരവും പ്രോത്സാഹനകരവുമത്രെ.

## സഭയുടെ വളർച്ച

നമ്മുടെ രണ്ടാമത്തെ ചുമതല സഭയുടെ വളർച്ചയ്ക്കുവേണ്ടി, എല്ലാ മനുഷ്യരുടെയും നിത്യരക്ഷയ്ക്കുവേണ്ടി, ദൈവരാജ്യം വിസ്തൃതമാക്കുന്നതിനു വേണ്ടി ശ്രമിയ്ക്കുക എന്നുള്ളതാണ്. ക്രിസ്തു ഈ ലോകത്തിൽ തൻെറ ശിഷ്യരുടെ കൂടെ ആയിരുന്നപ്പോൾ ഇസ്രായേൽ ഗോത്രത്തിൽ നിന്നു് നഷ്ടപ്പെട്ടുപോയ ആടുകളുടെ കാര്യത്തിലായിരുന്നു പ്രധാനമായി ശ്രദ്ധിച്ചിരുന്നതു്. (St. Mt. 10. 6.) എന്നാൽ തൻെറ മഹത്വീകരണത്തിനു ശേഷം എല്ലാ തടസ്സങ്ങളെയും തരണംചെയ്തു് എല്ലാ മനുഷ്യരുടെയും രക്ഷയെ കരുതി സകല ജാതികളോടും തൻെറ സുവിശേഷം പ്രസംഗിക്കുന്നതിനും, അവരെ ദൈവമക്കളാക്കിത്തീർക്കുന്നതിനു് താൻ നല്കിയ മാർഗ്ഗം ഉപയോഗിക്കുന്നതിനും, തൻെറ ശിഷ്യർക്കു് അധികാരം നൽകി. ഈ ദൗത്യം തൻെറ ശിഷ്യന്മാർക്കും, അവരുടെ പിൻഗാമികളായ മെത്രാന്മാർക്കും ആണു് നൽകിയതെങ്കിലും, സുവിശേഷപ്രചരണം ഓരോ ക്രിസ്ത്യാനിയുടെയും ചുമതലയാണ്. തൻെറ സഹോദരൻെറ നിത്യരക്ഷയ്ക്കു വേണ്ടി ശ്രദ്ധിക്കാത്ത ഒരുവനും ഒരു നല്ല ക്രിസ്ത്യാനിയെന്നോ സ്വർഗ്ഗീയ പിതാവിൻെറ നല്ല മകനെന്നോ, ക്രിസ്തുവിൻെറ സഹോദരനെന്നോ, അവിടുത്തെ മൗതികശരീരമാകുന്ന സഭയുടെ ഒരു അംഗമെന്നോ, പറയുവാൻ കഴിയുന്നതല്ല. നമ്മുടെ കർത്താവിൻെറ സുവിശേഷ വെളിച്ചം ലോകത്തിനു നൽകിയിട്ടു് ഇന്നു് രണ്ടായിരം വർഷങ്ങളായെങ്കിലും, ലോകത്തിലുള്ള മുന്നൂററിമുപ്പതുകോടി ജനങ്ങളിൽ മൂന്നിൽ രണ്ടുഭാഗവും ക്രിസ്തുവിനെ തങ്ങളുടെ ദൈവവും, രാജാവുമായി സ്വീകരിക്കേണ്ടവരായി ഇനിയും ശേഷിക്കുന്നു. ക്രിസ്തുവിൻെറ പന്ത്രണ്ടുശിഷ്യരിൽ ഒരാളായ വി. തോമ്മാശ്ലീഹാ തന്നെ നമ്മുടെ ഭാരതത്തിൽ സുവിശേഷപ്രചരണം ആരംഭിച്ചെങ്കിലും ഈ ആയിരത്തിതൊ

ള്ളായിരം വർഷങ്ങൾക്കു ശേഷവും, ആകെയുള്ള നാല്പത്തേഴുകോടി ഇൻഡ്യാക്കാരിൽ ഒരുകോടി മാത്രമാണ് ക്രിസ്ത്യാനികൾ. കത്തോലിക്കരാകട്ടെ അറുപത്തിയഞ്ചു ലക്ഷം മാത്രം. നമ്മെക്കാൾ വളരെ നൂറാണ്ടുകൾക്കു ശേഷം ക്രിസ്തുമതം സ്വീകരിച്ച ചില രാജ്യങ്ങളിൽ ഇന്ന് ഭൂരിഭാഗവും കത്തോലിക്കരാണ്. നമ്മുടെ ഈ ദയനീയസ്ഥിതിയ്ക്കു് ഉത്തരവാദികൾ നമ്മൾ തന്നെയാണ്.

## മൂന്നു മാർഗ്ഗങ്ങൾ

ഈ കുറവ് പരിഹരിയ്ക്കുവാൻ, ഇൻഡ്യയേയും ലോകത്തെ മുഴുവനും ക്രിസ്തുവിൻേറതാക്കിതീർക്കുവാൻ മൂന്നു കാര്യങ്ങളാണ് നമുക്കു ചെയ്യുവാനുള്ളതു്. പ്രാർത്ഥന, ത്യാഗം, പ്രവർത്തനം. നമ്മുടെ ദിവ്യരക്ഷകൻ ഈ ലോകത്തിലായിരുന്നപ്പോൾ ഈ മൂന്നു മാർഗ്ഗങ്ങളും നമുക്ക് കാണിച്ചുതന്നിട്ടുണ്ട്.

## പ്രാർത്ഥന

തൻെറ ജോലിത്തിരക്കിനിടയ്ക്കും നമ്മുടെ കർത്താവു് ദീർഘസമയം തൻെറ പിതാവിനോടുള്ള പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്ന് സുവിശേഷത്തിൽ കാണുന്നു. അവിടുന്ന് തൻെറ ശിഷ്യരെ പഠിപ്പിച്ചതാണ് "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണം, നിൻെറ രാജ്യം വരണം, നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം" എന്ന പ്രാർത്ഥന. ദിവസം പല പ്രാവശ്യം നാം ചൊല്ലുന്ന ഈ പ്രാർത്ഥന, ശരിയായ അരൂപിയോടുകൂടി നടത്തുന്നെങ്കിൽ എത്രയധികം ഫലം പുറപ്പെടുവിക്കേണ്ടതാണ്! പ്രവർത്തനരംഗങ്ങളിലേക്ക് അനേകം പേരെ നമുക്ക് ആവശ്യമുണ്ട്. "കൊയ്ത്തു വളരെ വേലക്കാർ ചുരുക്കം, അതുകൊണ്ടു് തൻെറ കൊയ്ത്തിനു വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിൻെറ ഉടമസ്ഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ" (Mt. IX 37-38). കൊയ്ത്തുകാരെ അഥവാ പ്രേഷിതരെ വിളിയ്ക്കുന്നതും, അവർക്ക് അറിവും കഴിവും കൊടുക്കുന്നതും ഈ പിതാവാണ്. അവരുടെ പ്രവർത്തനത്തിൻെറ ഫലം നൽകുന്നതും ഈ പിതാവു തന്നെ. മനുഷ്യഹൃദയങ്ങളിൽ ദൈവകൃപാവരം പ്രവർത്തിച്ചിട്ടല്ലാതെ മാനസാന്തരം സാദ്ധ്യമല്ല. അതുകൊണ്ടു് പ്രേഷിതർക്കും, ആരുടെ മാനസാന്തരത്തിനു വേണ്ടി അവർ പ്രവർത്തിക്കുന്നുവോ അവർക്കും, ദൈവാനുഗ്രഹം സമൃദ്ധിയായി ലഭിക്കുന്നതിന് നാം ഓരോരുത്തരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. തൻെറ മുന്തിരിത്തോട്ടത്തിലെ ജോലിക്കായി പ്രേഷിതചൈതന്യം തുളുമ്പുന്ന അനേകം യുവാക്കളെ നമ്മുടെ ഓരോ കുടുംബത്തിൽനിന്നും വിളിയ്ക്കുന്നതിനു കൊയ്ത്തിൻെറ നാഥനോടു് നമുക്ക് പ്രാർത്ഥിക്കാം. ഇപ്രകാരം ലഭിക്കുന്ന വിളിയനുസരിച്ച് മുമ്പോട്ടു വരുന്നതിന് നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. സെമിനാരികളും, ആശ്രമങ്ങളും, മഠങ്ങളും അവരെ സ്വാഗതം ചെയ്യുന്നതിന് കാത്തിരിയ്ക്കുന്നു.

## ത്യാഗം

ത്യാഗത്തിൻെറയും സമർപ്പണത്തിൻെറയും മാർഗ്ഗമാണ് രണ്ടാമത്തേതു്. ബേത്ലഹേമിലെ താഴ്മയും ദാരിദ്ര്യവും, നസ്രസിലെ അനുസരണവും അദ്ധ്വാനവും, ഗോഗുൽത്തായിലെ പീഡാനുഭവും മരണവും എല്ലാം സകല മനുഷ്യർക്കും വേണ്ടി ക്രിസ്തു അർപ്പിച്ച ബലിയുടെ സജീവഭാഗങ്ങളാണ്. തൻെറ മൗതികശരീരത്തിലെ അവയവങ്ങളായ നമ്മൾ ഓരോരുത്തരും ഈ മാർഗ്ഗം ഉപയോഗിച്ച് കർത്താവിൻെറ പ്രേഷിതപ്രവർത്തനം തുടർന്നുപോരേണ്ടതാണ്. ത്യാഗം സ്നേഹത്തിൻെറ പ്രായോഗിക പ്രകടനമാണ്. സത്യമനുഷ്യനും സത്യദൈവവുമായ ക്രിസ്തു നമുക്ക് കാണിച്ചുതന്ന ഈ വഴിയിൽക്കൂടി, അതെ, ത്യാഗത്തിൻെറ വഴിയിൽക്കൂടി നമ്മൾ നടന്നുകൊണ്ടു് ഇന്നു ജീവിക്കുന്ന മനുഷ്യരുടെ രക്ഷ സാധിക്കണം എന്നതാണ് അവിടുത്തെ നിശ്ചയം. അതുകൊണ്ടു് നമ്മുടെ ജീവിതവ്രതങ്ങൾ നിർവ്വഹിക്കുമ്പോൾ അനുഭവപ്പെടുന്ന ക്ലേശങ്ങളും, ബുദ്ധിമുട്ടുകളുമെല്ലാം ഈശോയിൽകൂടെ സഹിച്ചുകൊണ്ടു് നമ്മുടെ വൈദികരുടെയും, മറ്റു് പ്രേഷിതപ്രവർത്തകരുടെയും കരങ്ങളെ ശക്തിപ്പെടുത്തുന്നതിനും, അനേകരുടെ

മാനസാന്തരം സാധിക്കുന്നതിനുമായി നമുക്ക് കാഴ്ചവയ്ക്കാം. അങ്ങനെ കർത്താവിനോട് നമുക്കുള്ള നന്ദി പ്രായോഗികമായി പ്രത്യക്ഷപ്പെടുത്താം.

ആന്തരികമായ ഈ സഹനത്തോടുകൂടിത്തന്നെ സ്വമനസാ ത്യാഗങ്ങളും നമ്മൾ അർപ്പിക്കണം. പ്രേഷിതരംഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് അവരുടെ പരിശ്രമം വിജയപ്രദമാക്കുന്നതിന് ധാരാളം ധനസഹായം അത്യാവശ്യമാണ്. ദൈവം നമുക്കു തന്നിട്ടുള്ള സമ്പത്തിന്റെ ചെറിയഭാഗം മിഷൻപ്രവർത്തനത്തിനായി മാററിവച്ച് ബ. വികാരിയച്ചനെ ഏല്പിക്കുക. പണം ഇല്ലാത്തവർ സാധനങ്ങളായി കൊടുക്കാവുന്നതാണ്. അനേകരുടെ ത്യാഗത്തിന്റെയും, ഔദാര്യത്തിന്റെയും ഫലമാണ് നമ്മൾ ഇന്ന് അനുഭവിക്കുന്നതെന്ന് ഈ അവസരത്തിൽ ഓർക്കുന്നതു നന്നായിരിക്കും. "ലോഭമായി വിതയ്ക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ; സങ്കടത്തോടെ അരുത്; നിർബന്ധത്താലും അരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." (2 കോറി. 9: 6, 7) നമ്മുടെ അതിരൂപതയിൽ മിഷൻഞായർ പിരിവ് ഓരോ വർഷവും വർദ്ധിച്ചുവരുന്നുവെന്നുള്ളത് നമുക്കെല്ലാം അഭിമാനകരമത്രെ. കഴിഞ്ഞ വർഷം 7021 രൂ. 51 സ. ശേഖരിച്ചു നാം മാർപ്പാപ്പാ തിരുമനസ്സിലെ വേദപ്രചാരണസംഘടനയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഈ വർഷവും പൂർവ്വാധികം ഉത്സാഹത്തോടും ഔദാര്യത്തോടുംകൂടി എല്ലാവരും മിഷൻഞായർ പിരിവിലേയ്ക്കു ഗണ്യമായ സംഭാവനകൾ നല്കി കഴിഞ്ഞ വർഷത്തേക്കാൾ വലിയ ഒരു തുക ഓരോ ഇടവകയിലും ശേഖരിക്കുന്നതിനു പരിശ്രമിക്കണമെന്നു താൽപ്പര്യപ്പെടുന്നു. ഇപ്രകാരം ആന്തരികവും ബാഹ്യവുമായ ത്യാഗംവഴി കഴിവനുസരിച്ച് നമ്മുടെ സ്നേഹനാഥനെ നമുക്കു സഹായിക്കാം, സമാശ്വസിപ്പിക്കാം.

## പ്രവർത്തനം

പ്രവർത്തനമാണ് മൂന്നാമത്തെ മാർഗ്ഗം. ഓരോ ക്രിസ്ത്യാനിയും ഓരോ പ്രേഷിതനാണ്. നമ്മുടെ ചുററുപാടും ജീവിക്കുന്ന അനേകം അക്രൈസ്തവരെ നമുക്കു പരിചയം ഉണ്ട്. അവരുമായി നാം ഇടപെടുന്നുണ്ട്. അവരും ദൈവത്തിന്റെ മക്കളാണെന്നും, മക്കളുടെ അവകാശങ്ങൾക്ക് അവരും അർഹരാകണമെന്നും, അതിനുള്ള വഴി എന്തെന്നും അവരെ സൗകര്യംപോലെ പറഞ്ഞു മനസ്സിലാക്കാൻ നമുക്ക് ഓരോരുത്തർക്കും ധാരാളം അവസരങ്ങൾ ലഭിക്കും. ഈ അവസരങ്ങൾ ഉപയോഗിച്ച്, നമ്മുടെ മാതൃകാപരമായ ജീവിതംവഴി, അവസരോചിതമായ ഉപദേശവും സഹായസഹകരണവും വഴി ധാരാളം നന്മ ചെയ്യുവാൻ ഓരോ ക്രിസ്ത്യാനിക്കും കടമയുണ്ട്. അതിന് ഉപേക്ഷ വിചാരിക്കുന്നവർ "ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ സ്വീകരിച്ചു പറഞ്ഞാൽ ഞാനും, സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ മുമ്പിൽ അവനെ സ്വീകരിച്ചു പറയും; ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ നിഷേധിച്ചു പറഞ്ഞാൽ ഞാനും സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ മുമ്പിൽ അവനെ നിഷേധിച്ചു പറയും" (Mt. X: 32-33) എന്നുള്ള ദിവ്യരക്ഷകന്റെ വാക്കുകളെ ശ്രദ്ധിക്കട്ടെ

## രാജത്വത്തിരുനാൾ

മിഷൻഞായർ കഴിഞ്ഞുള്ള ഞായറാഴ്ച നാം രാജത്വത്തിരുനാൾ ആഘോഷിക്കുകയാണല്ലോ. ക്രിസ്തു നമ്മുടെ രാജാവും ദൈവവുമാണ്. ലോകസമക്ഷം ബാഹ്യമായ രീതിയിൽ ക്രിസ്തുവിനെ നമ്മുടെ രാജാവായി ഏററുപറയുന്നതിനുള്ള ഒരവസരമാണ് രാജത്വത്തിരുനാൾ. ക്രിസ്തുവിനെ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിലും നമ്മുടെ ഭവനങ്ങളിലും, ഇടവകകളിലും രാജ്യത്തിലും ലോകം മുഴുവനും രാജാവായി പ്രതിഷ്ഠിക്കുകയാണ് ശാശ്വതമായ സമാധാനത്തിനു നിദാനം. നമ്മുടെ എല്ലാ ഇടവകകളിലും മുൻകൊല്ലങ്ങളെപ്പോലെ അന്നേദിവസം ഘോഷയാത്രകളും, മററാഘോഷങ്ങളും നടത്തപ്പെടേണ്ടതാണ്. സൗകര്യമനുസരിച്ച് അടു

# അല്മായർ കൗൺസിൽ വീക്ഷണത്തിൽ

## ഗീ. പെരുമല

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് മൂലം സഭയിൽആകമാനം ഒരുനവോത്ഥാനമുണ്ടായിട്ടുണ്ട്. സഭയുടെ ലക്ഷ്യം, അവളുടെ അംഗങ്ങളുടെ സ്ഥാനം, കടമകൾ ഇവ സഭ ഇന്നു ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. ഇതിൽ അല്മായർക്കുള്ള സ്ഥാനം, കടമകൾ, ഹൈരാർക്കിയുമായുള്ള ബന്ധം ഇവ കൗൺസിലിൻെറ പഠനങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുകയെന്നുള്ളതാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം.

സഭയെ സംബന്ധിച്ചിടത്തോളം ഇന്ന് അല്മായരുടെ യുഗത്തിലാണ് നാം ജീവിക്കുന്നത്. കാരണം അല്മായരുടെ സഭയിലെ സ്ഥാനം, സഭയുടെ പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അവർ വഹിക്കേണ്ട പങ്ക്, ഇവ പഠിച്ചതിൻെറ ഫലമായി ഒരു പുതുജീവൻ സഭയിൽ ഉണർവ്വേറ്റിയിട്ടുണ്ട്.. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ മൗലികപ്രമാണത്തെ (Constitutio de Eccelcsia) പരിശോധിക്കുന്നതിനു മുമ്പായി ആരാണ് 'അല്മായ'രെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സഭയിലെ ഹൈരാർക്കിയുടെ കീഴിലായി വൈദികപട്ടത്വമോ, സന്യാസസഭാംഗത്വമോ കൂടാതെ ജീവിക്കുന്ന വിശ്വാസികളുടെ ഗണമാണ് അല്മായർ. അവർ മാമോദീസാ മൂലം ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളാണ്. സഭയിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ് അല്മായർ. അവരെ കൂടാതെ സഭയില്ല. അതു കൊണ്ട് അവർ വെറും അംഗങ്ങൾ മാത്രമല്ല, ഒരു അവിഭാജ്യഘടകമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായരെക്കുറിച്ച് പറയുന്നതിപ്രകാരമാണ്: "അവർ ക്രിസ്തുവിൻെറ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജകീയത്വത്തിലും പങ്കാളികൾ ആകുന്നതു കൊണ്ട് ക്രിസ്തുവിൻെറ രാജ്യം ലോകത്തിൽ തുടർന്നു കൊണ്ടു പോകുന്നതിനു അവർക്കും അവരുടേതായ ഭാഗഭാഗിത്വം ഉണ്ട്."

### അല്മായരുടെ പങ്ക്:

വളരെ ഗൗരവമേറിയതും പ്രധാന്യമർഹിക്കുന്നതായ ഒരു പങ്ക് സഭയിൽ അല്മായർക്കുണ്ടെന്ന് കൗൺസിൻെറ മൗലിക പ്രമാണം പഠിപ്പിക്കുന്നു. സഭയുടെ പഠനത്തിൻെറ വെളിച്ചത്തിൽ അവ ഏവയെന്നു പരിശോധിക്കാം.

അല്മായർ ഏതു നിലയിൽ ജീവിക്കുന്നവരായാലും ശരി, അവർക്കു ദൈവത്തിൽ നിന്നും, രക്ഷകനിൽ നിന്നും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ ഉപയോഗിച്ച് സഭയുടെ അംഗങ്ങളെന്ന നിലയിൽ, അവളുടെ വളർച്ചയിലും വിശുദ്ധീകരണത്തിലും പങ്കു വഹിക്കേണ്ടതുണ്ട്. ജനങ്ങളുടെ ഇടയിലുള്ള പല തെററിദ്ധാരണകളെ സഭയുടെ ഈ പഠനം നിർമ്മൂലനം ചെയ്യുന്നു. പള്ളിക്കു കൊടുക്കേണ്ട വിഹിതങ്ങൾ കൊടുത്തുകഴിഞ്ഞാൽ ഒരു അല്മായൻെറ ചുമതല തീർന്നുവെന്ന് ആരെങ്കിലും വിചാരിക്കുന്നതു് തെററാണ്. അതു

---

ത്തുള്ള ഇടവകകൾ ഏകോപിച്ച് ഇപ്രകാരമുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതു നന്നായിരിക്കും. ക്രിസ്തുവിൻെറ രാജ്യം പരക്കുന്നതിനും ക്രിസ്തുവിൽ ലോകം ശാശ്വതമായ സമാധാനം കണ്ടെത്തുന്നതിനും നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ മാതൃഭൂമി ചില അയൽരാജ്യങ്ങളുടെ ആക്രമണങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ക്രിസ്തുവിൻെറ അജയ്യമായ ശക്തിയിൽ നമ്മുടെ രാജ്യത്തിൻെറ സംരക്ഷണം നമുക്കു ഭരമേല്പിക്കാം. ക്രിസ്തുരാജൻ നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങളിലും, ഭവനങ്ങളിലും, ഭാരതത്തിലും ലോകം മുഴുവനിലും വാഴട്ടെ.

**ക്രിസ്തുരാജൻ ജയിക്കട്ടെ!**

(മോൺസിഞ്ഞോർ സി. ററി. കുരുവിള പള്ളി കൾക്കയച്ച സർക്കുലറിൽ നിന്നു്)

—o—

പോലെ തന്നെ ഞായറാഴ്ചകളിലും പെരുനാളുകളിലും പള്ളിയിൽ പോകുന്നതുകൊണ്ട് ഒരുവൻെറ എല്ലാ ചുമതലകളും തീർന്നുവെന്ന് അല്മായർ ചിന്തിക്കുന്നുവെങ്കിൽ അതും തെററാണ്. അല്മായരുടെ സഭയിലെ സ്ഥാനം കടമ ഇവ പഠിച്ചതിൻെറ ഫലമായി ഈ ചിന്താഗതി മാറിത്തുടങ്ങിയിരിക്കുകയാണ്.

അല്മായർ സഭയിലെ പ്രവർത്തക (active) ഘടകമാണ്. സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ, അവർക്കും പങ്കുണ്ട്. എപ്രകാരമാണ് അവരുടെ ഭാഗഭാഗിത്വം വെളിപ്പെടുന്നത്? ഒന്നാമതായി ക്രിസ്തീയജീവിതം നയിക്കേണ്ട ചുമതല ഓരോ അല്മായനിലും നിക്ഷിപ്തമായിട്ടുണ്ട്. കൂദാശകൾ സ്വീകരിക്കുന്നതു കൊണ്ടോ, കർമ്മാദികളിൽ പങ്കുകൊള്ളുന്നതു കൊണ്ടോ ഒരുവൻ ഒരു യഥാർത്ഥക്രിസ്ത്യാനിയായിത്തീരുന്നില്ല. ജീവിതത്തിൻെറ ഏതു തുറയിൽ ആയിരുന്നാലും ഒരു പാവപ്പെട്ടവനോ ധനികനോ, ഒരു വിദ്യാർത്ഥിയോ അദ്ധ്യാപകനോ, ഒരു മുതലാളിയോ തൊഴിലാളിയോ ആരായിരുന്നാലും ഏതു ജോലി ചെയ്യുന്നവനായാലും എപ്പോഴും ക്രിസ്തീയമായ ഒരു ജീവിതം നയിക്കുവാൻ ഓരോ ക്രിസ്ത്യാനിയും കടപ്പെട്ടിരിക്കുന്നു. ഒരു മിനിട്ടിൻെറ 60 സെക്കൻഡും ഒരു മണിക്കൂറിൻെറ 60 മിനിട്ടും, ഒരു ദിവസത്തിൻെറ 24 മണിക്കൂറും, ഒരു ആഴ്ചയുടെ 7 ദിവസങ്ങളും, മാസത്തിൻെറ 30 ദിവസങ്ങളും, വർഷത്തിൻെറ 365 ദിവസങ്ങളും, ചുരുക്കിപ്പറഞ്ഞാൽ ജീവിതത്തിൻെറ ഓരോ നിമിഷവും ഒരു അല്മായൻ ഒരു ക്രിസ്ത്യാനിയായി ജീവിക്കണം. അതായതു്, ഒരു ക്രിസ്ത്യാനി അവൻെറ ജീവിതാവസ്ഥയ്ക്കനുസരണമായി ഈ ലോകത്തിൽ ജീവിച്ചുകൊണ്ട്, അവൻെറ ജീവിതത്തെവിശുദ്ധീകരിക്കണം. ഒരുവൻ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നതുമൂലം ലോകത്തെ മുഴുവനായി വിശുദ്ധീകരിക്കുന്നു. എങ്ങനെ? മാതൃകാപരമായ ഒരു ജീവിതം വഴി. വിശ്വാസം, ശരണം, സ്നേഹം ഇവ വഴിയായി ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുവാൻ ഓരോ അല്മായനും സാധിക്കും. ഓരോ ക്രിസ്ത്യാനിയും അല്മായനും അവനവൻെറ ജീവിതതുറകൾക്കനുസരണമായി മാതൃകാപരമായ ജീവിതം നയിക്കുന്നതു മൂലം സഭയുടെ വളർച്ചയിലും വിശുദ്ധീകരണത്തിലും പങ്കു വഹിക്കുന്നു.

സഭയുടെ മൗലികപ്രമാണം പഠിപ്പിക്കുന്ന രണ്ടാമത്തെ പ്രധാനപ്പെട്ട തത്വമാണ് സഭയിലെ അല്മായ പ്രേഷിതത്വം. എന്താണ് ഈ അല്മായ പ്രേഷിതത്വം? സഭയുടെ വിപുലീകരണത്തിൽ, സഭയുടെ സുവിശേഷവേലയിൽ സഭയുമൊത്തു് സഹകരിച്ചു പ്രവർത്തിക്കുകയെന്നുള്ളതാണ് അല്മായപ്രേഷിതത്വം. ഈ ദൗത്യത്തിൽ നിന്നും ആരും ഒഴിവാക്കപ്പെട്ടിട്ടില്ല. ആയതുകൊണ്ട് അല്മായർക്കും അവരുടേതായ പങ്കുണ്ട്. അല്മായർ വഴി സഭ മറവുള്ളവർക്കു വെളിപ്പെടുത്തുവാൻ സൗകര്യമുള്ള സ്ഥലങ്ങളിലും, സാഹചര്യങ്ങളിലും സഭയ്ക്കുവേണ്ടി പ്രവർത്തിക്കേണ്ടതു് അവരുടെ ചുമതലയാണ്. ആധുനികയുഗത്തിൽ സഭയുടെ വിപുലീകരണം അല്മായരെ ആശ്രയിച്ചിരിക്കുന്നു. കാരണം, വൈദികർക്കു് ജീവിതത്തിൻെറ എല്ലാ തുറകളിലും കടന്നുചെന്നു് പ്രവർത്തിക്കുവാൻ സാധിക്കാത്ത ഒരു യുഗത്തിലാണ് ഇന്നു നാം ജീവിക്കുന്നതു്. വൈദികരുമായി അടുത്ത ബന്ധം പുലർത്തുവാൻ സാധിക്കാത്ത രംഗങ്ങളിലേക്കു് അല്മായപ്രേഷിതനെങ്കിലും കടന്നു ചെല്ലുന്നില്ലെങ്കിൽ ആ രംഗങ്ങളിലുള്ളവർ സഭയ്ക്കു നഷ്ടപ്പെടും. ഉദാഹരണമായി തൊഴിൽശാലകൾ, ഫാക്ടറികൾ, ഗവണ്മെൻറുസ്ഥാപനങ്ങൾ, പൊതുനിരത്തുകൾ, സിനിമാശാലകൾ ഈ രംഗങ്ങളിലെല്ലാം വൈദികർക്കു പ്രവേശനം ലഭിച്ചില്ലെന്നു വരാം. എന്നാൽ അല്മായപ്രേഷിതർക്കു എവിടെയും നിഷ്പ്രയാസം രംഗപ്രവേശം ചെയ്യുവാനും ക്രിസ്തീയവെളിച്ചം പ്രകാശിപ്പിക്കുന്നതിനും സാധിക്കും. അതിലുപരിയായി, വൈദികർക്കു പ്രേഷിതവേല നടത്തുവാൻ സാധിക്കാതെ വരുന്ന ഒരു കാലയളവിൽ (കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലെപ്പോലെ) പ്രേഷിതപ്രവർത്തനം ഭാഗികമായിട്ടെങ്കിലും തുടർന്നുകൊണ്ടു പോകണമെങ്കിൽ വിശ്വാസദാർഢ്യമുള്ളവരും സഭയ്ക്കുവേണ്ടി ആത്മാർത്ഥതയോടുകൂടി വേല ചെയ്യുന്നവരുമായ അല്മായപ്രേഷിതരെ പരിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇന്നു നാം ഈ കർത്തവ്യം

നിറവേറുന്നില്ലെങ്കിൽ അതിൽ നാം ദുഃഖിക്കേണ്ടിവരുന്ന ഒരു തലമുറയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതു്. കൗൺസിലിന്റെ മൗലികപ്രമാണത്തിൽ പറയുന്നതിപ്രകാരമാണ്: "സുവിശേഷപ്രചരണത്തിലും, ആദിമസഭയുടെ പ്രവർത്തനങ്ങളിലും വി. പൗലോസ്ശ്ലീഹായെ എപ്രകാരം ആദിമക്രിസ്ത്യാനികൾ സഹായിച്ചുവോ, അതുപോലെ തന്നെ പ്രേഷിതപ്രചരണ ജോലിയിൽ ഹൈരാർക്കിയെ അല്മായർ സഹായിക്കേണ്ടതാണ്. ഹൈരാർക്കിയുടെ പ്രവർത്തനത്തിൽ അല്മായസഹകരണം അത്യാവശ്യമാണ്. കാരണം ഹൈരാർക്കിയുടെ സകല പ്രവർത്തനങ്ങളുടെയും വിജയം അല്മായസഹകരണത്തിൽ ആശ്രയിച്ചിരിക്കുന്നു. ഹയരാർക്കി അല്മായർക്കും അല്മായർ ഹൈരാർക്കിക്കും വേണ്ടിയുള്ളവരാണ്. അതുകൊണ്ടു് പരസ്പരസഹകരണം അപരിത്യാജ്യമത്രെ."

സഭയുടെ അഥവാ ഒരു ഇടവകയുടെ പ്രവർത്തനത്തിൽ അല്മായർ അവരുടെ കഴിവുകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഒരു ഇടവകയുടെ പ്രവർത്തനത്തിൽ എന്തുകൊണ്ടു് അല്മായരെ ഭാഗഭാക്കുകളാക്കുന്നില്ല? ഒരു ഇടവക അഭിവൃദ്ധിപ്പെടണമെങ്കിൽ അല്മായരെയും അതിന്റെ പ്രവർത്തനത്തിൽ പങ്കുകാരാക്കണം. നമ്മുടെ കേരളത്തിലുള്ള ഇടവകകളിൽ, ഇടവക പ്രവർത്തനത്തിൽ എപ്രകാരം അല്മായർ സഹകരിക്കുന്നുവെന്ന് ഈയവസരത്തിൽ ചിന്തിക്കുന്നതു് ഉത്തമമായിരിക്കും. എപ്രകാരം അല്മായരെ ഇടവകയുടെ പ്രവർത്തനത്തിൽ പങ്കുകാരാക്കാമെന്ന് പരിചിന്തനം ചെയ്യുന്നതും സമയോചിതമായിരിക്കും. തീഷ്ണതയോടുകൂടി, സ്വാർത്ഥതാല്പര്യത്തെ ഉപേക്ഷിച്ചിട്ട് ഉത്തരവാദിത്വത്തോടുകൂടി വേല ചെയ്യുന്ന അല്മായരാണ് ഇന്നത്തെ കേരളസഭയുടെ ആവശ്യം. അതിനായി ഓരോ ഇടവകയിലും അല്മായരെ പരിശീലിപ്പിക്കണം. കേരളത്തിൽ ഇന്നു് അല്മായ പരിശീലനത്തിനുള്ള സകല സാഹചര്യങ്ങളുമുണ്ടു്. മിഷ്യൻലീഗ്, ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡി. പോൾ സംഘടന ഇങ്ങനെ പല സംഘടനകളും പ്രവർത്തിക്കുന്നുണ്ടു്. ഇവയെല്ലാം തന്നെ നല്ല അല്മായരെ വാർത്തെടുക്കുന്ന മൂശകളായി ഉപയോഗിക്കുവാൻ കേരളസഭയ്ക്കു സാധിക്കും.

കേരളകത്തോലിക്കർക്ക് ജീവിതത്തിന്റെ എല്ലാ തുറകളിലും സ്വാധീനം ചെലുത്തുന്നതിനു സാധിക്കും. കാരണം കേരളത്തിൽ ഇന്നു് ധാരാളം കത്തോലിക്കാശുപത്രികളും, ഡോക്ടറന്മാരും, വിദ്യാലയങ്ങളും, അദ്ധ്യാപകന്മാരും, പ്രസിദ്ധീകരണകേന്ദ്രങ്ങളും, ഫാക്ടറിഉടമകളും പല രാഷ്ട്രീയപ്രവർത്തകരും ഉണ്ടു്. ഇവയെല്ലാം ശരിയായ പാന്ഥാവിൽ കൂടി തിരിച്ചുവിടുകയെന്നുള്ളതാണ് ഇന്നത്തെ ആവശ്യം. സഭയുടെ പൊതുപ്രവർത്തനങ്ങളിലും അല്മായരെ കൂടുതൽ പങ്കുകാരാക്കണം. ഉദാഹരണമായി വിദ്യാഭ്യാസരംഗം. വൈദികർ ചെയ്യുന്ന ചില ജോലികൾ അല്മായർക്കു വിട്ടുകൊടുക്കുന്നുവെങ്കിൽ വൈദികർക്കു സഭയുടെ വിപുലീകരണത്തിലും, വിശുദ്ധീകരണത്തിലും കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നതിനും, അവരുടെ ജോലിഭാരം കുറക്കുന്നതിനും, വൈദികരും അല്മായരും തമ്മിൽ കൂടുതൽ മൈത്രീബന്ധം ഉണ്ടാകുന്നതിനും ഇതു് സഹായകരമായിരിക്കും.

## വൈദികരുടെ കടമകൾ:

ഓരോ ഇടവകയിലും മാർഗ്ഗദർശികളും ഉത്തരവാദിത്വമുള്ളവരുമായ അല്മായരെ പരിശീലിപ്പിക്കുന്ന കടമ ഓരോ വൈദികനിലും നിക്ഷിപ്തമായിരിക്കുന്നു. സഭയുടെ ആഹ്വാനം ശ്രവിച്ച് വൈദികരുടെ നിർദ്ദേശങ്ങൾക്കനുസരണമായി പ്രവർത്തിക്കേണ്ടതു് ഓരോ അല്മായന്റെയും കടമയാണ്. ഇതിന് വൈദികരിൽ ശരിയായ ഒരു മനോഭാവം ആദ്യമായി ഉണ്ടാകേണ്ടിയിരിക്കുന്നു. കഴിവതും, അല്മായർ ചെയ്യേണ്ട ജോലി വൈദികർ ചെയ്യാതിരിക്കണം. അല്മായർ അവരുടെ ജോലികൾ ചെയ്യുവാൻ വൈദികർ അവരെ അനുവദിക്കണം. പ്രേഷിതജോലിയിൽ അല്മായരെ സഹായിച്ച് നിയന്ത്രിക്കുകയെന്നതു് ഓരോ വൈദികന്റെയും ചുമതലയാണ്. ആവശ്യമില്ലാത്ത കാര്യങ്ങളിലും സന്ദർഭങ്ങളിലും അല്മായരുടെ പ്രവർത്തനങ്ങളിൽ വൈദികർ ഇടപെടരുതു്. എന്നാൽ അവരെ

നയിക്കുന്ന ഒരു നായകനായിരിക്കണം വൈദികൻ. അല്മായപ്രേഷിതത്വത്തിനു വേണ്ട ശക്തി നൽകുന്ന ജീവനാഡിയായിരിക്കണം വൈദികൻ. പ്രേഷിതവേലയിൽ അല്മായരുടെ ചുമതലകൾ ശരിക്കു മനസ്സിലാക്കി അവരെ പ്രോത്സാഹിപ്പിക്കേണ്ടതു് സഭാധ്യക്ഷന്മാരുടെയും വൈദികന്മാരുടെയും ചുമതലയാണു്. സഭയുടെ പ്രവർത്തനത്തിൽ അല്മായരുടെ ആശയങ്ങളും, സംരംഭങ്ങളും സഭാമേലദ്ധ്യക്ഷന്മാരും വൈദികരും ആരായേണ്ടതും പരിഗണിക്കേണ്ടതുമാണു്.

## അല്മായരുടെ കടമകളും കർത്തവ്യങ്ങളും:

വൈദികരും സഭാമേലധികാരികളുമായി സഹകരിച്ചു് പ്രവർത്തിക്കുവാൻ സഭ അല്മായരെ ആഹ്വാനം ചെയ്യുന്നു. ഓരോ അല്മായനും കഴിവനുസരിച്ചു് അവനവന്റെ ജീവിതപരിധിയിൽ നിന്നുകൊണ്ടു് ക്രിസ്തുവിന്റെ പ്രതിനിധികളായ സഭാദ്ധ്യക്ഷന്മാരിൽ നിന്നും വൈദികരിൽ നിന്നും വരുന്ന തീരുമാനങ്ങളെ സ്നേഹത്തോടും വിനയത്തോടും കൂടി സ്വീകരിക്കണം. നിത്യരക്ഷയ്ക്കു ആവശ്യമായ കൂദാശകൾ വൈദികരിൽ നിന്നും സ്വീകരിക്കുവാൻ അല്മായർക്കു കടമയുണ്ടു്. അതുപോലെ തന്നെ അല്മായർ അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവമക്കൾക്കു യോജിച്ച സ്വാതന്ത്ര്യത്തോടും വിശ്വാസത്തോടുംകൂടി വൈദികരെയും സഭാമേലധികാരികളെയും അറിയിക്കേണ്ടതാണു്. സഭയുടെ പൊതുനന്മയെ കരുതി, അവരുടെ അഭിപ്രായങ്ങളും ആശയങ്ങളും മേലധികാരികളെ അറിയിക്കുവാൻ അല്മായർക്കു കടമയുണ്ടു്. ഇപ്രകാരമുള്ള അഭിപ്രായങ്ങളും ആശയങ്ങളും സഭയിൽ അംഗീകരിക്കപ്പെട്ട വഴികളിൽ കൂടി മേലധികാരികളെ അറിയിക്കേണ്ടതാണു്. എന്നാൽ ഇപ്രകാരം പ്രവർത്തിക്കുമ്പോൾ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ പ്രതിനിധികളായ സഭാധികാരികളോടു ബഹുമാനത്തോടും ആദരവോടും കൂടി വേണം പെരുമാറാൻ. വൈദികർ പൈതൃകമായ സ്നേഹത്തോടും വാത്സല്യത്തോടും കൂടി അല്മായരുടെ സംരംഭങ്ങളെ സ്വാഗതം ചെയ്യുകയും അവ സഭയുടെ നന്മയ്ക്കു് ഉപകാരപ്രദമെങ്കിൽ അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണു്.

ഇപ്രകാരമുള്ള സൗഹാർദ്ദമനസ്ഥിതിയുടെയും സഹകരണത്തിന്റെയും ഫലമായി സഭ അനുദിനം അഭിവൃദ്ധിപ്പെടും. അതുകൊണ്ടു് സഭയുടെ പ്രവർത്തനത്തിൽ അല്മായർക്കുള്ള വ്യക്തിപരമായ കർത്തവ്യത്തെ അല്മായരായ സകലരും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണു്. അങ്ങനെ തിരുസഭ മുഴുവനായി, ഹൈരാർക്കിയും അല്മായരും ഒന്നുചേർന്നു പ്രവർത്തിച്ചാൽ

**Fro Favours received**



**Inserted by**
THRESSIAMMA VARKEY
Nedumpurath House,
Kumbazha, Pathanamthitta.

# വിശുദ്ധ ഡോൺ ബോസ്കോ

## സി. കെ. സാമുവൽ

"സന്തോഷപൂർവ്വം കർത്താവിനെ സേവിക്കുക." ടൂറിൻ ഇറ്റാലിയിലെ ഒരു നഗരമാണ്. ബേച്ചി അതിനടുത്തുള്ള ഒരു ഗ്രാമമാണ്. ആ ഗ്രാമത്തിൽ കഴിഞ്ഞ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഒരു കർഷകൻ ജീവിച്ചിരുന്നു. അദ്ദേഹത്തിൻെറ പേരു ബോസ്കോ എന്നായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യയുടെ പേർ മർഗ്ഗരീത്താ എന്നും. 1815 ആഗസ്റ്റ് മാസം 16-ാം തീയതി ആ ദമ്പതികൾക്കു ഒരു മകൻ ജനിച്ചു. അവർ അവന് ജോൺ എന്നു പേരിട്ടു. കുട്ടിക്കു രണ്ടു വയസ്സു പ്രായമായപ്പോൾ പിതാവു് പരലോകപ്രാപ്തനായി. പിന്നീട് ആ കുടുംബത്തിൻെറ—അതിൽ ജോണിൻെറ സഹോദരനും, ഒരു അർദ്ധസഹോദരനും, മുത്തശ്ശിയും ഉൾപ്പെട്ടിരുന്നു—സംരക്ഷണ ഭാരം മുഴുവൻ ആ യുവവിധവയുടെ തോളിലേക്കു നിപതിച്ചു. എത്ര സൂക്ഷ്മമായ ആയവ്യയപരിപാലനയും എത്ര തീഷ്ണവും അനുസ്യൂതവുമായ പ്രാർത്ഥനയുംകൊണ്ടാണ് ആ ചുമതല അവർ വിജയകരമായി നിർവ്വഹിച്ചതെന്നു അവർക്കും ദൈവത്തിനും മാത്രമേ അറിയൂ.

മമ്മാ മർഗ്ഗരീത്തായ്ക്കു് വായിക്കാനും എഴുതാനും വശമില്ലായിരുന്നു എങ്കിലും അവർ തൻെറ കുട്ടികളെ വേദപാഠങ്ങളും വേദചരിത്രവും നമ്മുടെ രക്ഷകൻെറ ജീവിതകഥയും പഠിപ്പിച്ചു. നമ്മുടെ കഥാപുരുഷനായ ജോൺ തൻെറ അമ്മയിൽ നിന്നും പഠിച്ച പാഠങ്ങൾ നാലാം വയസ്സു മുതൽ തന്നെ ബേച്ചിയിലെ കൊച്ചു കുട്ടികൾക്കു പറഞ്ഞുകൊടുത്തു തുടങ്ങി. തൻെറ സമപ്രായക്കാരായ കൊച്ചു കുട്ടികളെ പഠിപ്പിക്കാനുള്ള അപ്പോസ്തലികചര്യയിലേക്കു് ഒരു പ്രേരണ ദൈവദത്തമായി ലഭിച്ച ആ ബാലൻ അവരെ ആകർഷിക്കാനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിച്ചു. കുട്ടികളെ വിനോദിപ്പിക്കാനുള്ള ഹസ്തലാഘവങ്ങൾ, കൺകെട്ടുവിദ്യ, ഞാണിന്മേൽക്കളി മുതലായവ അയാൾ വശമാക്കി. തൻെറ പക്കൽ വരുന്നവർക്കു വേണ്ടി ആ വക അഭ്യാസങ്ങൾ പ്രദർശിപ്പിക്കുവാനും അയാൾ തയ്യാറായി. പക്ഷേ ഒരു വ്യവസ്ഥയുണ്ടായിരുന്നു. ഇടയ്ക്കിടെ കളി നിറുത്തുമ്പോൾ പ്രാർത്ഥനയും വേദോപദേശപാഠനവും ഉണ്ടായിരിക്കും. അദ്ദേഹത്തിൻെറ സ്വന്ത വാക്കുകളിൽ പറഞ്ഞാൽ "ലോകത്തിൽ ഞാൻ ചെയ്യാനുള്ള ഏക ജോലി അതാണെന്നു തോന്നി" അങ്ങിനെയാണ് ഡോൺ ബോസ്കോയുടെ നിസ്തുലമായ പ്രേഷിതജീവിതം തുടങ്ങിയതു്.

ദൈവശുശ്രൂഷ തൻെറ ജീവിതലക്ഷ്യമായി കണ്ട ജോണിനും ഒരു പുരോഹിതനാകണം. എന്നാൽ അക്കാര്യത്തിൽ അന്യാദൃശ്യമായ സാമ്പത്തികപരാധീനത അയാൾക്കു് ഒരു പ്രതിബന്ധമായി നിന്നു. അയാൾ സ്കൂളിൽ പോയിരുന്നതു് ദിനന്തോറും പന്ത്രണ്ടു മൈൽ നടന്നാണ്. ഒരു കൂലിക്കാരനായും, ട്യൂഷൻമാസ്റ്ററായും, ബില്ല്യാർഡ് കളിസ്ഥലത്തു് രസ്കോർ രേഖപ്പെടുത്തുന്നവനായും ജോലി ചെയ്താണ് വിദ്യാഭ്യാസാവശ്യത്തിനുള്ള പണം ജോൺ സമ്പാദിച്ചു വന്നതു്. അയാൾ സെമ്മനാരിയിൽ ചേരുന്നതിനു മുമ്പു തന്നെ ജീവിതാവശ്യങ്ങളുടെ പ്രേരണ കൊണ്ടു് അഞ്ചാറു തൊഴിലുകളിൽ പരിശീലനം സമ്പാദിച്ചു കഴിഞ്ഞിരുന്നു.

ഇക്കാലമത്രയും പഠിത്തക്കാര്യത്തിൽ ജോൺ തൻെറ അർദ്ധസഹോദരനായ അൻേറാണിയോയുടെ എതിർപ്പുകൾ അഭിമുഖീകരിച്ചുകൊണ്ടിരുന്നു. അതു മുഖാന്തിരം ബോസ്കോകുടുംബത്തിൽ ഒന്നു രണ്ടു കലഹങ്ങൾ തന്നെ ഉണ്ടായിട്ടുണ്ടു്. എന്നാൽ അതുകൊണ്ടൊന്നും തൻെറ ഉദ്ദേശ്യത്തിൽ നിന്നും വ്യതിചലിക്കാത്ത ജോണിനെ സെമ്മനാരിയിലയയ്ക്കാൻ വേണ്ട പണം അദ്ദേഹ

---

സഭയുടെ ഈ ലോകത്തിലെ പ്രവർത്തനം കാര്യക്ഷമതയോടുകൂടി മുമ്പോട്ടു കൊണ്ടുപോകുന്നതിനും, സഭയുടെ ദൗത്യമായ സുവിശേഷവേല ലോകത്തിൻെറ എല്ലാ കോണുകളിലും വ്യാപിപ്പിക്കുന്നതിനും സാധിക്കും.

—oo:o:oo—

ത്തിൻെറ അയല്ക്കാർ ചേർന്നു് സംഭാവന ചെയ്തു. തൻെറ സുഹൃത്തുക്കളായ ഏതാനും വൈദികന്മാർ ഫീസ് കൊടുക്കാമെന്നും സമ്മതിച്ചു. ആ വക ദാനങ്ങൾ സ്വീകരിക്കുന്നതു് അപമാനകരമാണെന്നു് ജോണിനോ അദ്ദേഹത്തിൻെറ അമ്മയ്ക്കോ തോന്നിയില്ല. അദ്ദേഹം ദൈവത്തിൻെറ ഒരു എളിയ ശുശ്രൂഷകനാകാൻ പഠിക്കുകയാണു്. അല്ലാതെ തൻെറ കുടുംബത്തിൻെറ മേന്മക്കുവേണ്ടി ലാഭകരമായ ഒരു തൊഴിൽ പരിശീലിക്കാൻ പോവുകയല്ല.

സെമ്മനാരിയിൽ പഠിക്കുമ്പോഴും പട്ടണത്തിലെ കുട്ടികളുടെ ഇടയിലുള്ള തൻെറ പ്രവൎത്തനം തുടർന്നുകൊള്ളാൻ ജോൺ ബോസ്കോയ്ക്കു് അനുവാദം ലഭിച്ചിരുന്നു. 1841 ജൂൺ 5–ാം തീയതി ഒരു പുരോഹിതനായി അഭിഷിക്തനായതോടുകൂടി ആ പ്രവൎത്തനം ട്യൂറിനിലേക്കു വ്യാപിപ്പിക്കാൻ അവിടുത്തെ വൈദികകോളെജിൻെറ അനുമതിയും കിട്ടി. വൈദികകോളജിൻെറ അംഗങ്ങൾ ദരിദ്രരേയും രോഗികളെയും നഗരത്തിലെ ജയിലുകളിൽ കിടക്കുന്ന തടവുകാരെയും സന്ദർശിച്ചു അവൎക്കു വേണ്ട ആദ്ധ്യാത്മികവും ശാരീരികവുമായ ആശ്വാസങ്ങൾ നൽകി വന്നു. ഡോൺ ബോസ്കോ നഗരത്തിലെ അശരണരും അഗണ്യരും ഏതു തിന്മയിലും ഉൾപ്പെട്ടുപോകുന്നവരുമായ തെരുവുതെണ്ടിപ്പിള്ളേരുടെയിടയിലേക്കാണു് തിരിഞ്ഞതു്. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ അവർ ഉപദേശവും പ്രോത്സാഹനവും സഹായവും അർഹിക്കുന്ന ഒരു കൂട്ടരായിരുന്നു. അദ്ദേഹം അവരെ ശകാരിക്കയല്ല, പ്രത്യുത ഒരു സുകൃതജീവിതം എത്ര സന്തുഷ്ടമാണെന്നു് അവൎക്കു കാണിച്ചുകൊടുക്കുകയാണു് ചെയ്തതു്. ഡോൺ ബോസ്കോ കുട്ടികൾക്കായി സൃഷ്ടിക്കപ്പെട്ട ഒരാളായി അവൎക്കു തോന്നി. അവർ അദ്ദേഹത്തെ വിശ്വസിച്ചു. അദ്ദേഹത്തിൻെറ പിമ്പിൽ അവർ അണിനിരന്നു. അവർ ഒരുമിച്ചു ദൈവസന്നിധിയിലേക്കു മാർച്ചു ചെയ്തു. ക്രമേണ അവരുടെ സംഖ്യ വർദ്ധിച്ചു. പത്തു്, അമ്പതു്, നൂറു്, നാനൂറു് എന്നിങ്ങനെ. അതു അദ്ദേഹത്തിനു ഒരു പ്രശ്നമായിത്തീർന്നു. ഓരോ ഞായറാഴ്ചയും ഒരിടത്തല്ലെങ്കിൽ മറെറാരിടത്തു്, വിശുദ്ധ കുർബ്ബാനാനന്തരം അദ്ദേഹം അവൎക്കായി യോഗങ്ങൾ സംഘടിപ്പിച്ചു. വേദപാഠക്ലാസ്സുകൾ നടത്തി. വിനോദങ്ങളും വ്യായാമങ്ങളും ഏർപ്പാടു ചെയ്തു. അവരുടെ ശബ്ദങ്ങളും ബഹളങ്ങളും കൊണ്ടു് അവൎക്കു് ഒരു സ്ഥിരമായ സ്ഥലം ഒരിക്കലും ആരും അനുവദിച്ചുകൊടുത്തില്ല. അവരുടെ ബഹളങ്ങളെല്ലാം സഹിക്കാവുന്ന ഒരാളെ ഉണ്ടായിരുന്നുള്ളു....ഡോൺ ബോസ്കോ. അങ്ങിനെയായപ്പോൾ അവർ നഗരത്തിനു വെളിയിൽ പുൽപ്പുറങ്ങളിലും വയലുകളിലും സമ്മേളിച്ചുവന്നു. തമ്പേറിൻെറ മുഴക്കത്തിനൊത്തു ചുവടുവച്ചു സംഗീതോപകരണങ്ങളുടെ അകമ്പടിയോടുകൂടി പാട്ടുപാടി അവർ മാർച്ചു ചെയ്തുവന്നു. "നാനൂറു് തെമ്മാടികൾ, തലയെടുത്തു വരുന്ന കാറാവാളികൾ" അതായിരുന്നു ലോകാഭിപ്രായം. അതിനു തൻെറ മായാത്ത മന്ദഹാസത്തോടുകൂടി ഡോൺ ബോസ്കോ കൊടുത്തുവന്ന മറുപടി "ദൈവത്തിൻെറ കുട്ടികൾ'' എന്നായിരുന്നു.

ഡോൺബോസ്കോ ഒരു ഭ്രാന്തനാണെന്നു ജനങ്ങൾ ചിന്തിച്ചു തുടങ്ങി. തൻെറ സഹപ്രവൎത്തകന്മാർക്കും അതു തോന്നി. ഒരു ദിവസം രണ്ടു വന്ദ്യ പുരോഹിതന്മാർ–അവരുടെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടാൻ പാടില്ല–കൊച്ചുപ്പിള്ളേരെ നാട്ടുകാർ കല്ലെറിയാനിടയാകരുതല്ലോ–അദ്ദേഹത്തെ ഒരു ഭ്രാന്താലയത്തിലാക്കാൻ ഒരു വണ്ടിയുമായി ഡോൺ ബോസ്കോയുടെ താമസസ്ഥലത്തെത്തി. എന്നാൽ ആ അപകടം ഗ്രഹിച്ച ഡോൺ നേരത്തെ സ്ഥലംവിട്ടിരുന്നു. അവർ അവിടെച്ചെന്നു തിരിച്ചു പോന്നു.

എല്ലാം കൊണ്ടും വിഷമത്തിലായി. നിരാശയുടെ നിഴൽ കണ്ടുതുടങ്ങി. തനിക്കോ തൻെറ കുട്ടികൾക്കോ ഒരിടമില്ല. അപ്പോൾ പട്ടണത്തിൻെറകുപ്രസിദ്ധവും ജനശൂന്യവുമായ ഒരു ഭാഗത്തു ഒരു തകർന്ന ഷെഡ്ഡ് ഒരാൾ അദ്ദേഹത്തിനു കൊടുക്കാമെന്നു പറഞ്ഞു. ഡോൺ ബോസ്കോ അതു സ്വീകരിച്ചു. ഇരുപത്തിമൂന്നു വർഷങ്ങൾക്കു ശേഷം താൻ സ്ഥാപിക്കാനിരു

ന്ന സന്യാസസമൂഹത്തിൻെറ പ്രഥമ മന്ദിരമായി അതു രൂപാന്തരപ്പെട്ടു. ഡോൺ ബോസ്കോ അതിനു 'ഓറട്ടറി' എന്നു പേരിട്ടു.

ആ വസ്തു സമ്പാദിച്ചു അധികം കഴിയുന്നതിനുമുമ്പായിത്തന്നെ അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷയിച്ചു. ജീവിതം മരണത്തോടടുത്തു. എന്നാൽ തൻെറ കുട്ടികളുടെ ഉള്ളുരുകിയുള്ള പ്രാത്ഥന അദ്ദേഹത്തിനു രോഗശാന്തി നൽകി. അദ്ദേഹം എഴുന്നേററു നടക്കുമെന്നായപ്പോൾ അവർ അദ്ദേഹത്തെ തങ്ങളുടെ ഭുജങ്ങളിലേററി അവരുടെ ആ പ്രാകൃതമായ ആസ്ഥാനത്തിലെത്തിച്ചു. എങ്കിലും തൻെറ ജോലിയിൽ വീണ്ടും പ്രവേശിക്കുന്നതിനു മുമ്പായി ഒരാറുമാസത്തെ നിർബ്ബന്ധിത വിശ്രമത്തിനായി ഡോൺ ബോസ്ക്കോ തൻെറ കുടുംബത്തിലേക്കു പോയി. തിരിച്ചു പോരുമ്പോൾ അദ്ദേഹം തൻെറ മാതാവിനെയും കൂടെ കൊണ്ടുപോന്നു. അങ്ങിനെ തൻെറ ഗുരുപ്പട്ട സ്വീകരണവേളയിൽ "വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ തുടങ്ങുക എന്നു പറഞ്ഞാൽ സഹനത്തിൻെറ ഒരു ജീവിതം ആരംഭിക്കുക എന്നതാണ്. നിങ്ങൾക്കതു് ഏറെത്താമസിയാതെ മനസ്സിലാവും" എന്നു പറഞ്ഞ മമ്മാ മർഗ്ഗരീത്താ തൻെറ മകൻെറ സങ്കടങ്ങൾക്കും സന്തോഷങ്ങൾക്കും പങ്കാളിയായി 'ഓറട്ടറി' യിൽ എത്തിച്ചേർന്നു.

ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്ന ഒരു കൂട്ടം കുട്ടികളുടെ ചുമതല അവർ ഇരുവരും ചേർന്നു വഹിച്ചുവന്നു. മമ്മാ മർഗ്ഗരീത്താ അവർക്കു ഭക്ഷണം പാകം ചെയ്യുകയും വസ്ത്രങ്ങൾ തുന്നുകയും, ചെയ്തുവന്നു. അവർ മലക്കറിച്ചെടികൾ നട്ടു. ആ കുട്ടികൾ അവയെല്ലാം ചവുട്ടിമെതിച്ചുകളയും. അവർ അമ്മയാണു്. കോപിക്കില്ല മമ്മാ മർഗ്ഗരീത്താ തന്നെയാണു് തൻെറ മകൻെറ കുപ്പായങ്ങൾ തുന്നിവന്നതും വീട്ടുവാടക കൊടുത്തതും. അതിലേക്കു തനിക്കു ആകെക്കൂടെ സ്വന്തമായുണ്ടായിരുന്ന അല്പം ആഭരണങ്ങൾ, ഒരു ചെറിയ മാലയും, വിവാഹമോതിരവും അവർ വില്ക്കുകയും ചെയ്തു.

ഡോൺ ബോസ്ക്കോ തൻെറ കുട്ടികൾക്കു സായാഹ്നക്ലാസ്സുകൾ തുടങ്ങി. അതു വിജയിച്ചു. തൻെറ ശിഷ്യന്മാരിൽ സമർത്ഥന്മാരായവർ മററുള്ളവരെ പഠിപ്പിക്കാൻ തുടങ്ങി. നഗരത്തിൻെറ നാനാഭാഗത്തു നിന്നും ദരിദ്രബാലന്മാർ അദ്ദേഹത്തിൻെറ സമീപമെത്തി. ഡോൺ ബോസ്ക്കോ അവരെ സ്വീകരിച്ചു ഭവനരഹിതരായവരെ തൻെറ കൂടെ പാർപ്പിച്ചു. വീട്ടിൽ ഇടമില്ലാതായി. കയ്യിൽ ആവശ്യത്തിനു പണവുമില്ല എങ്കിലും അദ്ദേഹം സമീപത്തുണ്ടായിരുന്ന ഒരൊഴിഞ്ഞ വീടു് വാടകയ്ക്കെടുത്തു. എന്നാൽ അതിൻെറ കാലാവധി തീരുന്നതിനുമുമ്പു അദ്ദേഹത്തിനു മൂന്നു സംഭാവനകൾ തികച്ചും അപ്രതീക്ഷിതമായ രീതിയിൽ വന്നുചേർന്നു. അതു ആ പുതിയ സ്ഥലം വിലയ്ക്കെടുക്കാൻ മതിയാകുമായിരുന്നു. അടുത്തതായി അദ്ദേഹം ഒരു ഭാഗ്യക്കുറി തുടങ്ങി. അതിൽ നിന്നുള്ള വരുമാനം കൊണ്ടു തൻെറ കുട്ടികൾക്കായി ഒരു പള്ളി പണിയിപ്പിക്കുകയും ചെയ്തു. ജോലികൾ അനുസ്യൂതം പെരുകിക്കൊണ്ടിരുന്നു. അദ്ദേഹം പ്രാത്ഥനയിലും ഭിക്ഷാടനത്തിലും നിമ്മാണപ്രവർത്തനങ്ങളിലും മുഴുകി. പ്രയാസങ്ങളും പ്രതിബന്ധങ്ങളും ധാരാളമായിരുന്നു. എന്നാൽ ഡോൺ ബോസ്ക്കോയിക്കു് ദൈവത്തിലുണ്ടായിരുന്ന ആശ്രയം അവയെല്ലാം മറികടക്കാൻ മതിയായതായിരുന്നു. താൻ ദൈവത്തിൻെറ വേലയാണു് ചെയ്യുന്നതെന്നും ദൈവം തന്നെ പരിത്യജിക്കയില്ലെന്നും അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു.

മനുഷ്യാതീതവും അത്ഭുതകരവുമായ സഹായങ്ങളും അദ്ദേഹത്തിനു ലഭിച്ചുവന്നു. അത്യാവശ്യമായ അവസരങ്ങളിൽ ദൈവം അവ നൽകി. ഫ്രീമേസൻമാരും വേദവിപരീതികളും കത്തോലിക്കാവിരുദ്ധലഘുലേഖകൾ കൊണ്ടു് നഗരം നിറച്ചു. ഡോൺ ബോസ്ക്കോ രാത്രി മുഴുവൻ ഉറക്കമൊഴിഞ്ഞിരുന്നു് അവയ്ക്കെതിരായ ലേഖനങ്ങൾ എഴുതിയിരുന്നു. അദ്ദേഹത്തിൻെറ ശത്രുക്കൾ ഒടുവിൽ ദേഹോപദ്രവത്തിനു തന്നെ മുതിർന്നു. പക്ഷേ ഡോൺ ബോസ്ക്കോ സ്വയരക്ഷയ്ക്കു മതിയായവനായിരുന്നു. അതുകൊണ്ടായില്ല. അവർ സംഘം ചേർന്നു വന്നു. അവർ രാത്രിതോറും തെരുവുകോണുകളിൽ പതിയിരുന്നു. രോഗികളെ സന്ദർശിപ്പാനെന്ന വ്യാജേന അദ്ദേഹത്തെ വിളിച്ചു അവരുടെ സങ്കേതങ്ങളിലേക്കു


കൊണ്ടുപോവുക മുതലായി അദ്ദേഹത്തെ കുടുക്കാനുള്ള മാർഗ്ഗങ്ങളും അവർ കണ്ടുപിടിച്ചു. അതും അവരുടെ ലക്ഷ്യത്തിനു ഉതകിയില്ല ഡോൺ ബോസ്കോയുടെ കുട്ടികളിൽ ഒരു കൂട്ടർ അദ്ദേഹത്തിനു ഒരംഗരക്ഷകവിഭാഗമായി പ്രവർത്തിച്ചുപോന്നു. അതിനു പുറമെ അദ്ദേഹം മരണകരമായ കെണിയിൽ പെട്ടുപോയപ്പോഴെല്ലാം ഒരു വലിയ പട്ടി അത്ഭുതകരമായി അവിടെ പ്രത്യക്ഷപ്പെട്ടു് അദ്ദേഹത്തിന്റെ പീഡകന്മാരെ കടിച്ചു ചീന്തിപായിക്കുക ഒരു പതിവായിരുന്നു. പല സ്ഥലങ്ങളിലും സമയങ്ങളിലുമായി വിശുദ്ധനു് ആ പട്ടിയുടെ സഹായം മുപ്പതു വർഷക്കാലം ലഭിച്ചിരുന്നു. ക്രമേണ എതിർപ്പുകൾ ശമിച്ചു. ഡോൺ ബോസ്കോയുടെ സന്മനസ്സിന്റെയും സ്നേഹത്തിന്റെയും ഊഷ്മാവിൽ വിദ്വേഷത്തിന്റെ കൂർത്തുമൂർത്ത മുള്ളുകൾ ഉരുകിപ്പോയി.

ടൂറിനിലെ 'ഓററ്ററി' പുരോഗതി പ്രാപിച്ചുകൊണ്ടിരുന്നു. അവിടെ അദ്ദേഹം തൊഴിൽശാലകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. അതു് അവർ അദ്ദേഹത്തെ വിട്ടുപിരിഞ്ഞു പുറത്തുപോകുമ്പോൾ അവർക്കു് മാന്യമായ ജീവിതത്തിനു വേണ്ട വക നേടിക്കൊടുക്കും. ആ കുട്ടികളിൽ പലരും ഉത്തമന്മാരായ യുവാക്കളായി വളർന്നുവന്നു. അവരിൽ പലരും സാലേഷ്യൻസഭയുടെ സ്ഥാപനത്തിനുള്ള അടിസ്ഥാനശിലകളായി രൂപം പ്രാപിക്കുകയും ചെയ്തു. അവർ തങ്ങളുടെ സന്ന്യാസപരിശീലനം — അതൊരസാധാരണരീതിയിലായിരുന്നു—അദ്ദേഹത്തിൽ നിന്നു സമ്പാദിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി വ്രതപ്രതിജ്ഞ ചെയ്തു. അനന്തരം പൗരോഹിത്യത്തിനുള്ള പഠനങ്ങൾ തുടർന്നു ഗുരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു. 1869-ൽ അവരുടെ സഭയ്ക്കു റോമയിൽ നിന്നു അംഗീകാരവും ലഭിച്ചു.

തന്റെ വാത്സല്യനിധികളായ കുട്ടികളുടെ സ്നേഹമസൃണമായ പരിചരണകളനുഭവിച്ചുകൊണ്ടു് മമ്മാ മർഗ്ഗരീത്താ 1856-ൽ മരിച്ചു. ഡോൺ ബോസ്കോ ദുഃഖാർത്തനായി. അദ്ദേഹത്തിനു ഒരമ്മ കൂടിയേ തീരൂ. അദ്ദേഹം 'ആശ്വാസത്തിന്റെ നാഥ' യുടെ നേർക്കു തിരിഞ്ഞു പ്രാർത്ഥിച്ചു, "അമ്മേ, കന്യകമറിയാമെ, ഞാനിതാ മാതൃരഹിതനായിരിക്കുന്നു. എനിക്കു എത്ര കുട്ടികളുണ്ടെന്നു നീ നോക്കണമെ, അവരെ നീ പരിപാലിക്കണമെ." തുടർന്നു് തന്റെ സന്ന്യാസസമൂഹത്തിന്റെ സഹായത്തിനായി ഒരു സന്ന്യാസിനീസമൂഹവും അദ്ദേഹം സ്ഥാപിച്ചു. 'ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ പുത്രിമാർ.'

വിശുദ്ധനായ ഡോൺ ബോസ്കോ 1888-ൽ തന്റെ രക്ഷാധികാരി വിശുദ്ധ ഫ്രാൻസിസ് ദെ സാലേസിന്റെ തിരുനാൾ ദിവസമായ ജനുവരി 29-ാം തീയതി തന്റെ അമ്മയോടു് ചേരുവാൻ ഇഹലോകവാസം വെടിഞ്ഞു. എങ്കിലും അദ്ദേഹം സ്ഥാപിച്ച ആ രണ്ടു സന്ന്യാസസമൂഹങ്ങളും ലോകമെങ്ങും യുവജനങ്ങളുടെയിടയിലുള്ള അവരുടെ മഹത്തായ പ്രവർത്തനങ്ങളിൽക്കൂടെ സന്തോഷപൂർവ്വം ദൈവശുശ്രൂഷ ചെയ്തുവരുന്നു.

**For favours received**



**Inserted by**

മേഴ്സികുട്ടി കയ്യാലാത്തു്

സെൻറ് ജോസഫ്സ് മൌണ്ട്

മൈലപ്ര

# ധ്യാനചിന്തകൾ (ഭക്തിമാർഗ്ഗം) IV

(വി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ)

**മനുഷ്യാവതാരതത്വം (ധ്യാനം)**

ദൈവതത്വവും, മായാതത്വവും നാം ധ്യാനിച്ചതു് നമ്മുടെ നിശ്ചയദാർഢ്യത്തിനുവേണ്ടിയാകുന്നു. ആധ്യാത്മിക രംഗത്തിൽ വെളിച്ചവും തെളിച്ചവും കുറഞ്ഞിരിക്കുന്ന നമുക്കു്, പ്രകാശമാർഗ്ഗത്തിൽ സഞ്ചരിക്കാൻ ചില തത്വങ്ങൾ ഇനിയും അറിയേണ്ടതുണ്ടു്. യുക്തിവാദമല്ല ഭക്തന്റെ വഴി. യുക്തിവാദത്തെ പിന്നിട്ടു്, അന്ധകാരത്തിൽ നമ്മുടെ ആത്മാവു് തപ്പിത്തടയാതെ, മനുഷ്യാവതാരം മൂലം ലഭിക്കുന്ന കൃപയാൽ സൂര്യപ്രകാശം വിലസുന്ന രംഗത്തിലേക്കു് കയറിപ്പററണം. മനുഷ്യാവതാരത്തെ യുക്തിയിൽ ആശ്രയിച്ചു് വിശ്വസിക്കയല്ല; അനുഭൂതിയുണ്ടാകുമ്പോൾ ദൈവാനന്ദാനുഭവം യുക്തിക്കു് മീതെ പരിലസിക്കുകയാണു്. ശുഷ്ക്കമായ തർക്കത്തിൽ ഭക്തൻ ഏർപ്പെടരുതു്. ഭക്തിയെ വിട്ടു് കേവലജ്ഞാനത്തിനുവേണ്ടി ക്ലേശിക്കരുതു്. അങ്ങനെ ചെയ്താൽ ഉമി കുത്തി തല കഴയ്ക്കുന്ന പാഴ്‌വേലയായി ഭവിക്കും. നമുക്കു ദൈവപ്രേമം വർദ്ധിപ്പാനായിട്ടുംകൂടിയാണു്. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതു്. മനുഷ്യാവതാരം ചെയ്ത ദൈവത്തെ പ്രേമിക്കാൻ തുടങ്ങുമ്പോൾ ദൈവത്തെ നാം സ്വീകരിച്ചുതുടങ്ങുന്നു. തന്നെത്താൻ മറന്നു് ക്രിസ്തുവിനെ സ്നേഹിച്ച പലരും യുക്തിവാദത്തിനു് കഴിവില്ലാത്തവരായിരുന്നെങ്കിലും അവർക്കു ദൈവത്തോടുള്ള പ്രേമം മൂലം ഇഹവും പരവും കൂടെ മറന്നു് ക്രിസ്തുവിൽ ലയിച്ചു പോകുവാൻ കഴിഞ്ഞു. സ്വർഗ്ഗത്തെക്കാളും മീതെയാണു് ദൈവപ്രേമം എന്നു് അവരുടെ സ്നേഹഗീത വായിച്ചാലറിയാം. വി. കൊച്ചുത്രേസ്യായുടെ സ്വയംകൃത ചരിതത്തിലുള്ള സ്നേഹഗീത വായിച്ചു കാണുക. ലൗകികർ ഇന്ദ്രിയസുഖം നൽകുന്നതു മാത്രം പ്രയോജനപ്രദമായി കരുതുന്നു. ദൈവം, ആത്മാവു്, നിത്യജീവൻ ഇവയെല്ലാം അവർക്കു വെറും വാക്കുകൾ മാത്രമാണു്. ഇന്ദ്രിയകാമങ്ങളെ തൃപ്തിപ്പെടുത്താത്തതു് ലൗകികർക്കു് വെറും പൊള്ളയാണു്. പ്രയോജനം എന്നാൽ എന്തു്? ഓരോരുത്തനും അവനവന്റെ ആവശ്യങ്ങളനുസരിച്ചു 'പ്രയോജനം' ഇന്നതെന്നു് നിശ്ചയിക്കുന്നു. തീനും, കുടിയും, വിഷയസുഖങ്ങളും, കൈക്കൂലിയും മദ്യപാനവും വെറിക്കൂത്തും ചതിവും വഞ്ചനയും ഒക്കെ പ്രയോജനപ്രദമായി കരുതുന്നവരെ എത്രയും കണ്ടെത്താം. എന്നാൽ ദൈവപ്രേമികൾ വിഹരിക്കുന്നതു് മറെറാരു രംഗത്തിലാണു്. ആത്മാവിന്റെ നിത്യജീവൻ അവർക്കു വളരെ വിലപ്പെട്ടതാകുന്നു. ഇന്ദ്രിയങ്ങളെ ലാളിക്കുന്നതു് കുട്ടികളുടെ വെറും ലീലപോലെ പ്രയോജനരഹിതമായി അവർക്കു തോന്നുന്നു. മനുഷ്യജീവിതം കൊണ്ടുള്ള ഏക പ്രയോജനം അവർക്കു ദൈവപ്രേമം മാത്രമാകുന്നു.

ഇപ്രകാരം ലൗകികനെ ആത്മീയനായി മാററുന്ന ഒരു ദിവ്യശക്തിയാണു് മനുഷ്യാവതാരം.

"ലോകം താതസഹോദരർ ജാതിയതും
തറവാടും,
ആകെയുപേക്ഷിച്ചേശുവിനായി മരണം
സ്നേഹിച്ച,
സഹദേന്മാരെ സദാകാലം
സ്മരണം ചെയ്‌വതു നന്നററം"

ക്രിസ്തുവിനെ സ്നേഹിക്കുന്നവർക്കു് സർവരസത്തിന്റെയും സാരമായ ക്രിസ്തു തന്നെ ആത്മാവിന്റെ ജീവനായി പരിണമിക്കുന്നു. അപ്പോൾ ബന്ധുക്കൾ, മക്കൾ, ശരീരം, ഭാര്യ, ധനം, ഭൂമി, പ്രാണൻ, പ്ളഷർകാർ എന്നിവയൊക്കെ വളരെ പ്രയോജനമായി തോന്നാറില്ല. ഈ സംസാരസാഗരത്തിൽ അവരെ രസിപ്പിക്കുന്നതായി ഒന്നുമില്ല. ദൈവപ്രേമത്തിന്റെ ആത്മീയ സുഖം അവർ അറിഞ്ഞു് ആനന്ദസാഗരത്തിൽ നിമഗ്നരാകുന്നു. ക്രിസ്തുവിൽ

മനസ്സ് ഉറപ്പിച്ചു കഴിഞ്ഞാൽ മററു യാതൊന്നും ഇച്ഛിക്കാത്ത ഒരു ഉന്നതത്തിലേക്കു ഒരുവൻ കയറിപ്പററും. ക്രിസ്തുവിനെ നേടിയാൽ മററൊന്നും നേടേണ്ടതായി തോന്നുകയില്ല. വി. പൗലോസ് ശ്ലീഹായുടെ ഈ അനുഭവം ഉയർന്ന മനുഷ്യർക്കുണ്ടാകുന്നു. റോമ: 8, 35—39-കാണുക.

ശരീരം, ഭാര്യ, മക്കൾ, വീട്, മൃഗങ്ങൾ, പക്ഷികൾ, പണം, ബന്ധുക്കൾ എന്നിവയിൽ മനസ്സു വേരൂന്നിപ്പോയാൽ അവയുടെ സമൃദ്ധിയിൽ താൻ സമൃദ്ധനായി എന്നു തെററിദ്ധരിക്കും. ദുഃഖത്തിൻമീതെ ദുഃഖം ഉണ്ടായിട്ട്, ഓരോ ദുഃഖത്തിനും ലൗകികമായ പ്രതികാരം ചെയ്ത് അതുതന്നെ സുഖമെന്ന് വെറുതെ വിചാരിച്ച് ജീവിതം മായയിൽ മുക്കിക്കളയും. ഇങ്ങനെ കുടുംബഭരണത്തിൽതന്നെ മനസ്സിനെ ആഴ്ത്തി ഇന്ദ്രിയങ്ങളെ ജയിക്കാതെയും വിഷയങ്ങളിൽ നിന്നും പിൻതിരിയാതെയും വിഷയസുഖങ്ങളിൽനിന്നു ബലാൽ പിടിച്ചു അകററുമ്പോഴുള്ള വലിയ വേദനകൊണ്ടു് ബുദ്ധികെട്ടും, നിസ്സഹായരായി അനേകർ സ്വജനങ്ങൾ നോക്കിയിരിക്കെ മരിച്ചുപോകുന്നു. വിഷയസൗഖ്യം സ്വപ്നതുല്യമെന്ന് നിശ്ചയിച്ച് തന്നെത്താൻ അക്രു തള്ളിക്കളയാൻ സാധിക്കുന്നില്ലയൊ ആയാൾക്കു മനുഷ്യാവതാരരഹസ്യങ്ങൾ വെറും വിഡ്ഢിത്തംപോലെ തോന്നിയേക്കും. വിഷയരസങ്ങളിൽ അനാസക്തരായി ഭവിച്ചാലേ ദൈവപ്രേമം വളരുകയുള്ളൂ. നമ്മുടെ ആത്മാവിന് ധനാദികൾ വെറും വെള്ളത്തുള്ളിപോലെ തുച്ഛമായിരിക്കണം. ദേഹത്തോടൊപ്പം ധനധാന്യാദികളും കൈവിട്ടുപോകുന്നു. വിഷയസുഖങ്ങൾ അനത്ഥങ്ങളായിരുന്നു എന്നു സുവിശേഷത്തിലെ ധനവാൻ മനസ്സിലാക്കിയതു് അബ്രഹാമിൻെറ മടിയിൽ ലാസറിനെ കണ്ടപ്പോഴാണ്. ഈ മനുഷ്യജന്മം കൊണ്ടു് സാധിക്കേണ്ട പരമലാഭം യേശുക്രിസ്തുവിനെയും താൻ മൂലം തന്നെ അയച്ചവനായ പിതാവിനേയും സാക്ഷാൽക്കരിക്കുന്നതു മാത്രമാണ്.

മായയുടെ പിന്നാലെ ഓടാത്ത അപൂർവ്വം മഹാത്മാക്കൾ വിഷയാസക്തി മുഴുത്ത ഈ ലോകത്തിലുള്ളതിനാൽ ലോകം മുഴുവനും ചീഞ്ഞ് അഴുകിയിട്ടില്ല.

ഓരോ ജീവനും പൂർണ്ണമാകണം. മത്താ. 5; 48. നമ്മുടെ ഇപ്പോഴത്തെ കർമ്മങ്ങളനുസരിച്ച് ഭാവിജീവിതം വന്നു ചേരും. ഇങ്ങനെ നമ്മുടെ സൗഭാഗ്യനിർഭാഗ്യങ്ങൾ നാം തന്നെ വരുത്തുന്നവയാണെങ്കിലും പുറമേനിന്നും സഹായം ഉണ്ടാകുന്നതാണ്. സഹായം അത്യാവശ്യവുമാണ്. ആ ബാഹ്യസഹായം ഉണ്ടാകുമ്പോൾ നമ്മുടെ കഴിവുകൾക്കു പ്രസരിപ്പു കൂടും. അദ്ധ്യാത്മജീവിതത്തിന് ഉണർവ്വ് കൂടും, വളർച്ചക്ക് വേഗം കൂടും.

പ്രസരിപ്പിനുള്ള ഈ സഹായം വരേണ്ടതു് ദിവ്യഗുരുവിൽ നിന്നാണ്. ആ ദിവ്യഗുരു യേശുക്രിസ്തുവും മാനുഷികഗുരു തൻെറ മൗതികശരീരമായ തിരുസഭയുമാകുന്നു. ഒരു ജീവനിൽനിന്നു മാത്രമേ സമൃദ്ധിയായ ജീവൻ കിട്ടുകയുള്ളൂ. യോഹ: 10: 10. ഗ്രന്ഥപഠനത്തിൽ നിന്ന് അദ്ധ്യാത്മസഹായം ഉണ്ടാകും. എന്നാൽ ദൈവാത്മാവ് സത്യം ആന്തരീയമായി ബോദ്ധ്യപ്പെടുത്തിത്തരാതെ അന്തരാത്മാവിനു ഒന്നും കിട്ടുകയില്ല. ബുദ്ധിക്കു മാത്രം കുറെ ലാഭം ഉണ്ടാകുമായിരിക്കാം. വിസ്മയകരമായി പ്രസംഗിപ്പാൻ കഴിവുള്ളവർതന്നെ അദ്ധ്യാത്മജീവിതം നയിക്കുന്നതിൽ പരാജയപ്പെടുത്തുന്നതു് നാം കാണാറുണ്ടല്ലൊ. ജീവനെ ഉണർത്തി വിടുവാനുള്ള പ്രേരണ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ നിന്നു വരണം; ആ ആളാണ് ദിവ്യഗുരു. ആ ജീവൻ ആരുടെ ജീവനിലേക്കു സംക്രമിക്കുമോ അയാൾ ശിഷ്യനും അത്രെ ഗുരുവിനു ജീവൻ കൊടുപ്പാനും ശിഷ്യന് ജീവൻ സ്വീകരിപ്പാനും കഴിവുണ്ടായിരിക്കണം. വിതക്കാരൻെറ ഉപമയിൽ മൂന്നു ഭാഗം വിത്തും നിലത്തിൻെറ മോശം കൊണ്ടു നഷ്ടപ്പെട്ടതായിക്കാണാം. ഗുരുവും ശിഷ്യനും യോഗ്യനായാൽ നൂറുമേനിവരെ ഫലം വിളയും. അതായതു് ആദ്ധ്യാത്മികത ഗൗരവമായി ഉണരും. അല്ലാത്തവർ ആധ്യാത്മികത വച്ചു കളിക്കുന്നവർ മാത്രം. ഇത്തരം കളിക്കാരെ എങ്ങും കൂട്ടിമുട്ടാറുണ്ട്. അവർ അദ്ധ്യാത്മ

തയുടെ പുറംവക്കത്താണ്. ഒരു ശിഷ്യനിൽ ആദ്ധ്യാത്മപ്രകാശം ആകർഷിപ്പാൻ ശക്തി ജ്വലിക്കണം. അപ്പോൾ അവതാരം ചെയ്തവൻ ആ ശിഷ്യനിൽ പ്രകാശം അയച്ചുകൊടുക്കും.

എന്നാലും ശിഷ്യന്റെ മാറ്റത്തിൽ അപകടം ഉണ്ട്. ക്ഷണികങ്ങളായ വികാരാവേശങ്ങളെ സ്ഥിരം മതതൃഷ്ണതയായി തെററിദ്ധരിക്കും. താല്ക്കാലികമതതൃഷ്ണകളെ യഥാർത്ഥമതതൃഷ്ണ എന്നു തെററിദ്ധരിക്കരുത്. അതിനു ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കണം. കുമ്പസാരം ഇതിനു വളരെ സഹായിക്കുന്ന ഒന്നാണ്. "കാമമാകുന്ന മുതലയുടെ പിടിയിൽ പെട്ടവനെ ജ്ഞാനമാകുന്ന തോണിയും രക്ഷിക്കുന്നില്ല."

ശരിയായ ഗുരുവിനെ തന്നെ ആശ്രയിക്കണം. യേശുക്രിസ്തുവും തന്റെ തിരുസഭയുമല്ലാതെ വേറെ ആരെയും ചൂണ്ടിക്കാണിപ്പാൻ ഞാൻ ശക്തനല്ല. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനു തന്റെ സ്പർശനംകൊണ്ടും വചനംകൊണ്ടും സ്വീകാരകന്റെ യോഗ്യതയനുസരിച്ച് അധ്യാത്മത സംക്രമിപ്പിക്കാൻ കഴിയും:- ഒരു കള്ളൻ ക്രൂശിൽ കിടന്നപ്പോൾ ധന്യനായത് കാണുക. ഒരു വേശ്യ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലും വചനത്തിലും പവിത്രയായതു സ്മരിക്കുക. ക്രിസ്തു ഗുരുക്കന്മാരുടെ ഗുരുവാകുന്നു. പിതാവിന്റെ അടുക്കലേക്കുള്ള മാർഗ്ഗം ക്രിസ്തുവാകുന്നു യോഹ. 14: 6. അറിവില്ലാത്തവന് അറിവുണ്ടാകാത്തവനെ ഗുരുവാക്കുന്നതു് കുരുടൻ കുരുടനെ വഴി കാട്ടുന്നപോലെയാണ്. എന്നാൽ ക്രിസ്തുദേവൻ സ്വചൈതന്യം കൊണ്ടുതന്നെ കാണുന്നവൻ; എല്ലാ കണ്ണുകൾക്കും കാഴ്ച നൽകുന്നവൻ. യോഹ. 9-ാം അ. അങ്ങനെയുള്ള ക്രിസ്തുവിനെ ആത്മതത്വം അറിവാൻ ശരണം പ്രാപിക്കണം. ക്രിസ്തുനാമകീർത്തനത്താലും ക്രിസ്തുവിനെ ശരിയായി ദർശിക്കുന്നതിനാലും, ക്രിസ്തുവിനെ ആരാധിക്കുന്നതിനാലും, ക്രിസ്തുവിന്റെ വചനങ്ങൾ ധ്യാനിക്കുന്നതിനാലും ക്രിസ്തുവിനെ പൂജിക്കുന്നതിനാലും നമ്മുടെ പാപം നശിച്ചു പോകുവാൻ സംഗതി വരുന്നു. സംസാരസാഗരത്തിന്റെ ഘോരമാർഗ്ഗത്തിൽ അലയുന്നവർക്ക് ശാന്തി നല്കുന്ന അമൃതം ക്രിസ്തുവാണ്. മത്താ 11; 28. ലോകലാവണ്യസീമയെ കവിഞ്ഞ തന്റെ തിരുമേനിയെ കണ്ടു് നമ്മുടെ കണ്ണ് കുളിർക്കണം. തന്റെ വാക്കുകളെ മനനം ചെയ്താൽ നമ്മുടെ മനസ്സ് ശാന്തമാകും. തന്റെ തിരുഹൃദയത്തെ പാനം ചെയ്താൽ അജ്ഞാനാന്ധകാരം കടന്നു കയറിപ്പററാം- ഈ അവതാരശ്രേഷ്ഠൻ മനസ്സിൽ ഇരിക്കുന്നു.

ദൈവം എങ്ങനെ മനുഷ്യനാകും എന്ന ചോദ്യം ഉന്നയിച്ച് മനസ്സിനെ ഇളക്കിമറിക്കാം. പക്ഷേ, ആ മനസ്സിൽ കുറെ നുരയും പതയും കാണും. മതം വാസ്തവത്തിൽ അനുഭവസമ്പത്താണ്. ഒരു യുക്തിവാദി മനുഷ്യരുടെ മനസ്സിൽ ക്ഷോഭവും കുഴപ്പവും ഉണ്ടാക്കുന്നതേയുള്ളു. ഹൃദയാന്തർഭാഗത്തു് മനുഷ്യാവതാരം ചെയ്തവനെ അനുഭവിക്കുന്നവൻ ഏതു മാധുര്യമാണ് ആസ്വദിക്കുന്നതു്. അതു അനുഭവിപ്പാൻ ഏതു സാധാരണമനുഷ്യനും മനസ്സുണ്ടെങ്കിൽ സാദ്ധ്യമാണ്. നാം മനുഷ്യരാകയാൽ ദൈവത്തെ മനുഷ്യനായിക്കണ്ടാലേ നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ ധ്യാനം സമാധിയിൽ ചെന്നെത്തുമ്പോൾ മിസ്റ്റിക്ക് പുണ്യവാന്മാരെപ്പോലെ ശരീരത്തെപ്പററിയുള്ള ദർശനം അസ്തമിക്കും. അങ്ങനെയുള്ളവർ സാധാരണന്മാരല്ല. മാനവദൗർബ്ബല്യങ്ങൾക്കെല്ലാം അപ്പുറം കടക്കുന്നവരാണ്. ദൈവത്തെ പരമാത്മാവായി തന്റെ ജീവാത്മാവിൽ അവർക്കു അറിയുവാൻ കഴിയും. അതിലേക്കുള്ള വഴിയാണ് ക്രിസ്തു ക്രിസ്തുവിന്റെ ദിവ്യത്വത്തെ അപ്പോൾ അറിയുന്നു. മനുഷ്യന്റെ ബലഹീനതയാൽ ദൈവം മനുഷ്യനായി അവതരിച്ചു. യുക്തിവാദികൾ മനുഷ്യനായി അവതരിച്ച ദൈവത്തെ നിസ്സാരമാക്കി തള്ളുന്നു. എന്നാൽ ക്രിസ്തുവിന്റെ ചൈതന്യത്താൽ ആധ്യാത്മികതയുടെ വലിയ തിരമാലകൾ ഭൂമിയിൽ തകർത്തു് കയറി. ഇന്നും തിരുസഭയിൽ അതു് അനുഭവിക്കേണ്ടവർക്ക് അനുഭവിപ്പാൻ കഴിയുന്നു.

# ദൈവമാതാവും ഓർത്തഡോക്സ് സഭയും [തുടർച്ച]

## എല്ലാ മനുഷ്യർക്കും അമലോത്ഭവം നൽകരുതോ? മാതാവിനോടു പക്ഷപാതം കാണിച്ചില്ലയോ? മാതാവിനുവേണ്ടി പ്രാർത്ഥിക്കുന്നതു മാതാവിൽ പാപമുള്ളതുകൊണ്ടല്ലെ?

## റവ. ഫാ. എം. വി. ജോർജിന്റെ വാദങ്ങൾക്കു മറുപടി

[ഫാ. സി. എ. ഏബ്രഹാം, എം. എ., ബി. ഡി., ബി. ലിറ്റ്. (ഓക്സൺ)]

IV

1) അമലോത്ഭവപ്രഖ്യാപനത്തിന്റെ "അർത്ഥശൂന്യത" തെളിയിക്കാനായി ഫാദർ ജോർജ് ഒരു ത്രിശൂലം പ്രയോഗിച്ചിട്ടുണ്ട്. അതിന്റെ മൂന്നു മുനകളും നമുക്കു പരിശോധിക്കാം. a) ഒന്നാമതായി ഫാ. ജോർജ് ചോദിക്കുന്നതു്, "മാതാവു ജനിച്ചപ്പോൾ പാപമില്ലാതിരിക്കത്തക്കവണ്ണം ക്രിസ്തു പ്രവർത്തിച്ചെങ്കിൽ......എല്ലാ മനുഷ്യരിലും അതുപോലെ പാപരാഹിത്യം വരുത്തുവാൻ ക്രിസ്തുവിനു സാധിക്കുമായിരുന്നില്ലെ?" എന്നാണു്.

ദൈവത്തിനു് അതു ചെയ്യാമായിരുന്നില്ലെ ഇതു ചെയ്യാമായിരുന്നില്ലെ എന്നൊക്കെ ചില "വലിയ ബുദ്ധിമാന്മാർ" ചോദിച്ചുപോകാം. പക്ഷേ, ദൈവം എന്തു ചെയ്തു എന്നു കണ്ടുപിടിക്കാനാണു് സത്യാന്വേഷികൾ ശ്രമിക്കേണ്ടതു്. കന്യകമറിയാമിനെ കൂടാതെ വേറെ ദൈവമാതാക്കളുണ്ടായിരുന്നെങ്കിൽ കന്യകമറിയാമിനു കൊടുത്തതെല്ലാം അവർക്കും കൊടുക്കേണ്ടതായിരുന്നു എന്നു പറയാമായിരുന്നു. അല്ലാതെ, ദൈവമാതാവായിരിക്കാൻ മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ട സ്ത്രീയ്ക്കു മാത്രമായി ദൈവം നൽകിയ പ്രത്യേക കൃപാവരം എല്ലാ മനുഷ്യർക്കും നൽകാമായിരുന്നില്ലെ എന്നു ചോദിക്കുന്നതു് എത്ര അർത്ഥശൂന്യമാണു്! ദൈവമാതാവു എന്നുള്ള പദവി കന്യകമറിയാമിനു മാത്രമുള്ളതാണു്. ആ പദവി വേറൊരാളുമായി പങ്കിടാവുന്നതോ വേറൊരാളിലേയ്ക്കു മാറാവുന്നതോ അല്ല. ദൈവമാതാവു് എന്നുള്ള പദവികൊണ്ടു മാത്രം ലഭിച്ചതും ആ പദവിയിൽനിന്നു വേർപിരിക്കാൻ പാടില്ലാത്തതുമാണു് അമലോത്ഭവകൃപാവരം. അതെങ്ങനെയാണു് മററു മനുഷ്യർക്കും നൽകേണ്ടതാണെന്നു പറയാൻ സാധിക്കുന്നതു്?

ദൈവമാതാവിന്റെ അമലോത്ഭവത്തെപ്പററി മാത്രമല്ല ദൈവത്തിന്റെ ഇതര കൃപാദാനങ്ങളെപ്പററിയും ഫാ. ജോർജിന്റെ ചോദ്യം ഉന്നയിക്കാവുന്നതാണു്. യറമിയാ ദീർഘദർശിയെ മാതൃഗർഭത്തിൽ വച്ചുതന്നെ ദൈവം ശുദ്ധീകരിക്കുകയും പ്രവാചകനായി വേർതിരിക്കുകയും ചെയ്തു (യറ. 1-5). യറമിയായുടെ കാര്യത്തിൽ ചെയ്തതുപോലെ ഇസ്രായേൽക്കാരുടെ എല്ലാവരുടെയും കാര്യത്തിൽ ദൈവത്തിനു ചെയ്യാമായിരുന്നില്ലെ? ദൈവം അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇസ്രായേൽക്കാർ സത്യദൈവത്തിൽനിന്നു് അകലുകയില്ലായിരുന്നല്ലോ. ക്രിസ്തുവിന്റെ മുന്നോടിയായിരുന്ന യോഹന്നാൻ മാതൃഗർഭത്തിൽ വച്ചുതന്നെ ശുദ്ധീകരിക്കപ്പെട്ടു. എല്ലാ മനുഷ്യരേയും ദൈവം ഇപ്രകാരം ശുദ്ധീകരിച്ചിരുന്നെങ്കിൽ എല്ലാവരുടെയും ആത്മരക്ഷ എത്രയോ എളുപ്പമാകുമായി

രുന്നു! എന്തുകൊണ്ടു ദൈവം അതു ചെയ്തില്ല എന്ന ഫാ. ജോർജിനു പറയാമോ? ഇതിനു് അദ്ദേഹം നൽകുന്ന ഉത്തരം അദ്ദേഹത്തിന്റെ ചോദ്യത്തിനും മറുപടിയായിരിക്കും.

6) ത്രിശൂലത്തിന്റെ ഒരു മുനയുടെ മൂർച്ച ഇല്ലാതായി! ഇനി രണ്ടാമത്തേതു പരിശോധിക്കാം. ഫാ. ജോർജിന്റെ ചോദ്യം അതിലെ അക്ഷരപ്പിശകുകളോടെ ഇവിടെ പകർത്തുന്നു: "മാതാവു ജനിച്ചപ്പോൾ പാപം കൂടാതെ ജനിച്ചെങ്കിൽ മാതാവു പാപംചെയ്യാതിരുന്നതു ജന്മപാപമില്ലാതെ ജനിക്കപ്പെട്ടതിനാലാണെന്നും.. ......മാതാവിനോടു ദൈവം പക്ഷപാതത്വം കാണിച്ചെന്നും, കർമ്മപാപം കൂടാതെ ജീവിക്കത്തക്കവണ്ണം മാതാവിനു വലിയ അദ്ധ്വാനമുണ്ടായില്ലെന്നും വരികയില്ലെ?"

മാതാവിനുമാത്രം അമലോത്ഭവം കൊടുക്കുന്നതു് മാതാവിനോടുള്ള പക്ഷപാതമല്ലെ എന്നാണു ഫാ. ജോർജിന്റെ സംശയം. അമലോത്ഭവമാണോ യഥാർത്ഥത്തിൽ പക്ഷപാതമായിരിക്കുന്നതു്? ദൈവമാതാവായിരിക്കാൻ മറിയാമിനെ മുൻകൂട്ടി തിരഞ്ഞെടുത്തു എന്നുള്ളതല്ലെ പക്ഷപാതം? ദൈവം ഏതു സ്ഥാനത്തേയ്ക്കു് ഒരുവനെ വിളിക്കുന്നുവോ ആ സ്ഥാനത്തിനനുയോജ്യമായ കൃപ അവനു ദൈവം നല്കുന്നു. ദൈവമാതാവായിരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവ്യക്തിക്കു് ആ സ്ഥാനത്തിനു യോജിച്ച കൃപ നൽകപ്പെട്ടു അതായിരുന്നു അമലോത്ഭവം. അതുകൊണ്ടു് ദൈവമാതാവായി മറിയാമിനെ തിരഞ്ഞെടുത്തു എന്നുള്ളതാണു് യഥാർത്ഥത്തിൽ പക്ഷപാതമായി കണക്കാക്കപ്പെടേണ്ടതു്. അമലോത്ഭവം ആ ദൈവികതിരഞ്ഞെടുപ്പിന്റെ ഫലം മാത്രമായിരുന്നല്ലോ.

ദൈവത്തിന്റെ തിരഞ്ഞെടുപ്പുകളെയും ദാനങ്ങളെയും പററിയുള്ള അജ്ഞതകൊണ്ടാണു് ദൈവത്തിൽ പക്ഷപാതം ആരോപിക്കാനിടയാകുന്നതു്. ഒന്നിനെ തിരഞ്ഞെടുക്കുക എന്നു പറഞ്ഞാൽ മറെറാന്നിനെ നിരസിക്കുക എന്നാണെന്നും ദൈവത്തിന്റെ തിരഞ്ഞെടുപ്പു് പക്ഷപാതത്തെ സൂചിപ്പിക്കുന്നു എന്നും മററുമുള്ള ചിന്താഗതി മനുഷ്യരെ സംബന്ധിച്ചു് ശരിയായിരിക്കാം. ദൈവത്തെ സംബന്ധിച്ചു് അപ്രകാരമല്ല. ദൈവം ഒരു വ്യക്തിയെ തിരഞ്ഞെടുക്കുന്നതു് ആ വ്യക്തിക്കു വേണ്ടിയല്ല, സർവ്വരുടെയും നന്മയെ ലക്ഷ്യമാക്കിയാണു്. പഴയനിയമത്തിൽ അബ്രഹാമിനെയും മോശയെയും പുതിയനിയമത്തിൽ പത്രോസിനെയും ദൈവം പ്രത്യേകം തിരഞ്ഞെടുത്തതു് അവരുടെ സ്വാർത്ഥതയ്ക്കു വേണ്ടിയല്ല, സഭയ്ക്കും ലോകത്തിനും വേണ്ടിയാണു്. അതുപോലെ ദൈവമാതാവിന്റെ തിരഞ്ഞെടുപ്പും അമലോത്ഭവദാനവും സഭയ്ക്കും മനുഷ്യരാശിക്കു മുഴുവനും വേണ്ടിയായിരുന്നു.

ദൈവത്തിന്റെ നീതി മനുഷ്യരുടെ നീതിയെ കവിയുന്നതാണു്. മൂന്നാംമണിസമയത്തും പതിനൊന്നാംമണിസമയത്തും വേലയ്ക്കു വരുന്നവർക്കു് ഒരുപോലെ കൂലി നൽകാൻ സ്വാതന്ത്ര്യമുള്ള യജമാനനെപ്പോലെ (മത്തായി 20: 15) ദൈവം തന്റെയിഷ്ടപ്രകാരം ദാനങ്ങൾ നൽകുന്നു. മനുഷ്യനു് യാതൊരവകാശവാദവും ദൈവമുമ്പിൽ ഇല്ലെന്നുള്ളതാണു് ദൈവനീതിയുടെ അടിസ്ഥാനംതന്നെ. ദൈവമാതാവിനോ പ്രവാചകനോ മററാർക്കെങ്കിലുമോ എന്തുകൊണ്ടു കൂടുതൽ കൃപ കൊടുത്തു എന്ന ചോദ്യത്തിനു് ഇവിടെ യാതൊരു പ്രസക്തിയുമില്ല. എല്ലാ മനുഷ്യർക്കും ഒരുപോലെ ബുദ്ധി നൽകപ്പെടാത്തതെന്തു് എന്നു ചോദിക്കുന്നതുപോലെ ബുദ്ധിശൂന്യമായ ഒരു ചോദ്യമായിരിക്കുമതു്.

ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ഇതര പുരാതനസംസ്കാരങ്ങളുടെയും ചരിത്രമറിയാവുന്നവർ ചോദിച്ചുപോകും, ദൈവം ഇവരെയെല്ലാം വിട്ടിട്ടു് ഇസ്രായേലിനെ തിരഞ്ഞെടുത്തതു് എന്തിനായിരുന്നെന്നു്. [How odd, of God, to choose, The Jews!] ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തതിന്റെ കാരണം ഇസ്രായേൽ ജനതയിലോ അവരുടെ നേട്ടത്തിലോ അല്ല കാണേണ്ടതു്. അതു ദൈവഹിതമാണു്, ദൈവത്തിന്റെ തിരഞ്ഞെടുപ്പാണു്, അതിന്റെ കാരണം ദൈവസ്വഭാവത്തിൽ മാത്രം അടങ്ങിയിരിക്കുന്നു. ദൈവമാതാവിന്റെ തിരഞ്ഞെടുപ്പിന്റെ കാരണവും ദൈവ

സ്വഭാവത്തിൽ മാത്രമാണു് നമുക്കു കാണാൻ കഴിയുന്നതു്. മറിയാം എന്ന യഹൂദപ്പെൺകിടാവിന്റെ സൽസ്വഭാവത്തിൽ പ്രീതി തോന്നി അവൾക്കർഹമായ ഒരു സമ്മാനമായിട്ടല്ല ദൈവമാതാവെന്ന സ്ഥാനം ദൈവം അവൾക്കു നൽകിയതു്. ഫാ. ഫ്ളോറോവ്സ്കി പറയുന്നതുപോലെ, 'കന്യകമറിയാമിന്റെ നിരുപമമായ സ്ഥാനം അവളുടെ സ്വന്തമായ നേട്ടമൊ പുണ്യത്തിന്റെ പ്രതിഫലമൊ അല്ലെന്നു വ്യക്തമാണു്. സർവ്വോപരി അതു ദൈവത്തിന്റെ സൗജന്യനൽവരമായിരുന്നു. നിത്യമായതും ഉപാധിയററതുമായ ഒരു തിരഞ്ഞെടുപ്പായിരുന്നു അതു്. ["The unique position of the Virgin Mary is obviously not her own achievement, nor simply a reward for her merits. It was supremely a free gift of God. It was an absolute and eternal election."] ദൈവമാതാവായിരിക്കാൻ മറിയാമിനെ തിരഞ്ഞെടുത്തതു പക്ഷപാതമല്ലെങ്കിൽ ദൈവമാതാവിന്റെ സ്ഥാനത്തിനു യോജിച്ചതായ അമലോത്ഭവം അവൾക്കു നൽകിയതും പക്ഷപാതമാവുകയില്ലല്ലോ. ദൈവത്തിന്റെ തിരഞ്ഞെടുപ്പുകൾ പക്ഷപാതമായി വ്യാഖ്യാനിക്കുന്നതു് എത്രയോ ബാലിശമാണു്!

പക്ഷപാതാരോപണത്തോടു ചേർത്തു വേറൊരു പ്രശ്നവും ഫാ. ജോർജ് ഉന്നയിച്ചിട്ടുണ്ടു്. "മാതാവു പാപം ചെയ്യാതിരുന്നതു ജന്മപാപമില്ലാതെ ജനിച്ചതുകൊണ്ടാണെന്നും, കർമ്മപാപമില്ലാതെ ജീവിക്കാൻ മാതാവിനു വലിയ അദ്ധ്വാനമുണ്ടായില്ലെന്നും പറയേണ്ടിവരും" എന്നത്രെ അദ്ദേഹം പ്രസ്താവിക്കുന്നതു്.

ജന്മപാപക്കറയില്ലാതെ ജനിച്ചതുകൊണ്ടു് പാപം ചെയ്യാൻ സാധിക്കാത്ത ഒരു മനുഷ്യയന്ത്രമായിരുന്നു ദൈവമാതാവു് എന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നില്ല. ദൈവമാതാവിനു പാപം കൂടാതെ ജീവിക്കുന്നതിനും വിശുദ്ധിയിലും കൃപയിലും വളരുന്നതിനും വളരെ അദ്ധ്വാനം ആവശ്യമായിരുന്നു എന്നുള്ളതു് നമുക്കു ഗ്രഹിക്കുവാൻ പ്രയാസമുള്ള കാര്യമല്ല. ജന്മപാപത്തിന്റെ കറയില്ലെങ്കിൽ കർമ്മപാപത്തിനെതിരായുള്ള പോരാട്ടം വേണ്ടിവരികയില്ലെന്നു പറയുന്നതിലർത്ഥമില്ല. നമ്മുടെ കർത്താവു പോലും സകല കാര്യങ്ങളിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടെങ്കിൽ [എബ്രാ: 4-15], ദൈവമാതാവിനു പരീക്ഷകളോടു മല്ലിടേണ്ടിവന്നില്ലെന്നു പറയാനൊക്കുമൊ? ആദാമിനും ഹവ്വായ്ക്കും ജന്മപാപമില്ലായിരുന്നിട്ടും അവർ പാപത്തിൽ വീണുപോയല്ലൊ. ദൈവം തന്നിട്ടുള്ള സ്വാതന്ത്ര്യം ദുരുപയോഗം ചെയ്താൽ ആരും തെററിപ്പോകാവുന്നതാണു്. അതുകൊണ്ടു്, പാപം കൂടാതെ ജീവിക്കാൻ ദൈവമാതാവിനു വലിയ അദ്ധ്വാനം ആവശ്യമായിരുന്നു എന്നു സ്ഥാപിക്കാൻ വേണ്ടി മാത്രം ദൈവമാതാവിനെ ജന്മപാപം പിടിച്ചേൽപ്പിക്കേണ്ട കാര്യമൊന്നുമില്ല!

ദൈവമാതാവിൽ കർമ്മപാപത്തിന്റെ ലേശം പോലുമില്ലായിരുന്നുവെന്നു് ഫാ. ജോർജ് സമ്മതിക്കുന്നുണ്ടല്ലോ. ദൈവത്തിന്റെ പ്രത്യേകമായ കൃപാവരം കൂടാതെ ഇതു സാധിച്ചു എന്നായിരിക്കുമൊ അദ്ദേഹം വിശ്വസിക്കുന്നതു്? ഒരു പ്രമുഖ ആംഗ്ലിക്കൻ വേദശാസ്ത്രജ്ഞനായ ഡോ. മാസ്കലിന്റെ പ്രസക്തമായ ചില വാക്കുകൾ ഫാ. ജോർജിന്റെ അറിവിനായി ഇവിടെ ഉദ്ധരിക്കുന്നു: "മറിയാം സൃഷ്ടിക്കപ്പെട്ട സമയത്തു പ്രത്യേകമായ കൃപയൊന്നും ലഭിക്കാതെയാണു് അവൾ കർമ്മപാപത്തിൽനിന്നും തികച്ചും വിമുക്തയായി ജീവിച്ചതു് എന്നു വിചാരിക്കുവാൻ വളരെ പ്രയാസമുണ്ടു്......മറിയാം ജന്മപാപത്തിൽനിന്നു വിമുക്തയാക്കപ്പെട്ടിരുന്നു എന്നു വിശ്വസിക്കുന്നതാണു് അവൾ കർമ്മപാപത്തിൽനിന്നു വിമുക്തയായിരുന്നു എന്നു വിശ്വസിക്കുന്നതിനെക്കാൾ വാസ്തവത്തിൽ എളുപ്പമായി എനിക്കു തോന്നുന്നതു്." ["To suppose that Mary was free from actual sin without having received any special grace at her creation would seem to me to be very difficult.... I must say that it seems to me in fact easier to believe in Mary's freedom from original than from actual sin."—Mother of God.]

c) ത്രിത്വത്തിന്റെ രണ്ടാമത്തെ മുനയും

പോയി! മൂന്നാമത്തെ മുനയാണ് ഇനി പരിശോധിക്കാനുള്ളതു്. തന്റെ ലേഖനത്തിന്റെ ആദ്യഭാഗത്തു പ്രകാശിപ്പിച്ചു കഴിഞ്ഞതായ ഒരു വാദം ആവർത്തിച്ചുകൊണ്ടു ഫാ. ജോർജ് ഇപ്രകാരം പറയുന്നു: "മനുഷ്യാവതാരത്തിനു മുമ്പു ക്രിസ്തുവിന്റെ രക്ഷണ്യകൃപ മറിയാമിനു ലഭിച്ചു എന്നു പറയുന്നതു്, ചരിത്രത്തിന്റെ യാഥാർത്ഥ്യവും ആവശ്യകതയും നിഷേധിക്കുകയും സമയവും സ്ഥലകാലങ്ങളും സാരമില്ലെന്നു കരുതുകയും ചെയ്യുന്ന യവനായ ചിന്താഗതിയാകും".

അമലോത്ഭവവിശ്വാസം ഗ്രീക്കുചിന്താഗതിയുടെ ഫലമാണെന്നുള്ള ആരോപണത്തിന് ഇതിനു മുമ്പു മറുപടി പറഞ്ഞിട്ടുണ്ട്. അതിവിടെ ആവർത്തിക്കുന്നില്ല. ദൈവമാതാവിനെ ദൈവം മുൻകൂട്ടി നിർണ്ണയിച്ചു തിരഞ്ഞെടുത്തു എന്നുള്ളതു നൂറുശതമാനവും ഓർത്തഡോക്സു വിശ്വാസമാണെന്നു നാം കണ്ടുകഴിഞ്ഞു. മാതാവിന്റെ നിത്യമായ തിരഞ്ഞെടുപ്പ് യവനായ ചിന്തയല്ലെങ്കിൽ ജനനനിമിഷത്തിൽ പ്രത്യേക കൃപമൂലം ജന്മപാപക്കറയിൽനിന്നു മാതാവു സംരക്ഷിക്കപ്പെട്ടു എന്നുള്ളതു് അതുപോലും യവനായ ചിന്തയാവുകയില്ലല്ലൊ. ക്രിസ്തീയവിശ്വാസത്തിനു വിരുദ്ധമല്ലെങ്കിൽ യവനായ ചിന്തയും സ്വീകാര്യം തന്നെയാണ്.

ലോകാരംഭം മുതൽ ജീവിച്ചിരുന്ന എല്ലാ മനുഷ്യരും നീതീകരിക്കപ്പെട്ടു സ്വർഗ്ഗഭാഗ്യത്തിനവകാശികളാകുന്നതു് ക്രിസ്തുവിൽക്കൂടെ മാത്രമാണ്. മനുഷ്യരക്ഷയ്ക്കായി ക്രിസ്തുവിന്റേതല്ലാതെ വേറെ നാമമില്ല. (അപ്പോ. പ്ര. 4: 12). ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പു മരണമടഞ്ഞിരുന്നവർ ക്രിസ്തുമൂലം രക്ഷിക്കപ്പെട്ടു എന്നു പറഞ്ഞാൽ ഭൂമിയിലെ അവരുടെ ജീവിതത്തിനു യാഥാർത്ഥ്യമോ വിലയോ ഇല്ലായിരുന്നെന്നും സ്ഥലകാലങ്ങൾ നിസ്സാരങ്ങളാണെന്നും വന്നു ഭവിക്കുമോ? ദൈവമാതാവിനു മുൻകൂട്ടി കൃപ ലഭിച്ചു എന്നു പറയുന്നതുകൊണ്ടും ചരിത്രത്തിന്റെ യാഥാർത്ഥ്യവും ആവശ്യകതയും ആവിയായിപ്പോകുന്നില്ല. വരാൻപോകുന്ന കുരിശുമരണത്തെ മുമ്പിൽ കണ്ടുകൊണ്ടു്, അന്ത്യഅത്താഴസമയത്തു്, പാനപാത്രത്തെപ്പററി "ഇതു പാപങ്ങളുടെ മോചനത്തിനായി ചിന്തപ്പെടുന്ന പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു" (മത്താ 26-28) എന്നു കർത്താവു പറഞ്ഞതു് സ്ഥലകാലങ്ങളെ നിസ്സാരമായി കരുതിയതുകൊണ്ടായിരുന്നോ? ദൈവമാതാവായിരിക്കാനുള്ള നിത്യമായ തിരഞ്ഞെടുപ്പുമൂലം വി. ത്രിത്വവുമായിട്ടുള്ള പ്രത്യേകമായ ബന്ധത്തിൽ ദൈവമാതാവു മുൻനിയമിക്കപ്പെട്ടെന്നു വിശ്വസിക്കാമെങ്കിൽ (അതു് ഓർത്തഡോക്സു വിശ്വാസമാണെന്നു ഇതിനുപരി നാം കണ്ടു) ക്രിസ്തുവിന്റെ രക്ഷണ്യകൃപ ദൈവമാതാവിൽ മുൻകൂട്ടി പ്രവർത്തിച്ചു എന്നു വിശ്വസിക്കുന്നതിനും പ്രയാസമില്ല. ദൈവദൃഷ്ടിയിൽ എല്ലാ സമയവും ഒരുപോലെ തന്നെ; സ്വർഗ്ഗത്തിൽ എല്ലാക്കാലവും വർത്തമാനകാലമായിരിക്കുമല്ലൊ.

## 2) മാതാവിനു"വേണ്ടി"യുള്ള പ്രാർത്ഥന

a) അമലോത്ഭവത്തിനെതിരായുള്ള ഫാദർ ജോർജിന്റെ സുപ്രധാനമായ ഒരു വാദമാണ് ഇനി പരിശോധിക്കാനുള്ളതു്. അദ്ദേഹം ഇപ്രകാരം വാദിക്കുന്നു: "കളങ്കമില്ലാത്ത കന്യക, ആദിയായ പദപ്രയോഗങ്ങൾ ഓർത്തഡോക്സു സഭ ഉപയോഗിക്കുന്നതു് "ജന്മപാപമില്ലാത്തവൾ" എന്നായർത്ഥത്തിലല്ല—കർമ്മപാപത്തെക്കുറിച്ചു മാത്രമാണ് താദൃശപ്രയോഗങ്ങൾ—അതിനാലാണ് ഓർത്തഡോക്സു സഭ ദൈവമാതാവിനുവേണ്ടി വി. കുർബാന ചൊല്ലുന്നതു്".

ദൈവമാതാവിൽ കർമ്മപാപമില്ലെങ്കിലും ജന്മപാപമുള്ളതുകൊണ്ടാണ് ദൈവമാതാവിനുവേണ്ടി വി. കുർബാന ചൊല്ലുന്നതു് എന്നാണല്ലൊ ഫാ. ജോർജ് ഇവിടെ വ്യക്തമാക്കുന്നതു്. ഇപ്രകാരം പറഞ്ഞിരിക്കുന്നതിന്റെ രണ്ടു ഖണ്ഡികയ്ക്കു മുകളിൽ ഫാ. ജോർജ്ജു തന്നെ പറഞ്ഞിരിക്കുന്നതു് "......മനുഷ്യാവതാരത്താലാണ് ജന്മപാപം മാതാവിന്റേതുപോലും മാറിപ്പോയതു്" എന്നത്രെ. ദൈവമാതാവിന്റെ ജന്മപാപം വചനിപ്പുസമയത്തു മാറിപ്പോയി എന്നു ഒരു സ്ഥലത്തും, അങ്ങനെയല്ല ഓർത്തഡോക്സുകാർ വി. കുർബാന ചൊല്ലി മാതാവി

ന്റെ ജന്മപാപം മാററിക്കൊണ്ടിരിക്കുന്നതെ യുള്ളു എന്നു മറെറാരു സ്ഥലത്തും ഫാ. ജോർജ്ജു തന്നെ പ്രസ്താവിക്കുന്നു! ഇതിലേതാണു അദ്ദേഹം വിശ്വസിക്കുന്നതെന്നറിഞ്ഞിരുന്നെങ്കിൽ മറു പടി പറയാൻ എളുപ്പമുണ്ടായിരുന്നു.

"ദൈവമാതാവിനുവേണ്ടി വി. കുർബാന ചൊല്ലുന്നു" എന്നുള്ളതിലെ "വേണ്ടി"യാണു് ഫാ. ജോർജിനെ വഴിതെററിച്ചതെന്നു തോ ന്നുന്നു. മരിച്ചുപോയവർക്കു വേണ്ടി വി. കുർ ബാന ചൊല്ലുന്നുണ്ടു്. അതു അവരുടെ പാപ മോചനത്തിനും ശുദ്ധീകരണത്തിനും വേണ്ടി യാണു്. പരിശുദ്ധന്മാരുടെയും ദൈവമാതാ വിന്റെയും ബഹുമാനത്തിനായിട്ടും അവരുടെ പ്രാത്ഥനകൾവഴി നമുക്കനുഗ്രഹങ്ങൾ ലഭിക്കു ന്നതിനായിട്ടും വി. കുർബാന ചൊല്ലുന്നുണ്ടു്. രണ്ടു വിധത്തിലുള്ള ഈ നിയോഗങ്ങൾക്കും സുറിയാനിയിൽ 'ഹ്ലോപ്' എന്ന പദമാണു പ്രയോഗിച്ചിരിക്കുന്നതു്. മരിച്ചുപോയവർക്കുള്ള പ്രാത്ഥനയുടെ സന്ദർഭത്തിൽ "മരിച്ചുപോയ വർക്കു് അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി" എന്നും പരിശുദ്ധന്മാരോടുള്ള പ്രാത്ഥനയുടെ സന്ദർഭത്തിൽ "പരിശുദ്ധന്മാരുടെ പ്രാത്ഥന വഴിയായി നമുക്കു് അനുഗ്രഹം ലഭിക്കുന്നതിനു വേണ്ടി" എന്നും പറഞ്ഞിരിക്കുന്നതിൽനിന്നും ഈ സുറിയാനിവാക്കിന്റെ അർത്ഥവ്യാപ്തി ഗ്രഹിക്കേണ്ടതാകുന്നു. ഈ അത്ഥവ്യാപ്തി ഓർ ത്തഡോക്സ് കുർബാന തക്സായിൽതന്നെ സംശയത്തിനിടയില്ലാത്തവണ്ണം വ്യക്തമായി കാണാവുന്നതാണു്.

ഫാ. എം. വി. ജോർജ്ജും ഞാനും ഉപയോഗി ക്കുന്ന കുർബാനതക്സായിൽ തുബ്ദേനയുടെ (ഒരുക്കശുശ്രൂഷയുടെ)രണ്ടു പ്രാത്ഥനകൾ ഇവിടെ ഉദ്ധരിക്കാം. "വി. കുർബാന മരിച്ചുപോയ വർക്കുവേണ്ടിയാണെങ്കിൽ ഈ പ്രാത്ഥന ചൊ ല്ലണം" എന്ന തലക്കെട്ടിൽ തക്സായിൽ കൊടുത്തിരിക്കുന്ന പ്രാത്ഥന ഇതാണു്. "ദൈ വമെ, നീ കുർബാനയാകുന്നു, നിനക്കു കുർ ബാന അണയ്ക്കപ്പെടുകയും ചെയ്യുന്നു. ഈ ജീവിതത്തിൽനിന്നു വാങ്ങിപ്പോയ നിന്റെ ദാസനായ—ന്റെ ആത്മാവിനുവേണ്ടി ബല ഹീനപാപിയായ എന്റെ കൈകളിൽനിന്നു് ഈ ബലിയെ സ്വീകരിക്കണമെ. ദൈവമായ കത്താവെ, അവന്റെ പാപങ്ങളെയും കുററങ്ങ ളെയും ക്ഷമിക്കുകയും, നിന്റെ ഇഷ്ടം പ്രവ ത്തിച്ചിട്ടുള്ളവരോടുകൂടെ നിന്റെ പ്രകാശമുള്ള ഭവനങ്ങളിൽ അവനു് ആശ്വാസവും സങ്കേതവും നൽകുകയും ചെയ്യണമെ".

"ദൈവമാതാവിനു വേണ്ടിയാണെങ്കിൽ ഈ പ്രാത്ഥന ചൊല്ലണം" എന്ന തലക്കെട്ടിൽ തക്സാ യിൽ കൊടുത്തിരിക്കുന്ന പ്രാത്ഥന ഇതാണു്: "ആർക്കുവേണ്ടിയും ആരുടെ ബഹുമതിക്കായിട്ടും ഈ കുർബാന പ്രത്യേകമായി അർപ്പിക്കപ്പെടു ന്നുവോ ആ ദൈവമാതാവായ മറിയാമിനെ ഞങ്ങൾ സ്മരിച്ചുകൊണ്ടു്, അവളുടെ പ്രാത്ഥന യുടെ സഹായത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന നിന്റെ ദാസൻ (ഇന്നാക്കു)വേണ്ടി ദൈവമായ കത്താവെ, നിന്റെ സന്നിധിയിൽ അവൾ മാദ്ധ്യസ്ഥം വഹിക്കണമെ എന്നപേക്ഷിക്കുന്നു. നല്ലവനും കാരുണ്യവാനുമായ കത്താവെ, നീ കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന നിന്റെ മാതാവിന്റെ പ്രാത്ഥനകളാൽ, അ വളെ സ്മരിക്കുകയും അവൾക്കു ബഹുമതി നൽ കുകയും ചെയ്യുന്നവരുടെ അപേക്ഷകൾ സാധി ക്കണമെ. പരീക്ഷകളിൽനിന്നും ക്രോധത്തി ന്റെ വടികളിൽനിന്നും അവരെ കാത്തുകൊ ള്ളുകയും നിന്റെ മാതാവിന്റെ പ്രാത്ഥനയാൽ അവരുടെ കുററങ്ങളും പാപങ്ങളും ക്ഷമിക്കു കയും ചെയ്യണമെ."

മാതാവിനുവേണ്ടിയുള്ളതെന്നു പറയപ്പെടുന്ന ഈ പ്രാത്ഥന മാതാവിന്റെ പ്രാത്ഥനയിൽ ശരണപ്പെടുന്നവർക്കുവേണ്ടിയുള്ളതാണെന്നു് സം ശയത്തിനിടയില്ലാത്തവണ്ണം വ്യക്തമാണു്. മാതാവിന്റെ ജന്മപാപം മാററാനുള്ള പ്രാത്ഥ നയായി ഇതിനെ വ്യാഖ്യാനിക്കുവാൻ മുതി യുന്നതു് അസാമാന്യമായ ഒരു സാഹസം തന്നെ. മാതാവിനെ പ്രതിയും മാതാവിന്റെ ബഹുമാ നത്തിനായിട്ടുമാണു് ആ പ്രാത്ഥനകൾ നടത്തു ന്നതു്; മാതാവിനു് എന്തെങ്കിലും പാപമോ ചനം കിട്ടാൻവേണ്ടിയല്ല. ദൈവമാതാവി ന്റെ ജന്മപാപമൊ കമ്മപാപമൊ ഹേതുവാ

യിട്ടു് ദൈവമാതാവിനുവേണ്ടി പ്രാർത്ഥിക്കുന്നു എന്നർത്ഥം തോന്നിക്കുന്ന ഏതെങ്കിലും ഓർത്തഡോക്സു പ്രാർത്ഥന ഉദ്ധരിക്കുന്നതിനു ഫാദർ ജോർജിനെ വെല്ലുവിളിക്കുവാൻ എനിക്കു മടി തോന്നുന്നില്ല.

മരിച്ചവർക്കു വേണ്ടിയുള്ള അപേക്ഷയും പരിശുദ്ധന്മാരോടുള്ള അപേക്ഷയും തമ്മിലുള്ള വ്യത്യാസം ക്രിസ്തീയ വേദശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങളിൽപ്പെട്ട ഒന്നാണു്. അതിനെ വിശദീകരിക്കാനുള്ള സന്ദർഭമല്ല ഇതെങ്കിലും കാർഡിനൽ ന്യൂമാന്റെ ഒരു വാചകം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "It would be preposterous to pray for those who are already in glory; but they can pray for us and we can ask their prayers". "മഹത്വപ്രാപ്തി കഴിഞ്ഞവർക്കുവേണ്ടി (പരിശുദ്ധന്മാർക്കുവേണ്ടി) പ്രാർത്ഥിക്കുന്നതു കേവലം ഭോഷത്വമായിരിക്കും. എന്നാൽ നമുക്കുവേണ്ടി പ്രാർത്ഥിക്കാൻ അവർക്കു കഴിയും, അവരുടെ പ്രാർത്ഥനാസഹായം നമുക്കപേക്ഷിക്കുകയും ചെയ്യാം". പരിശുദ്ധന്മാരെ വേർതിരിച്ചു കാണുകയോ അവരോടു പ്രാർത്ഥിക്കുകയോ ചെയ്യുന്നതു തെററാണെന്നു വിശ്വസിക്കുന്ന ചില പ്രോട്ടസ്റ്റന്റു ചിന്താഗതിക്കാർക്കു് ഈ പ്രസ്താവന ഗ്രഹിക്കാൻ പ്രയാസമായിരിക്കും.

ഒരു ചെറിയ സംശയം ഫാ. ജോർജിനോടു ചോദിച്ചുകൊള്ളട്ടെ. കളങ്കമില്ലാത്ത കന്യക, മാലിന്യമില്ലാത്ത മുത്തു്, രണ്ടാമത്തെ സ്വർഗ്ഗം, ജീവന്റെ ഉറവ, സകല സൗന്ദര്യങ്ങളും നിറഞ്ഞവൾ, മാലാഖമാരുടെ രാജ്ഞി, ആദിയായി ദൈവമാതാവിനെപ്പററിയുള്ള നിരവധി വിശേഷണപദങ്ങൾ ഓർത്തഡോക്സുസഭ ഉപയോഗിച്ചുവരുന്നതു് മാതാവിലുള്ള ജന്മപാപത്തിന്റെ തെളിവുകളായിട്ടാണോ ബ. അച്ചൻ വ്യാഖ്യാനിക്കുന്നതു്? കർമ്മപാപത്തിന്റെ അഭാവം മാത്രമാണു് ഈദൃശ പദപ്രയോഗങ്ങൾ സൂചിപ്പിക്കുന്നതു് എന്നു ബ. അച്ചൻ പറയുന്നതു് എന്തടിസ്ഥാനത്തിലാണു്? അതിനു തെളിവു വല്ലതുമുണ്ടോ?

6) ഫാ. ജോർജിന്റെ ലേഖനത്തിൽ ഇനി ബാക്കിയുള്ളതു് കുർബാനതക്സായിൽനിന്നും മററുമുള്ള ചില ഉദ്ധരണികളാണു്. "പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായുമല്ലാതെ പരിശുദ്ധനില്ല", "നിന്റെ ഏകജാതനായ പുത്രൻ മാത്രമല്ലാതെ നിന്റെ മുമ്പാകെ കുററമില്ലാത്തവനില്ല" എന്നിങ്ങനെ ചില വാചകങ്ങൾ ഉദ്ധരിച്ചിട്ടു ഫാ. ജോർജു് പറയുന്നതു് ഇവിടെയെങ്ങും മാതാവിന്റെ കാര്യം പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് മാതാവിൽ ജന്മപാപമെങ്കിലും ഉണ്ടായിരിക്കണം എന്നത്രെ

വി. കുർബാനയിൽ പട്ടക്കാരൻ പീലാസാ ഉയർത്തിക്കൊണ്ടു് "വെടിപ്പുള്ളവർക്കും വിശുദ്ധിയുള്ളവർക്കും മാത്രം ഈ വിശുദ്ധതകൾ നൽകപ്പെടുന്നു" എന്നു പ്രഖ്യാപിക്കുമ്പോൾ, സകല വിശുദ്ധിയുടെയും ഉറവിടം വി. ത്രിത്വമാകുന്നു എന്നു ജനങ്ങൾ ഏററുപറയുന്നതാണു് "പരിശുദ്ധനായ ഏക പിതാവും..............." എന്നുള്ള വാക്യം. വി. ത്രിത്വത്തോടു ചേർത്തു മാതാവിന്റെ പേരു പറഞ്ഞില്ലെങ്കിൽ മാതാവിൽ പാപമുണ്ടെന്നൊ ജന്മപാപമുണ്ടെന്നൊ അർത്ഥമുദിക്കുന്നതു് എങ്ങനെയാണാവൊ? അതുപോലെ ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിനെ വർണ്ണിക്കുന്ന പ്രാർത്ഥനകളിലെല്ലാം മാതാവിന്റെ പേരു കൂടെ പറഞ്ഞില്ലെങ്കിൽ അതു മാതാവിന്റെ ജന്മപാപത്തിന്റെ തെളിവാകുമോ?

"ദൈവമെ നീ പരിശുദ്ധനാകുന്നു.........." എന്നു ക്രിസ്തുവിനെ സ്തുതിക്കുന്നതിനോടു ചേർത്തു് "മാതാവെ, നീ പരിശുദ്ധയാകുന്നു" എന്നു കൂടെ പറഞ്ഞില്ലെങ്കിൽ മാതാവിൽ ജന്മപാപമുണ്ടെന്നു വരുമോ? മാതാവിൽ ജന്മപാപവും കർമ്മപാപവുമില്ലെങ്കിൽ ത്രിത്വത്തോടും ദൈവപുത്രനോടും ഒരുമിച്ചു മാതാവിനെ സ്തുതിക്കേണ്ടിവരും എന്നായിരിക്കുമൊ ഫാ. ജോർജു് ധരിച്ചിരിക്കുന്നതു്? സ്രഷ്ടാവായ ദൈവത്തിനു മാത്രം നൽകുന്ന ആരാധനയും ദൈവമാതാവിനും പരിശുദ്ധന്മാർക്കും നൽകുന്ന പുകഴ്ചയും തമ്മിലുള്ള സാരമായ അന്തരം

കത്തോലിക്കാസഭയിലെ കുർബ്ബാനക്രമങ്ങൾക്കുപോലും അറിവുള്ളതാണ്.

ദൈവമാതാവിൽ ജന്മപാപമുണ്ടെന്നു തെളിയിക്കുന്ന അവിതർക്കമായ യാതൊന്നും ഫാദർ ജോർജിനു കാണിക്കുവാൻ സാധിച്ചിട്ടില്ല. മാതാവിൻെറ പാപമില്ലായ്മയെ വ്യക്തമായി സൂചിപ്പിക്കുന്ന അനേകം ഭാഗങ്ങളുടെ നേരെ അദ്ദേഹം മനഃപ്പൂർവ്വം കണ്ണടയ്ക്കുകയും ചെയ്യുന്നു. പ്രസിദ്ധമായ ഒരുദാഹരണം മാത്രം ഇവിടെ ചേർക്കുന്നു. ഓർത്തഡോക്സു കുർബാനയിൽ എന്നും അനുസ്മരിക്കുന്ന പൗരസ്ത്യരുടെ കിരീടമായ മാർ അപ്രേം ഒരു ധ്യാനത്തിൽ ഇപ്രകാരം പറയുന്നു:

"കർത്താവെ, യഥാർത്ഥത്തിൽ നീയും നിൻെറ മാതാവും മാത്രമെ എല്ലാ പ്രകാരത്തിലും സൗന്ദര്യമുള്ളവരായിട്ടുള്ളു, എന്തുകൊണ്ടെന്നാൽ നിന്നിൽ കളങ്കമില്ല; നിൻെറ മാതാവിലും യാതൊരു മാലിന്യവുമില്ല."

[BICKELL, CARM. NISIB. 122]

ദൈവമാതാവിൻെറ അമലോത്ഭവം ഒരു വിശ്വാസസത്യമായി ഓർത്തഡോക്സുസഭകൾ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെന്നുള്ളതു ശരിയാണ്. സാർവ്വത്രികസഭയുടെ ഐക്യത്തിൽനിന്നു വേർപിരിഞ്ഞ ശേഷം സാർവ്വത്രിക സൂന്നഹദോസുകൾ നടത്തുന്നതിനൊ വിശ്വാസസത്യങ്ങൾ പ്രഖ്യാപിക്കുന്നതിനൊ ഓർത്തഡോക്സുസഭകൾക്കു സാധിക്കാതെയായി. പതിനൊന്നാം നൂററാണ്ടിനു ശേഷം കത്തോലിക്കാസഭ നടത്തിയിട്ടുള്ള ഔദ്യോഗികവിശ്വാസപ്രഖ്യാപനങ്ങൾ ഓർത്തഡോക്സു സഭകൾ ഔപചാരികമായി അംഗീകരിച്ചിട്ടില്ലെങ്കിലും, ഇതുവരെയുണ്ടായിട്ടുള്ള കത്തോലിക്കാവിശ്വാസപ്രഖ്യാപനങ്ങൾക്കു വേണ്ടുവോളം അടിസ്ഥാനം ഓർത്തഡോക്സ് ആരാധനക്രമങ്ങളിലും പൗരസ്ത്യസഭാപിതാക്കന്മാരുടെ എഴുത്തുകളിലും കാണാൻ കഴിയും എന്നു സാമാന്യമായി പറയാവുന്നതാണ്. കേരളത്തിലെ ഓർത്തഡോക്സു സഭയുടെ അംഗീകൃത പ്രമാണങ്ങളിൽ ദൈവമാതാവിൻെറ അമലോത്ഭവത്തിനെതിരായ ഒന്നും തന്നെ ഇല്ലെന്നു മാത്രമല്ല ഈ പ്രമാണങ്ങൾ അമലോത്ഭവവിശ്വാസത്തെ അനുകൂലിക്കുന്നവയായി കരുതാവുന്നതാണ്.

[അടുത്ത ലക്കത്തിൽ അവസാനിക്കും]


**For favours received**



**Inserted by**

കുഞ്ഞമ്മ ലൂക്കാസ്, കറുകത്തറ.



**ക്രൈസ്തവകാഹളം**

**പരസ്യനിരക്ക്**

| | | |
|---|---|---|
| 1 പേജിന് | രൂപാ | 40 |
| ½ " | " | 20 |
| ¼ " | " | 10 |
| ഉപകാരസ്മരണാർത്ഥം പടം പ്രസിദ്ധപ്പെടുത്തുന്നതിന് | " | 5 |

മാനേജർ.

# മനുഷ്യപുത്രൻ

## (മാത്യു പടിഞ്ഞാറേതിൽ, പൂനാ.)

വിശുദ്ധഗ്രന്ഥപഠിതാക്കൾക്കും വ്യാഖ്യാതാക്കൾക്കും അനല്പമായ തലവേദനയുളവാക്കിയ ഒരു പ്രശ്നമാണ് "മനുഷ്യപുത്രന്റെ" പ്രശ്നം. നാല്വ സുവിശേഷഗ്രന്ഥങ്ങളിലായി അറുപത്തിഒൻപതു തവണ നാം "മനുഷ്യപുത്രനെ" കണ്ടുമുട്ടുന്നു. പ്രശ്നം വിഷമതരമായതിനാൽ ഭിന്നാഭിപ്രായങ്ങളുടെ എണ്ണവും വ്യാപ്തിയും വർദ്ധിക്കുന്നു. മനുഷ്യനായ ദൈവവചനം തന്റെ മനുഷ്യത്വത്തെ ഉയർത്തിക്കാട്ടുവാൻ തെരഞ്ഞെടുത്ത സംജ്ഞയാണിതെന്നു് ചിലർ വാദിക്കുമ്പോൾ മററു ചിലർ പറയുന്നു, മത്ത്യാനുയുക്തമായ തന്റെ ഓരോ ചെയ്തികൊണ്ടും ക്രിസ്തു തന്റെ മാനുഷികപരിപൂർണ്ണത നമുക്കു വെളിപ്പെടുത്തുകയായിരുന്നു എന്നു്. പുതുമയുടെ പേരിൽ ചരിത്രത്തെയും മതത്തെയും കൂട്ടിക്കെട്ടി കിഴക്കിന്റെ മതതത്വങ്ങളിൽ മനുഷ്യപുത്രനു് ഒരു നവീന വ്യാഖ്യാനം തേടുന്ന കത്തോലിക്കാ പണ്ഡിതന്മാരും നമുക്കു വിരളമല്ല. ഇങ്ങനെ പോകുന്നു, മനുഷ്യപുത്രനു കിട്ടിയ വ്യാഖ്യാനങ്ങൾ. അവ ഒന്നല്ല; രണ്ടല്ല; അനവധിയാണ്.

കൗദാശികജീവിതത്തെക്കാൾ ദൈവവചനപാരായണത്തിലും ദൈവപ്രമാണങ്ങൾ അനുസരിക്കുന്നതിനേക്കാൾ അവയെ ദൈനംദിനം ഉരുവിടുന്നതിലും പൊതുവെ തല്പരരായ നമ്മുടെ സഹോദരരോടു് മനുഷ്യപുത്രന്റെ അർത്ഥം എന്താണെന്നാണു് നമുക്കു് ധൈര്യസമേതം പറയാവുന്നതു് ? ഈ വിഷയത്തിൽ വിഭിന്നങ്ങളെങ്കിലും ശ്രദ്ധാർഹങ്ങളായ അഭിപ്രായങ്ങളിൽ ഏതാനും ചിലതു് ചുരുക്കമായിട്ടെങ്കിലും മാനസ്സിലാക്കുന്നതു് നന്നായിരിക്കുമല്ലോ.

### പഴയനിയമത്തിൽ

പഴയനിയമത്തിലെ മനുഷ്യപുത്രനും പുതിയനിയമത്തിലെ മനുഷ്യപുത്രനും തമ്മിൽ അർത്ഥത്തിലും വ്യാപ്തിയിലും അനല്പമായ അന്തരമുണ്ടു്. പഴയനിയമഗ്രന്ഥങ്ങളിൽ 'മനുഷ്യൻ' എന്ന അർത്ഥത്തിൽ മാത്രം (ബഹുവചനത്തിലും ഏകവചനത്തിലും) 'മനുഷ്യപുത്രൻ' എന്ന പദം ഉപയോഗിച്ചിട്ടുള്ള അവസരങ്ങൾ ബഹുലങ്ങളാണു്.

സംഖ്യ: XXIII: 19 വ്യാജം പറയുവാൻ ദൈവം മനുഷ്യനല്ല.
ആലോചന സ്വീകരിക്കുവാൻ അവൻ മനുഷ്യപുത്രനുമല്ല.

ജോബ് XXV: 6—7. പിന്നെ പുഴുവായിരിക്കുന്ന മനുഷ്യനും കൃമിയായിരിക്കുന്ന മനുഷ്യപുത്രനും എങ്ങനെ?

സങ്കീർത്ത: VIII: 5. മർത്ത്യനെ നീ ഓർക്കേണ്ടതിനു് അവൻ എന്തു ചെയ്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിനു് അവൻ എന്തു മാത്രം.?

പഴയനിയമത്തിൽ, പദ്യഭാഷയിൽ പ്രത്യേകിച്ചും, ഈ പദത്തിനു് ഇങ്ങനെ ഒരർത്ഥം ഉള്ളതുകൊണ്ടാണു്, "മനുഷ്യർ," "മനുഷ്യവംശം" എന്നീ പദങ്ങളിൽ, ബഹുവചനത്തിലും, ഈ പ്രയോഗമുണ്ടായതു്. ബഹുവചനത്തിൽ ഉപയോഗിച്ചിട്ടുള്ള ചില സന്ദർഭങ്ങൾ:

ആവർത്തനം 32: 8. സങ്കീർത്തനം X:5 (XI:4) XII (XV): 2 XX (XXI) :11 മുതലായവ. എസക്കിയേലിന്റെ പുസ്തകത്തിൽ തൊണ്ണൂറുതവണയും ദാനിയേലിന്റെ ദീർഘദർശനത്തിൽ ഒരു തവണ (VIII: 17) യും നാം കാണുന്ന മനുഷ്യപുത്രനു് നേരത്തെ പറഞ്ഞതിൽനിന്നും വിഭിന്നമായ അർത്ഥമാണുള്ളതു്. ഉദാഹരണമായി: ഹെസക്കിയേൽ 2: 1, 3, 6, 8; 3: 1, 3, 4, 10, 17, 25 മുതലായവ.

2: 1......മനുഷ്യപുത്രാ! എഴുന്നേററു നില്ക്കുക, ഞാൻ നിന്നോടു സംസാരിക്കട്ടെ.

2: 3 അല്ലയോ മനുഷ്യപുത്രാ! നിന്നെ ഞാൻ അയയ്ക്കുന്നു.

2: 6. അല്ലയോ മനുഷ്യപുത്രാ! നീ അവരെ പേടിക്കേണ്ട.

2: 8 നീയോ എന്നാൽ മനുഷ്യപുത്രാ! ഞാൻ പറയുന്നതെല്ലാം കേൾക്കുക; മുതലായവ.

ദാനിയേൽ 8: 17. അല്ലയോ മനുഷ്യപുത്രാ!
അവസാനനാളിൽ ദർശനം
നിവൃത്തിയാകുമെന്നറിഞ്ഞാലും.

ഈ സന്ദർഭങ്ങളിലെല്ലാം 'മനുഷ്യപുത്രാ' എന്ന സംബോധനാരൂപത്തിലാണ് ഈ പദം കാണപ്പെടുന്നതു്. അതുകൊണ്ടു് ദീർഘദർശിയെയാണ് ഈ പദം കൊണ്ടു് വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്നു സുവിദിതം. വെറുമൊരു ബലഹീനസൃഷ്ടിയും മർത്ത്യനുമായ ദീർഘദർശിക്കും, ലോകങ്ങളുടെ പരിപാലകനും അമർത്ത്യനുമായ സ്രഷ്ടാവിനും തമ്മിലുള്ള അന്തരത്തെയാണു് ഈ സംബോധനാരീതി നമ്മെ ഓർമ്മപ്പെടുത്തുന്നതു്.

## അഭിഷിക്തനുമായുള്ള അർത്ഥസാധർമ്മ്യം

"മനുഷ്യപുത്രനെപ്പോലെ ഒരാൾ ആകാശമേഘങ്ങളിൽ വരുന്നതു രാത്രിദർശനത്തിൽ ഞാൻ കണ്ടു" ദാനിയേൽ ദീർഘദർശി താൻ കണ്ട ദർശനം വിവരിക്കുമ്പോൾ പറയുന്ന വാക്യമാണിതു് (ദാനി. VII: 13) ഭൂമിയിൽ ശക്തിപ്പെട്ടുവാനിരിക്കുന്ന നാലു രാജ്യങ്ങളെ പ്രതിനിധാനം ചെയ്ത ആ നാലു മൃഗങ്ങളെ (ദാനി. 7: 17) വിധിക്കുവാൻ വന്ന ഭയങ്കര വിധിയാളനാണു് മനുഷ്യപുത്രൻ. മനുഷ്യപുത്രനും മിശിഹായും തമ്മിൽ അർത്ഥസാധർമ്മ്യം ഉണ്ടാകുന്നതു് ദാനിയേൽ വിവരിക്കുന്ന ഈ ദർശനത്തിൽ നിന്നുമാണു്.

ഇസ്രേലിന്റെ ശത്രുക്കളായ കൽദയ, പേർഷ്യാ, ഗ്രീസു്, റോം എന്നീ നാലു രാജ്യങ്ങളെയാണു് ഈ നാലു മൃഗങ്ങൾ പ്രതിനിധാനം ചെയ്യുന്നതു്. എന്നേയ്ക്കും നിലനിൽക്കുന്ന രാജ്യമുള്ളവനും എല്ലാ രാജാക്കന്മാരാലും സ്നേഹിക്കപ്പെടുകയും അനുസരിക്കപ്പെടുകയും ചെയ്യുന്നവനുമായ (ദാനി 7: 27) അത്യുന്നതന്റെ വിശുദ്ധരായ, തെരഞ്ഞെടുക്കപ്പെട്ട ജനത്തെയാണു് മനുഷ്യപുത്രസംജ്ഞയാൽ ഇവിടെ ഉദ്ദേശിക്കുന്നതെങ്കിലും വിവക്ഷിതവും വരുവാനിരിക്കുന്നതുമായ സാമ്രാജ്യത്തിന്റെ അധിപനായ ഒരു മിശിഹായേയും ഇവിടെ ഉദ്ദേശിക്കുന്നുണ്ടു്. ഇതര പഴയ നിയമഗ്രന്ഥങ്ങളെപ്പോലെ ദാനിയേലിന്റെ ദീർഘദർശനവും ഇസ്രേൽ ജനതയ്ക്കു് സുപരിചിതമായിരുന്നു എന്നതിനു സംശയമില്ല. എന്നാൽ 'മനുഷ്യപുത്രൻ' എന്ന പേർ മിശിഹായെ സംബന്ധിക്കുന്നതായി അവർ മനസ്സിലാക്കിയിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മഹാപുരോഹിതന്റെ മുമ്പാകെ ക്രിസ്തു തന്നെ മനുഷ്യപുത്രൻ എന്ന പേർ ദാനിയേലിന്റെ പ്രവചനത്തോടു ബന്ധപ്പെടുത്തി പറഞ്ഞതിൽനിന്നും നാം മനസ്സിലാക്കേണ്ടതു്, ഈ രണ്ടു സംജ്ഞകളും തന്നെ സംബന്ധിക്കുന്നവയാണെന്നാണു്.

## പുതിയ നിയമത്തിൽ

വിവിധാഭിപ്രായങ്ങൾ 1) ഹിബ്രൂഭാഷയിലെ പ്രയോഗം അനുസരിച്ചു് പ്രഥമപുരുഷസർവ്വനാമത്തിനു പകരം ഉത്തമപുരുഷസർവ്വനാമത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നുവെന്നല്ലാതെ ഈ പദത്തിനു മററു് അർത്ഥവ്യാപ്തിയൊന്നുമില്ലെന്നാണു് തെയോഡോർ ബെസാ (Theodore Beza· 1605) അഭിപ്രായപ്പെടുന്നതു്.

'Propterea quod familiare est Hebracis ut de se loquantur in tertia persona ideo accipi loco pronominis evangelia historia" (Annot· ad Math.)

എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു് പല പണ്ഡിതന്മാരും വിയോജിക്കുന്നതായിട്ടാണു കാണുന്നതു്. വാച്യാർത്ഥത്തിൽ ഈ പ്രയോഗം ശരിയാണെന്നു് എല്ലാവരും സമ്മതിയ്ക്കുന്നു.

2) മറെറാരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്, മനുഷ്യപുത്രൻ എന്ന പദത്താൽ സ്വയം സംബോധന ചെയ്തുകൊണ്ടു് ദൈവപുത്രനായ ക്രിസ്തു തന്റെ ബലഹീനമനുഷ്യത്വത്തെ സൂചിപ്പിക്കുകയായിരുന്നു എന്നാണു്. യഹൂദജനതയുടെ പ്രതീക്ഷയ്ക്കു വിപരീതമായ ഒരു പരിചയപ്പെടുത്തലായിരുന്നു ഇതു്. ഏശയ്യാ പ്രവചിച്ച വ്യാകുലങ്ങളുടെ മനുഷ്യനോടും (ഏശയ്യാ 53: 1-12) ഇക്കൂട്ടർ മനുഷ്യപുത്രനെ ബന്ധപ്പെടുത്തിപ്പറയുന്നു.

3) മൂന്നാമതൊരു കൂട്ടം വേദഗ്രന്ഥപണ്ഡിതന്മാരുടെ അഭിപ്രായം മേല്പറഞ്ഞതിനു് ബദ്ധവിരുദ്ധമാണു്. മനുഷ്യപുത്രൻ എന്ന പദം കൊണ്ടു് ക്രിസ്തു ചൂണ്ടിക്കാണിച്ചതു് തന്നിൽ വിളങ്ങിയിരുന്ന സകല മാനുഷിക പരിപൂർണ്ണതകളെയുമാണെന്നാണു് നെയാൻഡർ മുതൽ പേരുടെ അഭിപ്രായം. ഇതു് പാലസ്തീനിയൻ ഭാഷാപ്രയോഗത്തോടു യോ

**കത്തോലിക്കാസഭയിലേക്ക്**

# അന്വേഷിപ്പിൻ, കണ്ടെത്തും.

## (കെ. സി. മാത്യു, തിരുവനന്തപുരം)

(അടുത്തകാലത്തു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട മി. മാത്യു തിരുവനന്തപുരത്തെ ഒരു വ്യവസായപ്രമുഖനാണ്. —പത്രാധിപർ)

ഏകദേശം അഞ്ച് ശതാബ്ദങ്ങൾക്കു മുൻപ് കൊളമ്പസ് എന്ന ലോകസഞ്ചാരി സ്പെയിനിലെ പലോസിൽനിന്നു 'അജ്ഞാതലോകങ്ങൾ ആരാഞ്ഞു' കണ്ടുപിടിക്കുന്നതിനായി കപ്പൽയാത്ര പുറപ്പെട്ടു. മനുഷ്യർ അതുവരെ സഞ്ചരിച്ചിട്ടില്ലാത്ത സമുദ്രങ്ങളെ തരണംചെയ്തുകൊണ്ട് മനുഷ്യസങ്കൽപ്പത്തിൽ മാത്രം സ്ഥിതിചെയ്തിരുന്ന പുതിയ ലോകം കണ്ടുപിടിക്കുവാൻ ബദ്ധ

---

ജിക്കുന്നതാണോ എന്ന കാര്യം സംശയാസ്പദമാണ്.

ഇനിയുമുണ്ട് ഭിന്നാഭിപ്രായങ്ങൾ നിരത്തിവയ്ക്കുവാൻ. പക്ഷേ, വൃഥാസ്ഥൂലതയെ ഭയന്ന് അവയെ തൽക്കാലം മാററിനിർത്തേണ്ടതായിട്ടാണിരിക്കുന്നത്. ഈ വലിയ പ്രശ്നത്തിന് ഭൂരിപക്ഷം പണ്ഡിതന്മാരും യോജിക്കുന്ന ഒരു ഉത്തരമുണ്ട്:

1) 'മനുഷ്യപുത്രൻ' എന്നതു് 'മനുഷ്യൻ' എന്നതിന്റെ ശക്തി കൂട്ടിയുള്ള ഒരു പ്രയോഗമാണ്. പദ്യഭാഷയിലാണ് ഇതിന്റെ പ്രധാനമായ ഉപയോഗം. ഹസ്ക്കിയേലിന്റെ പുസ്തകത്തിലാണ് ഈ പദം ഏററവും കൂടുതൽ തവണ ഉപയോഗിച്ചിട്ടുള്ളതു്. "ബലഹീനനായ മനുഷ്യന്റെ ബലഹീനനായ സന്തതി" എന്നു് ഇതു സൂചിപ്പിക്കുന്നു. അറമായിക്ക് ഭാഷയിൽ ബർനോശോ എന്ന പദത്തിന് മനുഷ്യൻ എന്നു മാത്രമേ ഇന്നു് അർത്ഥമുള്ളു.

2) സുവിശേഷഗ്രന്ഥങ്ങളിൽ ദൈവപുത്രനായ ക്രിസ്തു മാത്രമേ ഈ പദം തന്നെത്തന്നെ സൂചിപ്പിക്കുന്നതായി ഉപയോഗിച്ചിട്ടുള്ളു. മിശിഹായെ സൂചിപ്പിക്കുന്ന ഒരു പദമായി തന്റെ ആനുകാലികർ ഇതിനെ ഗണിച്ചിരുന്നുവോ, ആവോ.

3) ദാനി: 7: 13-14ൽ പറയുന്ന മനുഷ്യപുത്രനോടു ഈശോ തന്നെത്തന്നെ താരതമ്യപ്പെടുത്തിയതിനാലാണ് മിശിഹായുമായുള്ള അർത്ഥസാധർമ്യം ഈ പദത്തിനു ലഭിക്കുന്നതു്.

സെൻഹെദ്രിൻ മുമ്പാകെ ക്രിസ്തു പരസ്യമായി തന്നെത്തന്നെ ഈ ദർശനത്തിലെ മനുഷ്യപുത്രനോടു ബന്ധപ്പെടുത്തിപ്പറയുന്നതിലധികമായി എന്തു തെളിവാണാവശ്യം. ക്രിസ്തു തന്റെ ദൈവത്വത്തെ മറച്ചുപിടിക്കുവാൻ വിവേകത്തോടും എളിമയോടും കൂടി ഉപയോഗിച്ച പദമാണിതു്.

വി. പൌലോസ് തന്റെ ലേഖനങ്ങളിൽ ഒരിക്കൽ പോലും ഉപയോഗിച്ചിട്ടില്ലാത്ത ഒരു പദമാണ് 'മനുഷ്യപുത്രൻ' എന്നതു്" നെയാൻഡർ, ഹെർഡർ മുതലായവർ മനുഷ്യപുത്രനും മിശിഹായും തമ്മിലുള്ള ബന്ധം നിഷേധിക്കുന്നതു് ഈ അടിസ്ഥാനത്തിലാണ്. വി. പൌലോസ് ഈ പദം ഉപയോഗിക്കാത്തതിന്റെ കാരണം സുവിദിതമാണ്. അദ്ദേഹം ഒരു ദൈവശാസ്ത്രപണ്ഡിതൻ എന്ന നിലയിലാണ് ചരിത്രകാരൻ എന്ന നിലയിലല്ല തന്റെ ലേഖനങ്ങൾ എഴുതിയതു്. അദ്ദേഹത്തിന്റെ വിഷയം "നമ്മുടെ രക്ഷകനും ദൈവപുത്രനുമായ "ക്രിസ്തുവാണ്.

ഈശോ മനുഷ്യപുത്രനും അതേ സമയം തന്നെ ദൈവപുത്രനുമാണ്. അവിടുന്നു തന്നെയാണ് "എന്നേക്കും നിലനില്ക്കുന്ന അധികാരത്തിന്റെ അവകാശി". (ദാനി. 7: 14) ദാനിയേൽ ദർശനത്തിൽ കണ്ട ഈ അധികാരിയെ, തന്നെത്തന്നെ, ആണ് ക്രിസ്തു പ്രസംഗിച്ചതും, സ്വശിഷ്യരോടു പ്രസംഗിക്കുവാൻ ആജ്ഞാപിച്ചതും.

കങ്കണരായിട്ടാണ് കൊളമ്പസും സഹചരന്മാരും യാത്രതിരിച്ചതു്. ഭയങ്കരമായ കൊടുങ്കാററുകളെ ആ, ധീരനാവികൻ അഭിമുഖീകരിച്ചു. സഹയാത്രക്കാരുടെ അപമര്യാദകളും മർദ്ദനങ്ങളും അദ്ദേഹം സഹിച്ചു. സഹയാത്രക്കാർ നിരാശയുടെ അടിത്തട്ടിൽ വീണു എങ്കിലും കൊളമ്പസ് ധൈര്യം അവലംബിച്ചു് കപ്പലോടിച്ചു. ഒടുവിൽ കുളിർകാററുവീശി. കടലിൻെറ ആഴം കുറഞ്ഞുകുറഞ്ഞു കണ്ടു. കിളികളുടെ ശബ്ദം കേട്ടുതുടങ്ങി. അങ്ങകലെ കര കാണാറായി. ഒടുവിൽ അമേരിക്ക അങ്ങനെ അദ്ദേഹം മുഖാന്തരം കണ്ടുപിടിക്കപ്പെട്ടു. ഈ പുതിയ ലോകത്തിലെ ചില വിശേഷവസ്തുക്കൾ വിജയസ്മാരകമായി വഹിച്ചുകൊണ്ടു് അദ്ദേഹം സ്പെയിനിലേക്കു് മടങ്ങിവന്നപ്പോൾ യൂറോപ്പാകമാനം ആനന്ദത്തിൻെറയും ഹർഷാരവങ്ങളുടെയും അട്ടഹാസങ്ങളാൽ മുഖരിതമായി. ഈ മഹാനേതാവിനെ അനുഗമിച്ചു് വിശാലസമുദ്രങ്ങളെ തരണം ചെയ്‌വാനും പുതിയ ലോകത്തിലെ വിലപിടിച്ച നിക്ഷേപങ്ങളെ കൈവശപ്പെടുത്തുവാനും ജനങ്ങൾ അഹമഹമികയാ പുറപ്പെട്ടു.

ഞാനും എൻെറ ജീവിത നൌകയെ ഈ ലോകമാകുന്ന മഹാസമുദ്രത്തിൽകൂടി ഓടിച്ചു. കൊടുംകാററും ഓളങ്ങളും അതിന്മേൽ ആഞ്ഞടിച്ചു. എങ്കിലും അതുടഞ്ഞുപോകുവാൻ സർവ്വശക്തൻ അനുവദിച്ചില്ല. ദൈവകാരുണ്യംകൊണ്ടു് എൻെറ ജീവിതനൌക ദൈവരാജ്യമാകുന്ന കത്തോലിക്കാസഭയെന്ന പുതിയലോകത്തിൽ വന്നടുത്തിരിക്കുന്നു. ആ രാജ്യത്തിലെ നിക്ഷേപങ്ങൾ എനിക്കുകൂടിയുള്ളതാണ്. ഈ സദ്വാർത്ത എൻെറ സ്നേഹിതന്മാരായ നിങ്ങൾ ഏവരെയും അറിയിച്ചുകൊള്ളട്ടെ. നിങ്ങൾക്കു് കേൾക്കണമെങ്കിൽ കത്തോലിക്കാസഭയാകുന്ന ഞാൻ കണ്ടെത്തിയ പുതിയ രാജ്യത്തിലേക്കുള്ള എൻെറ യാത്രാവിവരണം ഞാൻ നിങ്ങളോടു പറയാം.

എൻെറ പരിശോധനയിൽ കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ വിശ്വാസംസംബന്ധിച്ചു് കാതലായ വ്യത്യാസം ഇല്ലെന്നു് മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞു. കാതോലികവും, ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു നിഖ്യാവിശ്വാസപ്രമാണം കത്തോലിക്കരും യാക്കോബായക്കാരും തുല്യനിലയിൽ സ്വീകരിക്കുന്നു. വി. കുർബാനയിലെ ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യത്തെ കത്തോലിക്കരും യാക്കോബായക്കാരും യാതൊരു തർക്കവുംകൂടാതെ വിശ്വസിക്കുന്നു. വി. കുർബാന പുതിയനിയമത്തിലെ ബലിയും കൂദാശയുമാണെന്നുള്ള കത്തോലിക്കാസഭയുടെ പ്രബോധനത്തെ യാക്കോബായക്കാരും യാതൊരു എതിരഭിപ്രായവും കൂടാതെ സ്വീകരിക്കയും വിശ്വസിക്കയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. തിരുസഭയ്ക്കു് സിദ്ധിച്ചിട്ടുള്ള പാപമോചനാധികാരത്തെയും രഹസ്യകുമ്പസാരത്തിൻെറ ആവശ്യത്തേയും കത്തോലിക്കരും യാക്കോബായക്കാരും തുല്യനിലയിൽ സമ്മതിക്കയും വിശ്വസിക്കയും ചെയ്തുകൊണ്ടിരിക്കുന്നു.

ക്രിസ്തു മനുഷ്യരക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി ഏഴു കൂദാശകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആ കൂദാശകളെല്ലാം കൃപാവരത്തിൻെറ മാർഗ്ഗങ്ങളാണെന്നും കത്തോലിക്കരും യാക്കോബായക്കാരും തർക്കലേശമെന്യേ വിശ്വസിച്ചുകൊണ്ടിരിക്കുന്നു, ക്രിസ്തീയ വിവാഹത്തിൻെറ അലംഘനീയതയും, ഭാര്യയോ ഭർത്താവോ ജീവിച്ചിരിക്കുമ്പോൾ പുനർവിവാഹം നിഷിദ്ധമാണെന്നും കത്തോലിക്കരും യാക്കോബായക്കാരും ഏകാഭിപ്രായമായി സമ്മതിക്കുന്നു.

യാക്കോബായക്കാർ കൽക്കദൂൻ സുനഹദോസിൻെറ പ്രാമാണ്യത്തെ നിഷേധിക്കുന്നു എങ്കിലും ഏകസ്വഭാവവാദം സ്വീകരിച്ചിട്ടില്ലെന്നു് മാത്രമല്ല ഏകസ്വഭാവവാദത്തിൻെറ ജനയിതാവായ എവുത്തിക്കായെ ശപിക്കയുമത്രെ ചെയ്യുന്നതു്. ക്രിസ്തുവിൽ ദിവ്യത്വവും മനുഷ്യത്വവും എന്ന രണ്ടു് വിഭിന്ന സ്വഭാവങ്ങൾ ഉണ്ടെന്നും രണ്ടു സ്വഭാവങ്ങൾക്കും കൂടി ഏക ആൾ മാത്രമാണുള്ളതെന്നും, ആ ആൾ ദൈവമാണെന്നും (പുത്രൻതമ്പുരാൻ) കത്തോലിക്കരും യാക്കോബായക്കാരും തുല്യനിലയിൽ വിശ്വസിക്കുന്നു.

യാക്കോബായക്കാർക്കു് ദൈവമാതാവിനോടുള്ള ഭക്തി കത്തോലിക്കർക്കു് ഉള്ളതിനേക്കാൾ

വളരെ അധികം പുരോഗമിച്ചിട്ടുണ്ടെന്നാണ് അവരുടെ ഔദ്യോഗിക ഗ്രന്ഥങ്ങൾ തെളിയിക്കുന്നത്. ദൈവമാതാവിന് സിദ്ധിച്ചിട്ടുള്ള അമൂല്യവും മഹനീയവുമായ സ്ഥാനവിശേഷങ്ങളെ യാക്കോബായസഭ നിർവ്വിശങ്കം സമ്മതിക്കുന്നു. കന്യകാമാതാവിനെ യാക്കോബായ പ്രാർത്ഥനക്രമങ്ങളിൽ അത്യധികം സ്തുതിക്കയും വാഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. യാക്കോബായ പ്രാർത്ഥനകളിൽ മഹാഭൂരിപക്ഷവും പ. ദൈവമാതാവിൻെറ മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടാണ് സമാപിക്കാറുള്ളത്. കത്തോലിക്കരെപ്പോലെ യാക്കോബായക്കാരും നന്മനിറഞ്ഞ മറിയമേ എന്ന നമസ്കാരം ചൊല്ലി ദൈവമാതാവിനെ അനുദിനം സ്തുതിക്കയും ബഹുമാനിക്കയും ആ മാതാവിൻെറ മാദ്ധ്യസ്ഥം അപേക്ഷിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ദൈവമാതാവിൻെറ അമലോത്ഭവത്തിൽ കത്തോലിക്കരെപ്പോലെതന്നെ യാക്കോബായക്കാരും വിശ്വസിക്കുന്നു എന്ന് തെളിയിക്കുവാൻ കഴിയും. പിറവം യാക്കോബായ പ്പള്ളിയുടെ ഭിത്തിയിലെ അകത്തുഭാഗത്ത് യാക്കോബായസഭ അംഗീകരിക്കുന്ന പെരുനാളുകളുടെ പട്ടിക ചേർത്തിട്ടുണ്ട്. ആ പട്ടികയിൽ ഡിസംബർ എട്ടാം തീയതി (തമ്പുരാനെപെററ അമ്മയെ ഗർഭംധരിച്ച പെരുനാൾ) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കത്തോലിക്കർ ആണ്ടുതോറും നടത്തിക്കൊണ്ടിരിക്കുന്ന അമലോത്ഭവത്തിരുനാൾ ഇതുതന്നെയാണ്. ഇതുപോലെ കത്തോലിക്കസഭ സ്വീകരിക്കയും വിശ്വസിക്കയും ചെയ്യുന്ന ദൈവമാതാവിൻെറ സ്വർഗ്ഗാരോപണവും യാക്കോബായക്കാർ സ്വീകരിക്കുന്നതായി അംഗീകൃതരിക്കാർഡുകളിൽനിന്നും തെളിയിക്കുവാൻ കഴിയും. ദൈവമാതാവിൻെറ സ്വർഗ്ഗാരോപണത്തെപ്പററി യാക്കോബായസഭയുടെ പുരാതന വിശ്വാസം എന്താണെന്ന് റോമിൽനിന്നും ചോദ്യമുണ്ടായപ്പോൾ യാക്കോബായക്കാർ പ. ക. മറിയത്തിൻെറ സ്വർഗ്ഗാരോപണത്തെ നിസ്സംശയം വിശ്വസിക്കുന്നു എന്ന് അനേകം പുരാതനരേഖകൾ ഉദ്ധരിച്ചുകൊണ്ട് മാർ ഈവാനിയോസ് തിരുമേനി തെളിയിക്കയുണ്ടായി.

ഇനി മാർപ്പാപ്പായുടെ പരമാധികാരത്തെപ്പററിയാണ് പ്രസ്താവിക്കുവാനുള്ളത്. മാർപ്പാപ്പായുടെ പരമാധികാരം യാക്കോബായസഭ വിശ്വസിക്കുന്നതായി അവരുടെ മുഖ്യപ്രമാണഗ്രന്ഥമായ ഹൂദായകാനോൻ വെളിപ്പെടുത്തുന്നുണ്ട്. ഹൂദായകാനോൻ ഏഴാം കേപ്പാലയോനിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "ഭൂലോകത്തിൻെറ നാലുഭാഗങ്ങൾ അനുസരിച്ച് നാല് പാത്രിക്കീസന്മാർ ഉണ്ടായിരിക്കണം. അവരുടെ എല്ലാവരുടെയും പ്രധാന തലവൻ റോമിലെ പാത്രിയർക്കീസ് ആയിരിക്കണം". ഇതിനും പുറമെ യാക്കോബായസഭ അംഗീകരിക്കുന്ന ഒരു മുഖ്യരേഖയായ നിഖ്യാ സുന്നഹദോസിൻെറ അറബി കാനോൻ എട്ടാം പോസുക്കോയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ഒരു പാത്രിയർക്കീസിന് തൻെറ അധികാരത്തിൻകീഴുള്ളവരുടെ മേൽ ന്യായപ്രകാരം ചെയ്യുവാനധികാരമുള്ളതുപോലെ എല്ലാ പാത്രിയർക്കീസന്മാരുടെ മേലും റോമിലെ പാത്രിയർക്കീസിന് അധികാരമുണ്ടായിരിക്കണം. ഭാഗ്യവാനായ പത്രോസിന് പൊതുവിൽ എന്നതുപോലെ".

മേൽ പ്രസ്താവിച്ച രേഖകളുടെ വെളിച്ചത്തിൽ ആലോചിച്ചാൽ വിശ്വാസവിഷയങ്ങളുടെ കാര്യത്തിൽ കത്തോലിക്കസഭയും യാക്കോബായസഭയും തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഇല്ലെന്ന് നിസ്സംശയമായി തെളിയുന്നതാണ്. കേരളത്തിൽ വിശ്വാസകാര്യങ്ങളിൽ കത്തോലിക്കസഭയോട് ഏററം അടുത്തുനിൽക്കുന്നത് യാക്കോബായസഭയാണ്. രണ്ടു സഭകളുടെയും വിശ്വാസം കാതലായ സംഗതികളിൽ ഒന്നുതന്നെയാണെന്ന് ആർക്കും ധൈര്യസമേതം പറയുവാൻ കഴിയും. ഒരേ സമുദായത്തിൽ പെട്ടവരും നമ്മുടെ സഹോദരങ്ങളുമായ യാക്കോബായക്കാർ ദീർഘിച്ച മന്നൂറുകൊല്ലത്തോളം കത്തോലിക്കസഭയുടെ ഐക്യത്തിൽനിന്നും മാറിനില്ക്കാൻ ഇടയായതിനെപ്പററി നാം ദുഃഖിക്കേണ്ടിയിരിക്കുന്നു. യാക്കോബായക്കാരുടെ പുനരൈക്യം സംബന്ധിച്ച് മുമ്പുണ്ടായിരുന്ന പ്രതിബന്ധങ്ങളെല്ലാം ഇപ്പോൾ നീങ്ങിയിരിക്കയാണല്ലൊ. യാക്കോബായ ആരാധനക്രമങ്ങൾ റോമിൽ

നിന്നും അംഗീകരിക്കയും ഒരു ഹൈറാക്കി സ്ഥാപിതമാകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. മാർപ്പാപ്പാ തിരുമേനി എവരേയും ഏക തൊഴുത്തിലേക്കും ഏക ആട്ടിൻകൂട്ടത്തിലേക്കും ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. യാക്കോബായക്കാരും കത്തോലിക്കരും പൂർവ്വകാലത്തെപ്പോലെ യോജിച്ച് ഒരേ സഭയുടെ അംഗങ്ങളായിതീർന്നാൽ കേരളത്തിലെ ക്രിസ്തീയസഭ പൂർവ്വാധികം ശക്തിപ്രാപിക്കുന്നതും അക്രൈസ്തവരുടെ മാനസാന്തരത്തിനുള്ള സൌകര്യങ്ങൾ വർദ്ധിക്കുന്നതു മാണ്.

യാക്കോബായസഭയുടെ അടിസ്ഥാനപ്രമാണമായ ഹൂദായ കാനോനിൽ പ്രധാന തലവൻ റോമപാത്രിയർക്കീസാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും യാക്കോബായക്കാർ റോമപാത്രിയർക്കീസിനെ പ്രധാന തലവനായി സ്വീകരിച്ചിട്ടില്ല. കത്തോലിക്കർ അദ്ദേഹത്തെ പ്രധാന തലവനായി അംഗീകരിച്ചിട്ടുണ്ട്. കത്തോലിക്കരും യാക്കോബായക്കാരും തമ്മിലുള്ള പ്രധാന അകൽച്ച ഇതു മാത്രമാണെന്നാണ് എൻെറ വിനീതമായ അഭിപ്രായം. റോം പാത്രിയർക്കീസിനെ പ്രധാന തലവനായി സ്വീകരിക്കുന്നതു് അബദ്ധമല്ലെന്ന് മാത്രമല്ല, കാനോനികവുമാണ്. ഓരോ വ്യക്തികളിലും കുടുംബങ്ങളിലും ഈ ബോധം ഉളവായി റോമാ പാത്രിയർക്കീസിനെ പ്രധാന തലവനായി സ്വീകരിക്കാൻ തക്ക മനസ്സും ധൈര്യവും കിട്ടുവാൻ നമുക്ക് പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്യാം.

രണ്ടായി ഒഴുകിക്കൊണ്ടിരിക്കുന്ന മണിമലയാററിലെ കലക്കവെള്ളവും, പമ്പയാററിലെ വെൺമുത്തുപോലുള്ള തെളിഞ്ഞ വെള്ളവും കൂടി "നാക്കട" വച്ച് കൂട്ടിമുട്ടി, അവിടെ കാററത്തുണ്ടാകുന്ന ഓളങ്ങളെ തള്ളിനീക്കി അവർ ഒന്നിച്ച് കൈകോർത്ത് പുഞ്ചിരിച്ചും കൊണ്ട് മന്ദം മന്ദം പടിഞ്ഞാട്ട് പുളിക്കീഴ് വഴി മഹാസമുദ്രത്തിലേക്ക് നീങ്ങുന്നതു കണ്ടാൽ കണ്ണിനും കരളിനും കൌതുകംതോന്നും. ഇതുപോലെ രണ്ടു സഭകളും തമ്മിൽ വേഗം ഒന്നിച്ച് കൈകോർത്തു പിടിച്ച് നിത്യതയിലേക്ക് നീങ്ങുന്നതിന് ദൈവം ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു് എത്ര നല്ലതും എത്ര മനോഹരവുമാകുന്നു".

**For Favours Recieved**



**Inserted by**

K. P. PHILIPOSE,
Thottungal, Kadammanitta.
Excuse for delay

(336-ാം പേജിന്റെ തുടർച്ച)

ലക്കാരാണല്ലോ. ക്രിസ്തു ശതാധിപന്റെ അപേക്ഷ സ്വീകരിച്ചു അദ്ദേഹത്തിന്റെ ഭൃത്യനെ സൗഖ്യമാക്കി. തളർവാതിയെ എടുത്തുകൊണ്ടു ചെന്നവരുടെ വിശ്വാസം കണ്ടു് തളർവാതിയെ സൗഖ്യമാക്കി ആ സ്ഥിതിയ്ക്കു് മാതാപിതാക്കന്മാരുടെ വിശ്വാസം സ്വീകരിച്ചു അവരുടെ മക്കളെ ദൈവം ദത്തുപുത്രരും പുത്രികളുമാക്കുന്നതിൽ അവിശ്വസിക്കുവാനെന്താണുള്ളൂ്?.

ശിശുക്കൾ ബലഹീനരാണു്. നിസ്സാരകാരണങ്ങളാൽ അവർക്കു മരണം സംഭവിച്ചു എന്നു വരാം. അങ്ങിനെ വന്നാൽ അവർക്കു സ്വർഗ്ഗം കിട്ടണം എന്നാഗ്രഹിച്ചു അവരെ സ്നാനപ്പെടുത്തുന്നു. ക്രിസ്തുവിന്റെ കരുണയിൽ ആശ്രയിച്ചു നടത്തുന്ന ഈ ശുശ്രൂഷയിൽ എന്താണു തെറ്റു്? ഞങ്ങൾ ഒരു തെറ്റും കാണുന്നില്ല. വലിയ ഒരു തുകയ്ക്കു് കടംപെട്ടിരിക്കുന്ന ഒരു കടക്കാരന്റെ മകനെ വലിയ ഒരു കോടീശ്വരന്റെ മകൻ ദത്തെടുക്കുന്നതിനു് പ്രായം തികഞ്ഞിരിക്കണമെന്നില്ല വലിയ കടക്കാരനായ ആദാമിന്റെ മക്കളായി ജനിച്ചവരെ വലിയ ധനികനായ ദൈവത്തിന്റെ മക്കളായി മാമ്മോദീസാമൂലം ശിശുക്കളേയും ദത്തെടുക്കാവുന്നതാണു്. അതിനു് കുഞ്ഞിന്റെ അനുവാദം വേണ്ട. അതു കൊടുക്കുവാനോ അതിനെ തടയുവാനോ അതിനു പ്രാപ്തിയുമില്ല. സ്വർഗ്ഗം കൊടുത്താൽ അതിലെ സന്തോഷം ആ കുഞ്ഞു് അനുഭവിക്കും. അതിനാലാണു് പഴയ സഭകൾ ശിശുക്കളെ സ്നാനപ്പെടുത്തുന്നതു്. അതു വേദാനുസരണവുമാണെന്നു് ലുദിയായുടെ കുടുംബത്തിന്റെ മാമോദീസാ വളിച്ചറിയിക്കുന്നു. പത്രാധിപർ അതിനെ അധിക്ഷേപിക്കരുതു്.

ഓരോ സൃഷ്ടിക്കും ഓരോ മാർഗ്ഗമാണു് ജനനത്തിനുള്ളതു്. ചിലതു മുട്ടയിൽനിന്നു വിരിഞ്ഞുണ്ടാകുന്നു. ചിലതു പ്രസവംമൂലം ജനിക്കുന്നു. നാം ദൈവത്തിന്റെ ദത്തുപുത്രന്മാരും ക്രിസ്തുവിന്റെ സഹോദരന്മാരുമായി വീണ്ടും ജനിക്കുന്നതിനു് ക്രിസ്തു ഏർപ്പെടുത്തിയ മാർഗ്ഗമാണു് മാമ്മോദീസാ. "സത്യമായിട്ടു സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ഒരുവൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ല" (യോഹ. 3, 5). ക്രിസ്തു ദൈവമാകയാൽ അദ്ദേഹം ഏർപ്പെടുത്തിയ മാർഗ്ഗത്തെ ചോദ്യംചെയ്യുവാൻ ആർക്കും അവകാശമില്ല. വീണ്ടും ജനിക്കുന്നതെങ്ങനെയാണു്? ഒരുവൻ വൃദ്ധനായതിനു ശേഷം അവന്റെ അമ്മയുടെ ഉദരത്തിൽ പ്രവേശിച്ചു വീണ്ടും ജനിക്കുവാനൊക്കുമോ എന്നു് ചോദിച്ച നിക്കോദിമൂസിനോടു കർത്താവു പറഞ്ഞ മറുപടി നാം ഗ്രഹിച്ചിരിക്കേണ്ടതാണു്. "കാറ്റു് ഇഷ്ടമുള്ളിടത്തു ഊതുന്നു അതിന്റെ ശബ്ദം നാം കേൾക്കുന്നു. എന്നാൽ അതു എവിടെനിന്നു വരുന്നു എങ്ങോട്ടു പോകുന്നു എന്നു് നീ അറിയുന്നില്ല. ഈ പ്രകൃതിയിലുള്ള കാര്യം തന്നെ മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്ന സ്ഥിതിയ്ക്കു് സ്വർഗ്ഗത്തിലുള്ളവ പറഞ്ഞാൽ മനസ്സിലാകുമോ" എന്നായിരുന്നു മറുപടി. അതുപോലെതന്നെ ഒരു കുഞ്ഞിന്റെ തലയിലൊഴിക്കുന്ന ജ്ഞാനസ്നാനത്തിന്റെ ജലം മൂലം വീണ്ടും ജനനം നടക്കുന്നതു എങ്ങിനെയാണെന്നു് ഗ്രഹിപ്പാനും പ്രയാസമാണു്. എങ്കിലും അവ നടക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്നു വന്നവനായ യേശു പറയുന്നതിനാൽ പഴയ സഭകളെല്ലാം അതു വിശ്വസിച്ചു മാമ്മോദീസാ മുക്കുന്നു. അതു തെറ്റോ?

മാമ്മോദീസാ വീണ്ടും ജനനമാണെന്നുള്ള തത്വം പഴയ സഭകൾ ദ്വിജന്മാരായ ബ്രാഹ്മണരെ കണ്ടു പഠിച്ചതാണെന്നു് പത്രാധിപർ പറയുന്നു മാമോദീസാ വീണ്ടും ജനനമാണെന്നു തീത്തോസ് 3, 6-ൽ എഴുതി വച്ചിരിക്കുന്ന പൗലൂസും പട്ടരെ കണ്ടു പഠിച്ചതാണെന്നു് പത്രാധിപർ എഴുതിപ്പിടിപ്പിക്കാതെ വിട്ടുകളഞ്ഞതു തന്നെ വലിയ ഭാഗ്യം. കുഞ്ഞുങ്ങൾക്കു കർമ്മപാപമില്ല അതിനാൽ അതു ഏറ്റുപറയേണ്ടതില്ല. ആദാമിന്റെ മകനായി ജനിച്ചുപോയതിനാലുണ്ടായ ജന്മപാപമേ അതിനുള്ളു. കുഞ്ഞു് അറിയാതെ വന്ന ആ പാപം ആ കുഞ്ഞു് അറിയാതെ കിട്ടിയ ദത്തുപുത്രസ്ഥാനം കൊണ്ടു് ഹനിക്കാവുന്നതാണു്. അതിൽ വേദവിരുദ്ധമൊന്നും ഞങ്ങൾ കാണുന്നില്ല. ഉണ്ടോ. വായനക്കാർ പറയട്ടെ.

(തുടരും)

# അതിരൂപതവാർത്തകൾ

## വേദപ്രചാരഞായറാഴ്ച.

അമ്പലത്തുംകാല ഇടവകയിൽ ഇക്കഴിഞ്ഞ വേദപ്രചാര ഞായറാഴ്ച, വേദപ്രചാരത്തിൻെറ ആവശ്യകത വിശദീകരിക്കുന്നതിനുവേണ്ടി ഇടവക വികാരി റവ. ഫാ: അവിഃററാ ഒ. എഫ്. എം. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടത്തപ്പെട്ടു. പൊതുയോഗത്തിൽ മി. കൊച്ചുമ്മൻ, മി സി. ജോർജ്, ശ്രീമതി ശോശ്ശാമ്മ എന്നിവർ പ്രസംഗിച്ചു ഇടവകാംഗങ്ങൾ എല്ലവരും യോഗത്തിൽ സംബന്ധിച്ചു. യോഗാനന്തരം മിഷൻ സൺഡേ ഉല്പന്നപ്പിരിവിൽനിന്നും കിട്ടിയ സാധനങ്ങൾ ലേലം ചെയ്യപ്പെട്ടു.

മാർ ഈവാനിയോസ് കോളേജിലെ കാതലിക്സ് സ്റ്റുഡൻറ്സ് യൂണിയൻെറ ആഭിമുഖ്യത്തിൽ വിവിധ കലാപരിപാടികളോടുകൂടി മിഷൻസൺഡേ സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. തൽഫലമായി ഗണ്യമായ ഒരു തുക വേദപ്രചാരണത്തിനുവേണ്ടി ശേഖരിക്കുവാൻ സാധിച്ചു.

## രാജത്വത്തിരുനാൾ

സെൻറ് മേരീസ് കത്തീഡ്രൽ, സെൻറു മേരീസ് പാളയം, നാലാംചിറ എന്നീ ഇടവകക്കളും, ബാർട്ടൺഹിൽ, ചാല, പേരൂർക്കട, ചെങ്കൽചൂള, തൈക്കാട്, ചിറക്കുളം, കണ്ണൻമൂല, കുറവൻകോണം, ഉള്ളൂർ, ഉളിയാഴത്തുറ, കരമന, തമലം, അരുവിയോട്, കല്ലയം. പുലയനാർകോട്ട, പോങ്ങുംമൂട്, പൌഡിക്കോണം, വെററിനാട്, വെമ്പായം എന്നീ മിഷനുകളും മാർ തെയോഫിലോസ് ട്രെയിനിഗ് കോളേജ്, ബഥനി ഹോസ്റ്റൽ, മരിയഗൊരേത്തി ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളും ചേൎന്ന് ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ഈ മാസം 31-ാം തീയതി ഞായറാഴ്ച അത്യാഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞു് നാലാംഞ്ചിറ ആശ്രമദൈവാലയത്തിൽനിന്നും, പട്ടത്തുള്ള കത്തീഡ്രൽ ദൈവാലയത്തിലേക്കു് ഘോഷയാത്ര നടത്തപ്പെട്ടു. കത്തീഡ്രലിൽ വന്നു ചേൎന്നതിനു ശേഷം അവിടെവച്ചു് വി. കുർബാനയുടെ വാഴ്വും, റവ. ഫാദർ ജോർജ്ജ് വടക്കേൽ അവർകളുടെ പ്രസംഗവും ഉണ്ടായിരുന്നു.

ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ദിവസം, ചെങ്ങന്നൂർ, പുലിയൂർ, പുത്തൻകാവ്, ഇലഞ്ഞിമേൽ, ഇടയാറന്മുള, ചെറിയനാട്, ചെന്നിത്തല, കീഴ്‌വന്മഴി, കോട്ടകളഞ്ഞി, ഏരുമത്തൂർ എന്നീ ഇടവകകളിലെ അംഗങ്ങൾ ചെങ്ങന്നൂർ സെൻറുതോമസ് കത്തോലിക്കാപ്പള്ളി അങ്കണത്തിൽ സമ്മേളിച്ചു് അവിടെനിന്നും, പുലിയൂർ ബേത്‌ലഹേം കത്തോലിക്കാപ്പള്ളിയിലേക്കു് മാലാഖമാരാൽ പരിസേവിതനായ ക്രിസ്തുരാജൻെറ വലിയ എണ്ണച്ഛായാപടം, വഹിക്കുന്ന അലങ്കരിച്ച ലോറി, കാറു്, കുരിശു്, കൊടി, മുത്തുക്കുട തുടങ്ങിയ അലങ്കാരങ്ങളോടും, ബാൻറു്, ചെണ്ട തുടങ്ങിയ വാദ്യമേളങ്ങളോടും, ഭക്തിനിർഭരവും, ശ്രുതിമധുരവുമായ പ്രാർത്ഥനാഗാനാലാപങ്ങളോടും കൂടി അത്യുജ്ജ്വലമായ ഒരു ഘോഷയാത്ര നടത്തിയിരിക്കുന്നു.

പുലിയൂർ പള്ളിയങ്കണത്തിൽ എത്തിച്ചേൎന്ന ജനസഞ്ചയത്തെ അഭിമുഖീകരിച്ചുകൊണ്ടു് വെരി. റവ. ഡോ. ജോർജ്ജ് പാലത്തുമ്പാട്ട് ഒരു പ്രസംഗം ചെയ്തു. തുടൎന്ന് വി. കുർബാനയുടെ വാഴ്‌വോടുകൂടി പരിപാടി സമാപിച്ചു.

എല്ലാ വർഷവും പുനലൂർ കേന്ദ്രമാക്കി ആഘോഷിച്ചുവരാറുള്ള ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ഈ വർഷവും പുനലൂർ, മഞ്ഞനംകാല, ഇളമ്പൽ, ചെങ്കുളം, കടയ്ക്കാമൺ, ഞാറയ്ക്കാട്ട്, തൊളിക്കോട്ട്, ഇടമൺ, വിളക്കുവെട്ടം. പിറവംതൂർ, കറവൂർ, എലിക്കാട്ടൂർ എന്നീ സ്ഥലങ്ങളിലുള്ള വിവിധ റീത്തുകളിൽപ്പെട്ട, ഇരുപതിൽപ്പരം ഇടവകക്കാർ ഏകോപിച്ചു് വിവിധ പരിപാടികളോടുകൂടി 31-10-65 ഞായറാഴ്ച സാഘോഷം നടത്തപ്പെട്ടു. ക്രിസ്തു നമ്മുടെ രാജാവും, രക്ഷകനുമാണെന്നു് ജനതതിയെ മനസ്സിലാക്കുന്നതിനും ലോകസമക്ഷം ക്രിസ്തുവിനെ രാജാവായി ഏററു പറയുന്നതിനുമുള്ള ഒരു സുവൎണ്ണാവസരം ഈ തിരുനാളാഘോഷം പ്രദാനം ചെയ്തു.

എല്ലാ പള്ളികളിൽനിന്നുമുള്ള ഘോഷയാത്രകൾ വൈകിട്ടു് കൃത്യം 4 മണിക്കു് പുനലൂർ സെൻറു് ജോസഫ്സ് പള്ളിയിൽ എത്തിച്ചേർന്നു. അതിനുശേഷം ഉദ്ദേശം 4-30നു് റവ. ഫാദർ മാത്യു കുഴിവേലിൽ സീറോമലബാർ റീത്തിലുള്ള ആഘോഷമായ വി. കുർബാന അർപ്പിച്ചു. വി. കുർബാനയ്ക്കുശേഷം സെൻറുമേരീസ് പള്ളിയിലേക്കാരംഭിച്ച വമ്പിച്ച ഘോഷയാത്ര 6-30-നു്

സമാപിച്ചു. പ്രദക്ഷിണത്തിനുശേഷം വി. കുർബാനയുടെ വാഴ്വ് ആഘോഷമായി റവ. ഫാദർ ഏലിയാസ് ജോസ് നടത്തി. ഉടൻതന്നെ സെൻറു് മേരീസ് പള്ളിയങ്കണത്തിൽവച്ചു് റവ. ഫാദർ ഡാനിയേൽ അയ്യനേത്തു് എം. എ. അവർകളുടെ മഹനീയദ്ധ്യക്ഷതയിൽ പൊതുയോഗം നടന്നു. റവ. ഫാദർ സോളമൻ സ്വാഗതപ്രസംഗം നടത്തി. റവ. ഫാദർ ഡാനിയേൽ അയ്യനേത്തു്, റവ. ഫാ. ജോസഫ് തച്ചേട്ട്, പ്രൊഫസർ ക്ലമൻറു് ഡിക്രൂസ് എം. എ. എന്നിവർ പ്രസംഗിച്ചു. പാപ്പാമംഗളവും ദേശീയ ഗാനവും കഴിഞ്ഞു് പൊതുയോഗം സമംഗളം പര്യവസാനിച്ചു.

## പള്ളിപ്പെരുനാൾ

മുഖത്തലപ്പള്ളിയിൽ അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. യൂദാശ്ലീഹായുടെ തിരുനാൾ മഹാമഹം 1965 നവംബർ 6, 7 എന്നീ തീയതികളിൽ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കപ്പെട്ടിരിക്കുന്നു. നവനാൾ ഒക്ടോബർ 29-ാം തീയതി ആരംഭിച്ചു. ഒരു വലിയ ജനക്കൂട്ടം എല്ലാ ചടങ്ങുകളിലും സംബന്ധിച്ചിരുന്നു.

## രാജത്വതിരുനാൾമഹാമഹം

കടമ്മനിട്ട, തോന്ന്യാമല, വല്യയന്തി, വയലത്തല, കീക്കൊഴൂർ, തോട്ടമൺ, കാട്ടൂർ കരിമ്പേക്കൽ, നാരങ്ങാനം എന്നീ ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ഈ വർഷത്തെ ക്രിസ്തുരാജത്വതിരുനാൾ വിവിധ കലാപരിപാടികളോടുകൂടി കാട്ടൂർ ദൈവാലയത്തിൽവച്ചു് അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു. പൊതുയോഗത്തിൽ റവ. ഫാദർ ജോസഫ് വേണാട്ട് അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജേക്കബ് ജോൺ സ്വാഗതപ്രസംഗം നടത്തി. അനന്തരം റവ. ഫാദർ ഏബ്രഹാം തെക്കടേത്തു് റവ. ഫാദർ ഡോമിനിക്ക് സഖറിയാസ്, റവ. ഫാദർ ഡാനിയേൽ വടക്കേക്കര, ശ്രീ. ജോൺ എം. ജോൺ B. A; B. T. ശ്രീ. പി. എം. തോമസ്സ് B. A; L. T. എന്നിവർ പ്രസംഗിച്ചു. ശ്രീ. ഗ്രിഗറി കൃതജ്ഞതപ്രസംഗം നടത്തി. ക്രിസ്തുനാഥൻ നമ്മുടെ രക്ഷകനും, രാജാധിരാജനുമാണെന്നു് ജനക്കൂട്ടത്തെ മനസ്സിലാക്കുന്നതിനുള്ള ഒരു സുവർണ്ണാവസരം ഈ സമ്മേളനം പ്രദാനം ചെയ്തു. പപ്പാമംഗളാലാപത്തിനുശേഷം യോഗം സമംഗളം പര്യവസാനിച്ചു.

## രാജത്വതിരുനാളാഘോഷം

ചന്ദനപ്പള്ളി, തട്ട, ആനന്ദപ്പള്ളി, കൊട്ടമൺ എന്നീ ഇടവകകളുടെ ആഭിമുഖ്യത്തിൽ രാജത്വത്തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടിയിരിക്കുന്നു. ഇതുപ്രമാണിച്ചു് വമ്പിച്ച പ്രദിക്ഷണവും നടത്തപ്പെട്ടു. തുടർന്നു് കൊട്ടമൺ സ്കൂൾ അങ്കണത്തിൽവച്ചു് വെരി. റവ. ഫാദർ ആൻറണി കേളമ്പറമ്പിൽ ആഘോഷപൂർവ്വമായ വി. കർബാന അർപ്പിക്കുകയും അനന്തരം ക്രിസ്തുവിൻെറ രാജത്വത്തേയും രാജ്യത്തേയും പുരസ്കരിച്ചു് റവ. ഫാദർ തോമസ്സ് ഇഞ്ചക്കലോടി പ്രസംഗിക്കുകയും ചെയ്തു.

## ഒരു ചരമം

ഇലഞ്ഞിമേൽ ഇടവകയിൽപ്പെട്ട റവ. ഫാദർ ഫിലിപ്പ് ഉഴനെല്ലൂരിൻെറ പ്രിയപിതാവു് കുര്യയൻ നൈനാൻ 76-ാംമത്തെ വയസ്സിൽ ഉദരസംബന്ധമായ രോഗം നിമിത്തം ഒക്ടോബർ 7-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം അന്നു വൈകിട്ടു് പെ. ബ. റമ്പാച്ചൻെറയും സ്വപുത്രൻെറയും കാർമ്മികത്വത്തിലും മററു് വൈദികരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

R. I. P.

Registered No: K. 405.

## വ്രതവാഗ്ദാന കനകജൂബിലി

തിരുവനന്തപുരം അതിരൂപതയിൽ പത്തു വർഷത്തോളം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള റവ. ഫാ. ലീനോസ് സി. എം. ഐ. സന്യാസവ്രതം നടത്തിയതിൻെറ കനക ജൂബിലി ഈ നവംബർ 17–ാം തീയതി ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമദൈവാലയത്തിൽ വച്ച് സാഘോഷം കൊണ്ടാടപ്പെടുന്നതാണ്. അതുഗാധമായ വിനയം, തീവ്രമായ പരസ്നേഹം, ദൈവത്തിനും സഭയ്ക്കും വേണ്ടി കഷ്ടപ്പെടുവാനുള്ള സന്നദ്ധത—ഇവ ബ. അച്ചൻെറ സൽഗുണങ്ങളിൽ ചിലതു മാത്രമാണ്. ബ. ലീനോസച്ചന് ക്രൈസ്തവകാഹളം സകല മംഗളങ്ങളും സസന്തോഷം നേർന്നുകൊള്ളുന്നു.

---

## തിരുവനന്തപുരം അതിരൂപത

# 1965–ലെ മിഷ്യൻസൺഡേ പിരിവ്

| | | രൂ. | സ. |
|---|---|---|---|
| 1. | സെൻറ മേരീസ് കത്തീഡ്രൽ പട്ടം | 167 | 05 |
| 2. | അട്ടതല | 10 | 00 |
| 3. | അട്ടച്ചാക്കൽ | 77 | 71 |
| 4. | ചെങ്ങറ | 21 | 50 |
| 5. | എനാത്ത് | 50 | 00 |
| 6. | കലയപുരം | 70 | 00 |
| 7. | മൈലം | 32 | 00 |
| 8. | മഞ്ചാടിമുക്ക് | 25 | 00 |
| 9. | മഞ്ഞക്കാലാ | 65 | 00 |
| 10. | കോന്നിത്താഴം | 40 | 74 |
| 11. | പൊരിയക്കോട്ട് | 14 | 00 |
| 12. | പുതുശ്ശേരിമല | 12 | 29 |
| 13. | പാണ്ടിത്തിട്ട | 17 | 00 |
| | ആകെ | 602 | 29 |

(തുടരും)

വന്നുചേർന്നിരിക്കുന്നു.

**ആകർഷകമായ കാർഡുകൾ**

**ക്രിസ്തുമസ്സിൻെറയും നവവത്സരത്തിൻെറയും**

സന്ദേശങ്ങൾ അടങ്ങിയ ഈ കാർഡുകൾ സ്നേഹിതന്മാർക്കയയ്ക്കുക

ഇന്ത്യയിലും വിദേശങ്ങളിലും നിർമ്മിതമായ വിവിധ ഡിസൈനുകളിലുള്ള ഈ കാർഡുകൾക്ക് (6″ × 4″, four fold) ഒന്നിനു വില 25 സ. മാത്രം

പോസ്റ്റേജ് സൗജന്യം.

നവംബർ 30 വരെ മാത്രമേ ഓർഡറുകൾ സ്വീകരിക്കുകയുള്ളു. പത്തെണ്ണത്തിൽ കുറഞ്ഞ ഓർഡറുകൾ സ്വീകരിക്കുന്നതല്ല.

ഉടൻ അപേക്ഷിക്കുക:–

മാനേജർ, സെൻറ മേരീസ് പ്രസ്സ്, പട്ടം തിരുവനന്തപുരം–4.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*